
# കുടുംബജ്യോതി 2026

SINCE 1982

മെയ് · പുസ്തകം 44 · ലക്കം 5

ചങ്ങനാശേരി അതിരൂപതാ കുടുംബ പ്രസിദ്ധീകരണം



## മണ്ണിലിറങ്ങിയ മാലാഖമാർ

## തമ്പുരാൻ തുന്നിയ സ്വപ്നങ്ങൾ

## FCRA: കവചമോ അതോ കൈവിലങ്ങോ?

## AI വിസ്മയങ്ങൾ: സൗജന്യമല്ല ഈ സൗന്ദര്യം!

# content | ഉള്ളടക്കം


**ചീഫ് എഡിറ്റർ**
ഫാ. ജോണിക്കുട്ടി തറക്കുന്നേൽ
ഫോൺ: 8606612262

**മാനേജിംഗ് എഡിറ്റർ**
ഡോ. ജോസഫ് പാറയ്ക്കൽ

**സർക്കുലേഷൻ മാനേജർ**
ജോസി ജോസഫ് ആലഞ്ചേരി
ഫോൺ: 8921677078

**ആശയം, രൂപകല്പന.**
കിളിക്കൂട്, ആലപ്പുഴ

**അക്ഷരവിന്യാസം.**
മനോജ് വർഗീസ്

**മുദ്രണം.** സെന്റ് ജോസഫ്സ്
ഓർഫനേജ് പ്രസ്, ചങ്ങനാശേരി
ഫോൺ: 0481 2410101






Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.


ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ


അഭിപ്രായങ്ങളും രചനകളും
അയക്കാനുള്ള വിലാസം
chiefeditor.kj@gmail.com
9633008272

| | | |
|---|---|---|
| വില (ഒറ്റപ്രതി) | - | ₹ 25 |
| ഒരുവർഷത്തേക്ക് | - | ₹ 250 |
| തപാലിൽ ലഭിക്കാൻ | - | ₹ 300 |

To subscribe Kudumbajyothi
Whatsapp 'sub' to 9633008272
www.kudumbajyothis.com
kudumbajyothi1982@gmail.com
Like Kudumbajyothi@kudumbajyothi





06 **തമ്പുരാൻ തുന്നിയ സ്വപ്നങ്ങൾ**
എലിസബത്ത് വർഗീസ്





11 **മണ്ണിലിറങ്ങിയ മാലാഖമാർ**
ഡോ. സിസി ജോസ്

15 **FCRA: കവചമോ അതോ കൈവിലങ്ങോ?**
നിഷ സോമൻ തെറ്റയിൽ

23 **അമ്മയ്ക്കായി വിടരേണ്ട മേയ് മാസപ്പൂക്കൾ**
ടി. ദേവപ്രസാദ്





27 **പാത്മോസ്: വെളിപാടുകളുടെ ഗുഹയിലേക്ക്**
ഡോ. ജോജിൻ ഇലഞ്ഞിക്കൽ





33 **AI വിസ്മയങ്ങൾ: സൗജന്യമല്ല ഈ സൗന്ദര്യം!**
കുട്ടിച്ചായന്റെ കുറിപ്പുകൾ





42 **പള്ളിച്ചട്ടമ്പി അഥവാ പ്രൊപ-ഗുണ്ട"**
ഫാ. മിന്റോ മൂന്നുപറയിൽ


## സ്ഥിരംപംക്തികൾ


04 **നമ്മുടെ ആത്മകഥയിലെ നശിക്കാത്ത യുദ്ധങ്ങൾ**
*ജോസ് ആൻഡ്രൂസ്*

39 **നഷ്ടപ്പെടുത്തിയതിനെ ശേഖരിക്കുക**
*ബോബി ജോസ് കട്ടിക്കാട്*

46 **ഉത്തമകുടുംബം പരിശീലിക്കേണ്ട മൂല്യങ്ങൾ**
*റവ. ഡോ. തോമസ് വള്ളിയാനിപ്പുറം*

50 **ദൈവവും ദൈവദൂതരും!**
*ജെ. മണക്കുന്നേൽ*



കുടുംബജ്യോതി
ചങ്ങനാശേരി അതിരൂപതാ
കുടുംബ പ്രസിദ്ധീകരണം
പുസ്തകം 44 ലക്കം 05

Poomugham
പൂമുഖം

# നമ്മുടെ ആത്മകഥയിലെ നശിക്കാത്ത യുദ്ധങ്ങൾ



ജോസ് ആൻഡ്രൂസ്

**നാം വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന 'നശിക്കാത്ത യുദ്ധങ്ങളെ'ക്കുറിച്ചാണ് ഇവിടെ പറയുന്നത്. ശിക്ഷിക്കപ്പെടാത്ത യുദ്ധക്കുറ്റവാളികളായി നാം വിലസുന്നതിന്റെ ചരിത്രം.**

എല്ലാവരും യുദ്ധത്തെക്കുറിച്ചു വാതോരാതെ പറയുകയാണ്. സ്ഥിരം ചർച്ചക്കാരായ രാഷ്ട്രീയക്കാർ മാത്രമല്ല, വീട്ടമ്മമാരും തൊഴിലുറപ്പുകാരും കള്ളുകുടിയന്മാരുമൊക്കെ ചേരിതിരിഞ്ഞ് അമേരിക്കയെയും ഇറാനെയുമൊക്കെ ഭള്ള് പറയുന്നു. കാരണം, അവരു വിചാരിച്ചാലേ ഈ യുദ്ധം നശിക്കൂ. പക്ഷേ, നാം വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന 'നശിക്കാത്ത യുദ്ധങ്ങളെ'ക്കുറിച്ചാണ് ഇവിടെപ്പറയുന്നത്. ശിക്ഷിക്കപ്പെടാത്ത യുദ്ധക്കുറ്റവാളികളായി നാം വിലസുന്നതിന്റെ ചരിത്രം.

## ചെറിയൊരു ആമുഖം

ഇതെഴുതുമ്പോൾ അമേരിക്ക-ഇറാൻ യുദ്ധം രൂക്ഷമായി തുടരുകയാണ്. നിങ്ങളിതു വായിക്കുമ്പോഴും അതു തുടരുകയാവാം, അല്ലെങ്കിൽ തീർന്നിട്ടുണ്ടാകും. യുദ്ധം സമൂഹമാധ്യമങ്ങളിലെ പരിക്കേൽക്കാത്ത ഒരു ഗെയിമാണെന്നു കരുതിയിരുന്ന ഒത്തിരിപ്പേർ, പെട്ടെന്നൊരു ദിവസം യുദ്ധം വേണ്ടെന്ന പക്ഷക്കാരായി. കാരണം, വീട്ടിലെ പാചകവാതകം തീർന്നുപോയി. പുതിയതു ബുക്ക് ചെയ്തിട്ടുണ്ടെങ്കിലും കിട്ടുന്നില്ല. ഹോർമുസ് എന്ന കപ്പൽപ്പാത ഇറാൻ അടച്ചതാണു കാരണം. ഇന്ത്യയിലേക്ക് ഉൾപ്പെടെയുള്ള ഇന്ധനത്തിന്റെ 20 ശതമാനവും ഹോർമുസിലൂടെയാണ് കപ്പലിലെത്തുന്നത്. പിന്നാലെ, ഹോട്ടൽ ഭക്ഷണം, മരുന്ന്, വളം, നിർമ്മാണ സാമഗ്രികൾ, ടിവി, മൊബൈൽ, എസി... എല്ലാത്തിനും വില കൂടി. നമുക്കിപ്പോൾ യുദ്ധം എങ്ങനെയെങ്കിലുമൊന്നു തീർന്നാൽ മതിയെന്നായി. അതായത്, നമ്മുടെ കഞ്ഞികുടി മുട്ടിക്കുന്ന, സുഖങ്ങൾക്കു കുറവുവരുത്തുന്ന യുദ്ധങ്ങളൊന്നും നമുക്കു താൽപര്യമില്ല. അമേരിക്കയെയും ഇറാനെയുമൊക്കെ യുദ്ധക്കൊതിയന്മാരെന്ന് നാം സംശയലേശമെന്യേ വിളിക്കുന്നു. ശരിയാവാം. പക്ഷേ, നാം പങ്കെടുക്കുന്നതും, എന്നാൽ ആണവായുധമില്ലാത്തതിനാൽ സർവനാശമുണ്ടാക്കാത്തതുമായ ചില യുദ്ധങ്ങളെക്കുറിച്ച് നാം ചിന്തിക്കാറുമില്ല. കാര്യം പെട്ടെന്നു മനസ്സിലാക്കാൻ



കെ.എം. അബ്ദുൾ ഗഫൂർ രചിച്ച്, സമൂഹമാധ്യമങ്ങളിൽ പ്രചരിച്ച 'യുദ്ധം' എന്ന ചെറുകവിത സഹായിക്കും:

***നമ്മൾ വലുതായ യുദ്ധം***

*"അറിയാതെ പന്തുതട്ടി ചില്ലു പൊട്ടിയതിനു തല്ലുന്ന*
*കറിയിൽ ഉപ്പു കൂടിയതിനു പാത്രം വലിച്ചെറിയുന്ന*
*വൈകിവന്നതിനു വാതിൽ വലിച്ചടയ്ക്കുന്ന*
*തേക്കിൻകുറ്റിയുടെ അവകാശത്തർക്കത്തിൽ*
*അയൽക്കാരനെ തെറി വിളിക്കുന്ന*
*ഒരു കൊടിക്കാലിന്റെ പേരിൽ*
*എതിർപാർട്ടിക്കാരനെ വെട്ടിക്കൊല്ലുന്ന*
*നമ്മൾ ചോദിക്കുന്നു, എന്തിനാണ് ഈ യുദ്ധം?*
*നമ്മൾ വലുതായതാണ് യുദ്ധം."*

ഈ കവിത നമ്മുടെ വീട്ടിലിരുന്ന് വിപുലീകരിക്കാവുന്നതാണ്. നമ്മുടെ യുദ്ധം എന്തിനാണെന്ന് നമുക്കേ അറിയാവൂ. അതുതുടങ്ങിയത് എന്നാണെന്ന്, എത്ര പഴക്കമുണ്ടെന്ന്, എത്രപേർ പരിക്കേറ്റ് ഇപ്പോഴും കിടപ്പുണ്ടെന്ന്, എത്രപേർ കൊല്ലപ്പെട്ടെന്ന്, എത്രപേരെ ജീവനൊടുക്കാൻ പറഞ്ഞുവിട്ടെന്ന്, എത്രപേർ തിരിച്ചു യുദ്ധത്തിനിറങ്ങിയെന്ന്... മറ്റാർക്കും കണ്ടെത്താനാകില്ല. തീർന്നില്ല, 21-ാം നൂറ്റാണ്ടിലെ പുതിയ യുദ്ധമുഖം സമൂഹമാധ്യമങ്ങളിലാണ്. നമ്മുടെ ചില്ലുകളൊന്നും പൊട്ടിക്കാത്ത, അപരിചിതരായ എത്രയോ മനുഷ്യരോടാണ് നാം യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത്. എത്ര മനുഷ്യരെയും അവരുടെ കുടുംബാംഗങ്ങളെയും വേദനിപ്പിച്ചു, എത്രയോ മനുഷ്യരെ വിവസ്ത്രരാക്കി, എത്രയോ നുണബോംബുകൾ നമ്മുടെ അക്കൗണ്ടിൽനിന്നു വിതരണം ചെയ്തുകഴിഞ്ഞു... എന്നിട്ടും ഒരുളുപ്പുമില്ലാതെ ചോദിക്കുകയാണ് - ഇവർക്കൊക്കെ എന്തിന്റെ കേടാണ്, എന്തിനാണീ യുദ്ധം?

ഏതാനും ദിവസങ്ങൾക്കുമുമ്പ്, കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളജിലെ നിതിൻ എന്ന ഡെന്റൽ വിദ്യാർഥി ജീവനൊടുക്കിയതിന്റെ കാരണങ്ങൾ ഇതെഴുതുമ്പോഴും പോലീസ് സ്ഥിരീകരിച്ചിട്ടില്ല. രണ്ടു കാരണങ്ങളുണ്ടാകാം. ഒന്ന്, ഓൺലൈൻ വായ്പക്കാരുടെ ഭീഷണി. ആ കൊള്ളപ്പലിശക്കാർ ദിവസങ്ങളായി നിതിനുമായി യുദ്ധത്തിലായിരുന്നു. സമാന്തരമായി അധ്യാപകരിൽ ചിലർ നിതിനുമായി മറ്റൊരു യുദ്ധം പ്രഖ്യാപിച്ചിരുന്നു. ജാതി വെറിയുടെ നൂറ്റാണ്ടു പഴക്കമുള്ള സവർണ്ണ യുദ്ധത്തിന്റെ പിൻമുറക്കാരനായിരുന്നു ഒരാൾ. ദളിതനായിരുന്ന നിതിനെ അയാൾ ഒരു വേട്ടക്കാരനെപ്പോലെ പിന്തുടർന്നു. രണ്ടു യുദ്ധങ്ങളിലും തോൽക്കുമെന്നായപ്പോഴാകാം, പ്രിൻസിപ്പലിന്റെ മുറിയിൽനിന്നു കരഞ്ഞുകൊണ്ടിറങ്ങിയ ആ വിദ്യാർഥി ഓടിപ്പോയി കോളജിന്റെ മുകളിലെ ടെറസ്സിൽനിന്നു ചാടി ജീവനൊടുക്കിയത്.

ഇവരൊക്കെ എന്തു മനുഷ്യരാണെന്ന് നമ്മൾ ക്രൈസ്തവരും ചോദിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ദളിത് ക്രൈസ്തവരെ പലരും ഇപ്പോഴും മഴയത്തു നിർത്തിയിരിക്കുകയാണ്. അതേ, മറ്റുള്ളവരുടെ യുദ്ധങ്ങളെ മാത്രമാണ് നാം ആ പേരിട്ടു വിളിക്കുന്നത്.

## എന്റെ യുദ്ധം

ധൈര്യമുള്ളവർക്ക് ഇന്ന് ഈ ചോദ്യം സ്വയം ചോദിക്കാം. ഞാൻ ഇപ്പോൾ ഏതു യുദ്ധത്തിലാണ്? എന്തിനാണതു തുടരുന്നത്? നമ്മുടെ യുദ്ധമേഖല കണ്ടുപിടിക്കാം. പശ്ചാത്തപിക്കാൻ മനസ്സുണ്ടെങ്കിൽ യുദ്ധത്തിൽനിന്നു സമാധാനത്തിലേക്കു നടക്കാം. നമുക്കുപോലും തിരിച്ചറിയാൻ കഴിയാതിരുന്ന, ഉള്ളിലൊളിച്ചിരുന്ന ആ വികലവ്യക്തിത്വത്തെ യുദ്ധവിരാമത്തിന്റെ മേശയിലെത്തിക്കാം. വാൾ അതിന്റെ ഉറയിലിടുമെന്നും ഇനിയാരെയും കൊല്ലില്ലെന്നും ആത്മാവിലൊരു ഒപ്പിടാം.

ഈ ലോകത്തിലെ യുദ്ധങ്ങളൊന്നും തീർക്കാൻ നമുക്കു കഴിഞ്ഞെന്നു വരില്ല. പക്ഷേ, നമ്മൾ തുടങ്ങിയത് നമുക്കവസാനിപ്പിക്കാം; മനസ്സുണ്ടെങ്കിൽ. യുദ്ധം രണ്ടു രാജ്യങ്ങൾ തമ്മിലോ ശത്രുക്കളായ രണ്ടു മനുഷ്യർ തമ്മിലോ ആകാം. പക്ഷേ, ഒരു മനുഷ്യൻ മാത്രം വിചാരിച്ചാലും നിസ്സഹായരായ മനുഷ്യർക്കെതിരേ യുദ്ധം പ്രഖ്യാപിക്കാം.

യുദ്ധവും സമാധാനവും എന്ന നോവലിൽ ടോൾസ്റ്റോയ് പറയുന്നുണ്ട്: "മനുഷ്യജീവിതത്തെ യുക്തിയാൽ ഭരിക്കാൻ കഴിയുമെന്ന് നമ്മൾ സമ്മതിച്ചാൽ, ജീവിതത്തിന്റെ എല്ലാ സാധ്യതകളും നശിപ്പിക്കപ്പെടും."

യുദ്ധം വേണ്ടെന്നു വയ്ക്കുന്നവർ അതിങ്ങനെ മാറ്റിയെഴുതും: "മനുഷ്യജീവിതത്തെ സ്നേഹത്താലും സഹിഷ്ണുതയാലും ഭരിക്കാൻ കഴിയുമെന്ന് നമ്മൾ സമ്മതിച്ചാൽ ജീവിതത്തിന്റെ എല്ലാ സാധ്യതകളും പുനഃസ്ഥാപിക്കപ്പെടും." യുദ്ധത്തിൽനിന്നു സമാധാനത്തിലേക്ക് മറ്റൊരു വഴിയുണ്ടെങ്കിൽ പറഞ്ഞുതരിക.

○

അഭിമുഖം



# തമ്പുരാൻ തുന്നിയ സ്വപ്നങ്ങൾ



## എം. ലോഫ്റ്റിന്റെയും ജോയലിന്റെയും വിജയഗാഥ





എലിസബത്ത് വർഗീസ്

**ഡോ**ക്ടറാകാൻ ആഗ്രഹിച്ച ഒരു യുവാവ് വസ്ത്രവ്യാപാര രംഗത്തെ സംരംഭകനായി മാറിയത് യാദൃശ്ചികതയല്ല. പരിമിതികളെ അതിജീവിച്ച്, കുടുംബത്തെ നെഞ്ചോട് ചേർത്ത്, വിശ്വാസത്തിൽ അടിയുറച്ചു മുന്നേറുന്ന 'എം. ലോഫ്റ്റി'ന്റെ ഉടമ ജോയൽ ജേക്കബ് മാത്യുവിന്റെ ജീവിതാനുഭവങ്ങളിലൂടെ...

### വസ്ത്രലോകത്തെ വിസ്മയം: എം-ലോഫ്റ്റ്

ചങ്ങനാശേരിയുടെ മണ്ണിൽ നിന്നാണ് എം. ലോഫ്റ്റിന്റെ തുടക്കം. പ്രീമിയം ക്വാളിറ്റിയുള്ള വസ്ത്രങ്ങളോ സാരികളോ മിതമായ ബജറ്റിൽ സ്വന്തമാക്കുക എന്നത് നമ്മുടെയെല്ലാം വലിയൊരു ആഗ്രഹമാണ്. പ്രത്യേകിച്ച്, നമ്മുടെ വിവാഹ ദിവസം ഏറ്റവും മനോഹരമായി ഒരുങ്ങിയിറങ്ങാൻ നമ്മൾ ആഗ്രഹിക്കാറുണ്ട്. ഒരു മിഡിൽ ക്ലാസ് കുടുംബത്തിൽ ജനിച്ചു വളർന്നതുകൊണ്ടുതന്നെ, ക്വാളിറ്റി ഫാഷൻ കുറഞ്ഞ ചിലവിൽ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് 'എം. ലോഫ്റ്റി'ലൂടെ ഞങ്ങൾ ലക്ഷ്യമിട്ടത്. സബ്യസാചി പോലെയുള്ള വമ്പൻ ഡിസൈനർമാരുടെ വസ്ത്രങ്ങൾ, പലപ്പോഴും നമുക്ക് അപ്രാപ്യമായി തോന്നാം. എന്നാൽ, ഓരോ വധുവിന്റെയും സങ്കൽപ്പത്തിനനുസരിച്ച് അവ കസ്റ്റമൈസ് ചെയ്തു നൽകുക എന്നതിലാണ് ഞങ്ങൾ ശ്രദ്ധിക്കുന്നത്. ഇന്ന് ചങ്ങനാശേരിയിൽ മാത്രമല്ല, ദക്ഷിണ




കേരളത്തിലെ പലയിടങ്ങളിൽ നിന്നും ആളുകൾ ഞങ്ങളെ തേടി വരാറുണ്ട്.

## വൈദ്യശാസ്ത്ര പഠനത്തിൽ നിന്നും സംരംഭകത്വത്തിലേക്ക്

ജീവിതത്തിൽ എല്ലാം കൃത്യമായി പ്ലാൻ ചെയ്തു നീങ്ങുന്ന ഒരാളല്ല ഞാൻ. ചെറുപ്പം മുതലേ ഡോക്ടറാവുക എന്നതായിരുന്നു എന്റെ ആഗ്രഹം. എന്നാൽ, പഠിക്കാൻ കഴിവില്ലാത്തതുകൊണ്ടല്ല, മറിച്ച് ദൈവത്തിന് എന്നെക്കുറിച്ച് മറ്റൊരു പദ്ധതി ഉണ്ടായിരുന്നതുകൊണ്ട്, ഒരു ഘട്ടത്തിൽ ആ പഠനത്തിൽനിന്നും എനിക്കു പിന്മാറേണ്ടിവന്നു. തമ്പുരാന്റെ ആ ഇഷ്ടത്തിന് ഞാൻ വിധേയപ്പെട്ടു. ബിഡിഎസ് നിർത്തി ഞാൻ ബിബിഎയ്ക്കു ചേർന്നു മുന്നോട്ട് പോയപ്പോൾ, മനസ്സ് ഒരുതരം ഡിപ്രഷനിലേക്ക് പോകുന്നുവെന്ന് എനിക്കു തോന്നി. ആ സമയത്താണ് സ്വന്തമായി ഒരു ബിസിനസ്സ് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിച്ചത്. പല ആശയങ്ങളും മനസ്സിലൂടെ കടന്നുപോയെങ്കിലും, ഒടുവിൽ എത്തിച്ചേർന്നത് സ്ത്രീകളുടെ വസ്ത്ര വിപണിയിലായിരുന്നു.

തുടക്കത്തിൽ നിരവധി പരിഹാസങ്ങളും പ്രതിസന്ധികളും നേരിടേണ്ടി വന്നു. വളരെ ആത്മാർത്ഥതയോടും സത്യസന്ധതയോടുംകൂടി ഈ മേഖലയിൽ പ്രവർത്തിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. ദൈവകൃപയാൽ ഇന്ന് എല്ലാവർക്കും പ്രിയപ്പെട്ട ഒന്നായി ഈ സംരംഭം മാറിയതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു.

## കുടുംബം

ഞാൻ എന്നും ഒരു 'ഫാമിലി മാൻ' ആണ്. എന്റെ ലോകം എപ്പോഴും കുടുംബവുമായി ബന്ധപ്പെട്ടതാണ്. 'വാത്സല്യം', 'വല്യേട്ടൻ' പോലുള്ള സിനിമകളെ സ്നേഹിക്കുന്ന ഒരു 90's കിഡ് ആണ് ഞാൻ. അതുകൊണ്ടുതന്നെ എനിക്ക് കുടുംബം ഏറ്റവും പ്രധാനപ്പെട്ടതാണ്. കുടുംബത്തോടുള്ള ഉത്തരവാദിത്തം ചെറുപ്പം മുതലേ എന്റെ അമ്മ എന്നിൽ വളർത്തിയ കാര്യമാണ്. ഒരുദാഹരണം പറഞ്ഞാൽ, പെങ്ങളെ നോക്കാനുള്ള ചുമതല ചെറുപ്പം മുതലേ എന്നെയാണ് ഏൽപ്പിച്ചത്. അവളുടെ ഓരോ ചെറിയ കാര്യവും കൂടെനിന്ന് ചെയ്തിരുന്നത് ഞാനാണ്.

അപ്പൻ വിദേശത്തായിരുന്നതുകൊണ്ട്, അപ്പന്റെ അധ്വാനത്തിന്റെ മൂല്യവും പ്രസക്തിയും അമ്മ എപ്പോഴും പറഞ്ഞുതരുമായിരുന്നു. അതുകൊണ്ടുതന്നെ പെങ്ങളെ നന്നായി പഠിപ്പിക്കുക എന്നതും അവളുടെ കാര്യങ്ങൾ നോക്കുക എന്നതും എന്റെ വലിയൊരു ലക്ഷ്യമായിരുന്നു. അവളെ ഏറ്റവും മികച്ച ഒരു യൂണിവേഴ്സിറ്റിയിൽ അയച്ച് പഠിപ്പിക്കാൻ സാധിച്ചു എന്നതിലാണ് ഞാൻ ഇന്ന് ഏറ്റവും കൂടുതൽ അഭിമാനിക്കുന്നത്.

## ഹോബികൾ

വളരെ സാധാരണമായ രീതിയിൽ ജീവിക്കാൻ ആഗ്രഹിക്കുന്ന ഒരാളായതുകൊണ്ട് തന്നെ, കൂട്ടുകാരും കുടുംബവുമാണ് എന്റെ പ്രധാന സന്തോഷം.



പിന്നെ 'സാരി'യാണ് എന്റെ ഏറ്റവും വലിയ ഹോബി. ഞാൻ ചെയ്യുന്ന ഈ ബിസിനസ്സ് എനിക്ക് ഒരിക്കലും ഒരു മടുപ്പായി തോന്നിയിട്ടില്ല. അത്രത്തോളം ആസ്വദിച്ചു ചെയ്യുന്നതുകൊണ്ട്, ഈ ജോലിതന്നെയാണ് എന്റെ ഏറ്റവും വലിയ ഹോബിയും.

## ദൈവവും ഞാനും

സംഘടനാജീവിതവും മതബോധന ക്ലാസുകളും എന്റെ വിശ്വാസജീവിതത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അതിലുപരിയായി, വീട്ടിൽനിന്ന് എനിക്കുലഭിച്ച പരിശീലനം വളരെ വലുതാണ്. ഞാൻ രണ്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് അമ്മ സൗദിയിൽനിന്ന് തിരികെ നാട്ടിലെത്തുന്നത്. അന്നുമുതൽ, രാവിലെ ഉണരുമ്പോൾ 'പുലരിയിൽ നിദ്ര ഉണർന്നങ്ങേ...' എന്ന പ്രാർഥനയിൽ തുടങ്ങി, ബൈബിൾ വായനയും കുടുംബ പ്രാർഥനയും, സാധിക്കുന്ന ദിവസങ്ങളിലെല്ലാം വിശുദ്ധ കുർബാനയിലുള്ള പങ്കാളിത്തവും എന്റെ ശീലമായി. അങ്ങനെ പ്രാർഥനയിൽ അധിഷ്ഠിതമായ ഒരു ജീവിതം നയിക്കാൻ അമ്മയെന്നെ സഹായിച്ചിരുന്നു.

മിഷൻലീഗിൽ അംഗമായും സൺഡേ സ്കൂളിൽ ലീഡറായും, അതിനുശേഷം യുവദീപ്തിയിലും സജീവമായിരുന്നു. ഇടവകയുമായി ചേർന്നുനിന്നുള്ള ആ പ്രവർത്തനങ്ങളിലെല്ലാം തമ്പുരാന്റെ സ്നേഹം എനിക്കനുഭവിക്കാൻ സാധിച്ചിട്ടുണ്ട്.

ഈശോയുമായി അഗാധമായ ഒരു വ്യക്തിബന്ധം സൃഷ്ടിക്കാൻ എന്റെ സ്കൂൾ ജീവിതം എന്നെ ഒരുപാടു സഹായിച്ചു എന്നുപറയാം. സത്യത്തിൽ സ്കൂളിൽ പഠിക്കുമ്പോൾ എനിക്കധികം കൂട്ടുകാർ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ സ്കൂളിനോടു ചേർന്നുള്ള പള്ളിയിൽ ഞാൻ ഒരുപാടു സമയം ചെലവഴിക്കാറുണ്ടായിരുന്നു.

പ്രാർത്ഥനയോടെയാണ് 'എം. ലോഫ്റ്റിലെ' ഓരോ ദിവസവും ആരംഭിക്കുന്നത് ഒരു ബൈബിൾ വചനം സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തുകൊണ്ടാണ് ഞങ്ങൾ തുടങ്ങുന്നതുതന്നെ. ഇതൊരു മാർക്കറ്റിംഗ് സ്ട്രാറ്റജിയല്ല, മറിച്ച് ദൈവത്തോടുള്ള എന്റെ നന്ദി പ്രകാശനമാണ്.

ഇത്രയെങ്കിലും ഞാൻ ചെയ്തില്ലെങ്കിൽ, അത് ദൈവസ്നേഹത്തെ നിന്ദിക്കുന്നതു പോലെയാകുമെന്ന് ഞാൻ കരുതുന്നു. തിരുവനന്തപുരം ഷോറൂമിൽ എത്തിച്ചേരുന്ന ചില ഹൈന്ദവർ ബൈബിൾ വചനം കാണുന്നതിനായി ഞങ്ങളുടെ ഇൻസ്റ്റാഗ്രാം പേജിന്റെ സ്റ്റോറികൾ എടുത്തുനോക്കാറുണ്ടെന്ന് പലപ്പോഴും പറയാറുണ്ട്. ഇതെനിക്കു സാധിക്കുന്ന ചെറിയ രീതിയിലുള്ള വിശ്വാസ പ്രഘോഷണമായി ഞാൻ കരുതുന്നു.

## നേരിട്ട വെല്ലുവിളികൾ

മറ്റുസമുദായങ്ങളെ അപേക്ഷിച്ച്, ക്രൈസ്തവർക്ക് ബിസിനസ്സ് വളർച്ചയ്ക്കായുള്ള വേദികൾ കുറവാണെന്ന് എനിക്കുതോന്നിയിട്ടുണ്ട്. അതുപോലെതന്നെ, മുനിസിപ്പാലിറ്റിയിലോ മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളിലോ ചെന്ന്, അനുവാദങ്ങളോ ലോൺ സംബന്ധമായ കാര്യങ്ങളോ ശരിയാക്കിയെടുക്കുക എന്നതും വലിയൊരു ബുദ്ധിമുട്ടാണ്. ഇതൊക്കെയാണ് തുടക്കത്തിൽ നേരിട്ട പ്രധാന വെല്ലുവിളികൾ.

ഇനി ഇതൊക്കെ അതിജീവിച്ച് ബിസിനസ്സ് ഒരു നല്ല നിലയിലേക്ക് എത്തുമ്പോൾ, പരമ്പരാഗതമായി ഈ രംഗത്തുള്ളവർ നമുക്കു തടസ്സങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നത് മറ്റൊരു പ്രതിസന്ധിയാണ്. കൂടാതെ, തൊഴിലാളികളുടെ ലഭ്യതക്കുറവും പെട്ടെന്നുണ്ടാകുന്ന അത്യാവശ്യകാര്യങ്ങളും മാനേജ് ചെയ്യുന്നതും വെല്ലുവിളി തന്നെയാണ്.

എന്നാൽ, ഈ വെല്ലുവിളികൾക്കിടയിലും മറ്റുള്ളവർക്കു ജോലി നൽകാൻ കഴിയുന്നതും, സാമ്പത്തികമായി വളരുന്നതും, നമ്മുടെ സംരംഭം

കൂടുതൽ ആളുകളിലേക്ക് എത്തുന്നതും കാണുമ്പോൾ ഈ കഷ്ടപ്പാടുകളെല്ലാം മനോഹരമായി തോന്നും. ബിസിനസ്സിൽ റിസ്ക് എലമെന്റുകൾ എപ്പോഴും കൂടുതലായിരിക്കും. അപ്രതീക്ഷിത സാഹചര്യങ്ങളിൽ കൃത്യതയോടെ ഇടപെടാൻ ബിസിനസ്സിലേക്ക് കടന്നുവരുന്ന യുവജനങ്ങൾ പരിശീലിക്കേണ്ടതുണ്ട്.

## ജീവിതപങ്കാളി

മരിയ എനിക്ക് നൂറ്റൊന്നുശതമാനം നല്ലൊരു പാർട്ണറാണ്. അതിലുപരി അവൾ നല്ലൊരു മകളും സഹോദരിയുമാണ്. വിവാഹത്തിന്റെ ആദ്യ നാളുകളിൽ എന്റെ ബിസിനസ്സ് ജീവിതവുമായി പൊരുത്തപ്പെടാൻ അവൾക്ക് ചെറിയ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. എന്നാൽ, പിന്നീട് എല്ലാ കാര്യങ്ങളും ഏറ്റവും കൃത്യതയോടെയും പക്വതയോടെയും കൈകാര്യം ചെയ്യാൻ അവൾക്കായി.

'Once a businessman, always a businessman' എന്നുവിശ്വസിക്കുന്ന ഒരാളാണ് ഞാൻ. നമ്മുടെ ബിസിനസ്സിൽ ഏതു സമയത്തും നമ്മൾ മറുപടി നൽകാൻ ബാധ്യസ്ഥരാണ്. അതുകൊണ്ടുതന്നെ, അതിന്റെ തിരക്കുകൾ എപ്പോഴും ജീവിതത്തിലുണ്ടാകും. അതറിഞ്ഞുകൊണ്ട് എന്റെയൊപ്പം നിന്ന് പ്രവർത്തിക്കുന്ന ആളാണ് എന്റെ പങ്കാളി. ഇന്ന് ഞങ്ങൾ രണ്ടുപേരും ബിസിനസ്സിൽ ഒരുപോലെ സജീവമാണ്. ഞാൻ തിരുവനന്തപുരത്തെ കാര്യങ്ങൾക്കായി പോകുമ്പോൾ ചങ്ങനാശേരിയിലെ കാര്യങ്ങൾ നോക്കുന്നത് 'മാളൂട്ടി'യാണ്. കൂടാതെ ഞങ്ങളുടെ ഡിസൈനർ യൂണിറ്റിന്റെ പൂർണ്ണചുമതലയും അവൾക്കാണ്. കസ്റ്റമേഴ്സിന്റെ ഇഷ്ടങ്ങൾ മനസ്സിലാക്കി കളക്ഷനുകൾ ഒരുക്കുന്നതിൽ ഞങ്ങളിന്ന് ഒരുമിച്ചു പ്രവർത്തിക്കുന്നു. എന്റെ 'best and equal partner'-നെത്തന്നെയാണ് ദൈവം എനിക്കായി നൽകിയത്.

## നിലപാടുള്ള ബിസിനസ്സുകാരൻ

എം. ലോഫ്റ്റിന്റെ സോഷ്യൽ മീഡിയ പേജുകൾ ബൈബിൾ വചനം എഴുതി ആരംഭിക്കണം എന്ന തീരുമാനമെടുത്തപ്പോൾ ഒരുപാടുപേർ എന്നെ എതിർത്തിരുന്നു. അതുപോലെതന്നെ, ഞായറാഴ്ചകളിൽ അവധിനൽകി സാബത്ത് ആചരിക്കണം എന്ന കാര്യത്തിലും എനിക്കു നിർബന്ധമുണ്ടായിരുന്നു. ഇന്നും മാറ്റമില്ലാതെ അത് തുടർന്നുപോകുന്നു.

ബിസിനസ്സ് എന്ന നിലയിൽ വരുമാനം പ്രധാനമാണെങ്കിലും സാധിക്കുന്നിടത്തോളം ഞായറാഴ്ചകൾ തമ്പുരാനുവേണ്ടി മാറ്റിവെക്കാൻ ഞാൻ പരിശ്രമിക്കാറുണ്ട്. ആ ഒരു നിലപാട് എന്നും





മുന്നോട്ട് കൊണ്ടുപോകണമെന്നാണ് എന്റെ ആഗ്രഹം. തിരുവനന്തപുരത്തെ ഷോപ്പിലെ കാര്യം എടുത്താൽ, അവിടെ ജോലിക്കാരും കസ്റ്റമേഴ്സും ഭൂരിഭാഗവും മറ്റുമതസ്ഥരാണ്. സോഷ്യൽ മീഡിയയിലൂടെ ഞങ്ങളെ പിന്തുടരുന്ന ബൈബിൾ വചനം കാണാനായി ഞങ്ങളുടെ പേജ് ഫോളോ ചെയ്യുന്നു എന്നു കേൾക്കുന്നത് വലിയ സന്തോഷമാണ്. ഒരു ഡിസൈനർ ഷോപ്പ് എന്നതിലുപരി വചനപ്രഘോഷണത്തിനുള്ള വേദികൂടിയായി ഞങ്ങളുടെ ഇൻസ്റ്റഗ്രാം പേജ് മാറുന്നു.

### എന്റെ ഹീറോ

അപ്പനാണ് എന്നും എന്റെ ഹീറോ. അപ്പൻ എന്നും ഒരു നല്ല മകനായിരുന്നു; അപ്പൻ ചാച്ചനോട് ഒരു വാക്കുപോലും എതിർത്തു സംസാരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. അതുപോലെതന്നെ, അപ്പൻ നല്ലൊരു ഭർത്താവാണ്. വിദേശത്ത് അധ്വാനിച്ചുണ്ടാക്കുന്ന പണം കൃത്യമായി അമ്മയ്ക്ക് അയച്ചുനൽകും. അമ്മയുടെ കുടുംബത്തെയും സ്വന്തം കുടുംബം പോലെയാണ് അപ്പൻ കരുതിയിരുന്നത്.

എനിക്കു പണം നൽകുന്ന കാര്യത്തിലായാലും, 'ഇത് നിന്റേതാണ്' എന്നൊരു ആത്മവിശ്വാസം അപ്പൻ എനിക്കു നൽകാറുണ്ട്. അപ്പൻ എന്നിലർപ്പിക്കുന്ന ആ വലിയ വിശ്വാസത്തിനു മുന്നിലാണ് ഞാൻ കൂടുതൽ ഉത്തരവാദിത്തമുള്ളവനായി മാറുന്നത്. അപ്പന്റെ മറ്റൊരു വലിയ ഗുണം, ചെറുപ്പം മുതലേ വീട്ടിലെ ഓരോ കാര്യങ്ങൾ തീരുമാനിക്കുമ്പോഴും ഞങ്ങൾ എല്ലാവരോടും അഭിപ്രായം ചോദിക്കുമായിരുന്നു എന്നതാണ്. ഏറ്റവും ഇളയ കുട്ടിയോടുപോലും അഭിപ്രായം ചോദിച്ചശേഷമേ അപ്പൻ തീരുമാനങ്ങൾ എടുക്കുകയുള്ളൂ. അപ്പന്റെ ആ രീതി എന്നെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്.

"എത്ര നേട്ടങ്ങൾ ഉണ്ടായാലും അഹങ്കരിക്കരുത്" എന്ന് അപ്പൻ എപ്പോഴും ഉപദേശിക്കും. ഞാൻ എടുക്കുന്ന റിസ്ക്കുകൾ പരാജയപ്പെട്ടാലും എന്നെ താങ്ങാൻ അപ്പൻ പിന്നിലുണ്ട് എന്ന ഉറപ്പാണ് എന്നെ ഈ നിലയിലേക്ക് വളരാൻ സഹായിച്ചത്. ബിസിനസ്സിൽ ഒരുപാടു വീഴ്ചകൾ ഉണ്ടായപ്പോഴും എന്നെ വിശ്വസിക്കാനും ചേർത്തുനിർത്താനും അപ്പൻ ഉണ്ടായിരുന്നു.

### യുവതലമുറയോട്

ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് വലിയ പ്രാധാന്യമുണ്ട്. നമുക്കു ചുറ്റും എന്തൊക്കെ സുഖസൗകര്യങ്ങൾ ഉണ്ടായാലും, പ്രാർഥനയിൽ അടിയുറച്ചു നിൽക്കാൻ സാധിച്ചാൽ തമ്പുരാൻ നമ്മെ ഉയർത്തും. നമുക്കു ലഭിച്ചിരിക്കുന്ന നന്മകളെ തിരിച്ചറിയണമെങ്കിൽ തമ്പുരാനുമായുള്ള ബന്ധം വളരെ പ്രധാനമാണ്. അതില്ലാത്തപക്ഷം ജീവിതത്തിൽ എന്തുതന്നെ നേടിയാലും യഥാർഥ സന്തോഷവും സമാധാനവും അനുഭവിക്കാൻ നമുക്കു സാധിക്കില്ല.

നീ ഇതുചെയ്യണം, ഇതുചെയ്യരുത് എന്നുപറഞ്ഞ് ലോകം മുഴുവൻ നമ്മെ ഉപേക്ഷിച്ചാലും, കൂടെനിന്നു വഴികാട്ടുന്നത് ദൈവമാണ്. അതുകൊണ്ട് യുവജനങ്ങളോട് എനിക്കു പറയാനുള്ളത് പ്രാർത്ഥനയിലൂടെ തമ്പുരാനുമായി ഒരു വ്യക്തിബന്ധം സൃഷ്ടിക്കുക എന്നതാണ്.

**ദൈവം മാത്രമാണ് നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള ശാശ്വത പരിഹാരം.**

### ഭാവിപദ്ധതികൾ

സത്യത്തിൽ ഒന്നിനെക്കുറിച്ചും മുൻകൂട്ടി പ്ലാൻ ചെയ്തുനീങ്ങുന്ന ഒരാളല്ല ഞാൻ. വരുംകാലങ്ങളിൽ മക്കളുണ്ടാകണം എന്നത് മാത്രമാണ് ഇപ്പോഴുള്ള ആഗ്രഹം.



HAPPY NURSES DAY

# മണ്ണിലിറങ്ങിയ മാലാഖമാർ



ഡോ. സിസി ജോസ്




**2026** മേയ് 12. ലോകം മറ്റൊരു അന്താരാഷ്ട്ര നഴ്സസ് ദിനത്തെ വരവേൽക്കുമ്പോൾ, ആധുനിക ആരോഗ്യരംഗത്തിന്റെ നട്ടെല്ലായ നഴ്സിംഗ് സമൂഹത്തെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ആധുനിക നഴ്സിംഗിന് ശാസ്ത്രീയമായ അടിത്തറയും പ്രൊഫഷണൽ മുഖവും നൽകിയ ഫ്ലോറൻസ് നൈറ്റിംഗേലിന്റെ ജന്മദിനം അന്താരാഷ്ട്ര നഴ്സസ് ദിനമായി നാം ആചരിക്കുമ്പോൾ, ലോകത്തിന്റെ സാമൂഹിക-സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിൽ നഴ്സുമാർ വഹിക്കുന്ന നിസ്തുലമായ പങ്കിനെക്കുറിച്ച് ഗൗരവമായി പുനർചിന്തനം നടത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ വർഷത്തെ നഴ്സസ് ദിനത്തിന്റെ പ്രമേയം തന്നെ "നമ്മുടെ നഴ്സുമാർ. നമ്മുടെ ഭാവി. ശാക്തീകരിക്കപ്പെട്ട നഴ്സുമാർ ജീവൻ രക്ഷിക്കുന്നു" (Our Nurses. Our Future. Empowered Nurses Save Lives) എന്നതാണ്.

## നഴ്സിംഗ്: അറിവിന്റെ ശാസ്ത്രവും പ്രായോഗിക കലയും

നഴ്സിംഗ് വെറുമൊരു തൊഴിലല്ല, മറിച്ച് അതൊരു ശാസ്ത്രവും കലയുമാണ്. ശാസ്ത്രീയമായ പഠനങ്ങളിൽ അധിഷ്ഠിതമായ അറിവും ഓരോ വ്യക്തിയുടെയും സാഹചര്യങ്ങൾക്കനുസരിച്ചു നൽകുന്ന കലാപരമായ പരിചരണവും ചേരുന്നതാണത്. മറ്റേതൊരു പ്രൊഫഷണൽ കോഴ്സിനെയുംപോലെ കൃത്യമായ മാനദണ്ഡങ്ങൾ ഇതിനുമുണ്ട്. ദേശീയ-സംസ്ഥാന നിയന്ത്രണ ബോർഡുകൾ (INC, KNMC) നിശ്ചയിച്ചിട്ടുള്ള കർശനമായ പഠനക്രമങ്ങളും പ്രായോഗിക പരിശീലനങ്ങളും പൂർത്തിയാക്കി പരീക്ഷ ജയിക്കുന്നവർക്കു മാത്രമേ 'നഴ്സ്' എന്ന പദവിക്ക് അർഹതയുള്ളൂ.

ശാരീരികവും മാനസികവും ബൗദ്ധികവുമായ കഠിനാധ്വാനം ആവശ്യമായ ഒന്നാണ് നഴ്സിംഗ് വിദ്യാഭ്യാസം. ഈ പരിശീലന കാലയളവു വിജയകരമായി പൂർത്തിയാക്കാൻ വലിയൊരു സാമ്പത്തിക നിക്ഷേപംകൂടി ആവശ്യമാണ്. ഇന്നു നഴ്സിംഗ് എന്നാൽ കേവലം രോഗീപരിചരണത്തിൽ മാത്രം ഒതുങ്ങുന്നതല്ല; നഴ്സിംഗ് അധ്യാപനം, ഗവേഷണം, അഡ്മിനിസ്ട്രേഷൻ തുടങ്ങിയവയിൽ സംസ്ഥാന-ദേശീയ-അന്തർദേശീയ തലങ്ങളിൽ നമ്മുടെ നഴ്സുമാർ ഇന്ന് തിളങ്ങി നിൽക്കുന്നു. എന്നാൽ, കേരളത്തിലെയും ഇന്ത്യയിലെയും നഴ്സുമാർക്ക് ആഗോള തലത്തിൽ ഇത്രയധികം പ്രശംസ ലഭിക്കുമ്പോഴും, അവരുടെ സേവനം സ്വന്തം നാടിനേക്കാൾ കൂടുതൽ പുറംനാടുകളിലേക്ക് ഒഴുക്കപ്പെടുകയാണ് എന്നത് ഗൗരവമായ വസ്തുതയാണ്.



## ജീവിതം സാക്ഷ്യമാകുന്ന ദൈവവിളി

കേരളത്തിലെ നഴ്സിംഗ് ചരിത്രം പരിശോധിച്ചാൽ, തുടക്കത്തിൽ ഭൂരിഭാഗവും ക്രൈസ്തവ സ്ഥാപനങ്ങളിൽനിന്നാണ് നഴ്സുമാർ പഠിച്ചിറങ്ങിയിരുന്നത്. അവിടെ ശാസ്ത്രീയ പഠനത്തോടൊപ്പം ദൈവശാസ്ത്രംകൂടി പാഠ്യപദ്ധതിയുടെ ഭാഗമായിരുന്നതിനാൽ, രോഗീപരിചരണത്തിൽ വചനാധിഷ്ഠിതമായ ഒരു നിലപാടുകൂടി അവർക്കു ലഭിച്ചിരുന്നു.

നഴ്സിംഗിനെ ഒരു ഉദാത്തമായ 'ദൈവവിളി' (Divine Call) ആയി കാണുന്നവരും, അതിനെ കേവലം ഒരു 'സ്വാഭാവിക വിളി' (Natural Call) ആയി കാണുന്നവരും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ദൈവവിളിയായി ഈ തൊഴിലിനെ സ്വീകരിക്കുന്നവർ, തങ്ങളുടെ രോഗീപരിചരണത്തിൽ സവിശേഷമായ ഒരു സ്പർശം കരുതിവയ്ക്കുന്നു. "ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോഴെല്ലാം എനിക്കു തന്നെയാണ് ചെയ്തത്" (മത്താ. 25:40) എന്നും, "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ. 10:10) എന്നും അരുൾചെയ്ത ജീവനാഥന്റെ ദൗത്യം പൂർത്തിയാക്കാനുള്ള ഉപകരണങ്ങളായി ഇവർ സ്വയം സമർപ്പിക്കുന്നു. സ്വന്തം കുടുംബത്തിനും മക്കൾക്കുംവേണ്ടിയുള്ള സുഖസൗകര്യങ്ങൾപ്പോലും ത്യജിച്ച് നിസ്വാർഥ സേവനത്തിന്റെ പാതയിൽ മുന്നേറുന്ന ഈ സമൂഹം പ്രാർഥനാനിർഭരമായ ഒരു ശുശ്രൂഷയാണ് നിർവഹിക്കുന്നത്.

## സേവനത്തിന്റെ മറവിലെ തൊഴിൽചൂഷണം

നഴ്സിംഗിനെ ഒരു പവിത്രമായ ശുശ്രൂഷയായി കാണുമ്പോഴും, പ്രായോഗിക തലത്തിൽ ഇതൊരു 'തൊഴിൽ' കൂടിയാണെന്ന സത്യം വിസ്മരിക്കാനാവില്ല. ജീവസന്ധാരണത്തിനുള്ള ഒരു ഉപാധിയായി ഈ ജോലിയെ

കാണുന്ന നഴ്സുമാർക്ക് അർഹമായ വേതനവും മാന്യമായ ജീവിതസാഹചര്യങ്ങളും നൽകേണ്ടത് തൊഴിൽദാതാക്കളുടെ കടമയാണ്. ഒരു ആശുപത്രിയുടെ നിലവാരവും പെരുമയും നിലനിർത്തുന്നതിൽ ഭൂരിഭാഗം വരുന്ന നഴ്സുമാരുടെ പങ്ക് എത്രത്തോളമുണ്ടെന്ന് നാം തിരിച്ചറിയണം. കൈയും മെയ്യും മറന്ന് അധ്വാനിക്കുന്ന ഇവരുടെ സേവനമാണ് ഏതൊരു ആരോഗ്യസ്ഥാപനത്തിന്റെയും നട്ടെല്ല്.

എന്നാൽ, നിർഭാഗ്യവശാൽ ഇന്ന് ഈ മേഖലയിൽ വലിയ തോതിലുള്ള ചൂഷണങ്ങൾ നടക്കുന്നുണ്ട്. തൊഴിൽ സാധ്യതകൾ കുറവാണെന്ന ഒഴികഴിവുപറഞ്ഞ്, നഴ്സുമാരുടെ രാവും പകലുമുള്ള അധ്വാനത്തെ കണ്ടില്ലെന്നു നടിക്കുന്നത് ഒട്ടും ഭൂഷണമല്ല. നിശ്ചിത ജോലിസമയം കഴിഞ്ഞും അവരെ പണിയെടുപ്പിക്കുകയും തക്കതായ പ്രതിഫലം നൽകാതിരിക്കുകയും ചെയ്യുന്നത് അനീതിയാണ്. മാന്യമായ വേതനവ്യവസ്ഥകൾക്കായി നഴ്സുമാർക്ക് തെരുവിലിറങ്ങേണ്ടി വരുന്നത് സാമൂഹിക വ്യവസ്ഥിതിയുടെ പരാജയമാണ്. വീട്ടുജോലിക്കാർക്കുപോലും നിശ്ചിതകൂലി ഉറപ്പുവരുത്തുന്ന ഇക്കാലത്ത്, പ്രൊഫഷണൽ യോഗ്യതയുള്ള നഴ്സുമാർക്ക് സമരമുഖത്തു നിൽക്കേണ്ടി വരുന്നത് പരിതാപകരമാണ്.

## കേരളത്തിന്റെ സാമ്പത്തിക നട്ടെല്ലും പ്രവാസത്തിന്റെ വേദനകളും

പതിറ്റാണ്ടുകൾക്കുമുമ്പേ ഇന്ത്യയുടെയും, പ്രത്യേകിച്ച് കേരളത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെ ഗതി മാറ്റുന്നതിൽ സുപ്രധാന പങ്കുവഹിച്ചവരാണ് നഴ്സുമാർ. ഇന്നു നാം കാണുന്ന കേരളത്തിലെ ഭൂരിഭാഗം കുടുംബങ്ങളും സാമ്പത്തിക സുരക്ഷിതത്വം കൈവരിച്ചതിനു പിന്നിലെ പ്രധാന കാരണം നഴ്സുമാരുടെ നിസ്വാർഥമായ പ്രവാസ സേവനമാണ്. പ്രതികൂല കാലാവസ്ഥകളിലും അപരിചിതമായ സാഹചര്യങ്ങളിലും സ്വന്തം ആരോഗ്യത്തെയും ജീവനെയുംപോലും തൃണവൽഗണിച്ച് മറുനാടുകളിൽ അവർ പണിയെടുത്തു. ആ വിയർപ്പിന്റെ ഫലമാണ് കേരളത്തിലേക്ക് ഒഴുകിയ വിദേശനാണ്യം.

നമ്മുടെ രാജ്യത്ത് മികച്ച നഴ്സുമാരുടെ സേവനം വേണ്ടത്ര ലഭ്യമാകാത്തതിന്റെ പ്രധാന കാരണം മാന്യമായ സേവന-വേതന വ്യവസ്ഥകളുടെ അഭാവം തന്നെയാണ്. മികച്ച പരിശീലനം ലഭിച്ചവർ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾതേടി വിദേശങ്ങളിലേക്കു ചേക്കേറാൻ നിർബന്ധിതരാകുന്നു. 2025-26 കാലഘട്ടത്തിലെ കണക്കുകൾ പരിശോധിച്ചാൽ, കേരളത്തിൽനിന്നുള്ള നഴ്സുമാരുടെ പലായനം റെക്കോർഡ് വേഗതയിലാണ് എന്നു ബോധ്യമാകും.



യുകെ, ജർമ്മനി തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള ഈ കുടിയേറ്റം കേരളത്തിന്റെ സാമ്പത്തിക മേഖലയെ ഉണർത്തുന്നുണ്ടെങ്കിലും, നമ്മുടെ ആഭ്യന്തര ആരോഗ്യരംഗത്ത് ഇത് വലിയൊരു പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

സാധാരണ കുടുംബങ്ങളിൽനിന്ന് ഈ മേഖലയിലേക്ക് കടന്നുവരുന്നവരാണ് ഭൂരിഭാഗവും. വലിയ തുകകൾ ബാങ്ക് വായ്പയെടുത്തുംമറ്റും പഠനം പൂർത്തിയാക്കുന്ന ഇവർ, ആ കടബാധ്യതകൾ സ്വന്തം ചുമലിലേറ്റി കുടുംബത്തിന്റെ അത്താണിയായി മാറുന്നു.

## നീതിക്കായുള്ള അവകാശപ്പോരാട്ടങ്ങൾ

വിശുദ്ധ ഗ്രന്ഥം ഈ വിഷയത്തിൽ വ്യക്തമായ കാഴ്ചപ്പാട് നൽകുന്നുണ്ട്. “വേലക്കാരൻ തന്റെ കൂലിക്ക് അർഹനാണ്” (ലൂക്കാ 10:7). ജോലി ചെയ്യുന്നവന്റെ കൂലി ദാനമല്ല, മറിച്ച് അതവന്റെ അവകാശമാണ് (റോമാ 4:4). ത്യാഗപൂർണ്ണമായ സേവനമാണ് നഴ്സിംഗിന്റെ മുഖമുദ്ര എന്ന് പഠനകാലത്തുതന്നെ ഇവരെ ബോധ്യപ്പെടുത്താറുണ്ട്. അതുകൊണ്ടുതന്നെ, ഭൂരിഭാഗം നഴ്സുമാരും പ്രതിഷേധത്തിന്റെ അതിർവരമ്പുകൾ ലംഘിക്കാതെ നിശബ്ദമായി സേവനം ചെയ്യുന്നു. എന്നാൽ, ഇവരുടെ ഈ നിശബ്ദതയെ ചൂഷണം ചെയ്യാനാണ് പല മാനേജ്മെന്റുകളും മുതിരുന്നത്. കുടുംബത്തോടൊപ്പം മാന്യമായി ജീവിക്കാനുള്ള അവസരം നിഷേധിച്ച് അവരെ കുറഞ്ഞ വേതനത്തിൽ പണിയെടുപ്പിക്കുന്നത് നീതികേടാണ്.




അടുത്തിടെ കേരളത്തിലെ പ്രമുഖ സ്വകാര്യ ആശുപത്രികളിൽ ഉയർന്നുവന്ന നഴ്സിംഗ് സമരങ്ങൾ ഈ ചൂഷണങ്ങൾക്കെതിരെയുള്ള ആത്മരോഷമാണ്. സുപ്രീം കോടതിയുടെയും മിനിമം വേജ് ബോർഡിന്റെയും ഉത്തരവുകൾ നിലനിൽക്കുമ്പോഴും, രേഖകളിൽമാത്രം ശമ്പളം വർധിപ്പിക്കുകയും, യഥാർത്ഥത്തിൽ തുച്ഛമായ തുക മാത്രം നൽകുകയും ചെയ്യുന്ന രീതി പലയിടത്തും തുടരുന്നുണ്ട്. 'മാലാഖമാർ' എന്ന വിളിപ്പേര് നഴ്സുമാർക്ക് അർഹമായ ശമ്പളം നൽകാതിരിക്കാനുള്ള ഒരു ആയുധമായി ഉപയോഗിക്കരുത് എന്ന് കേരളത്തിലെ പ്രമുഖ മാധ്യമ ചർച്ചകളിൽ നഴ്സിംഗ് സംഘടനാ നേതാക്കൾ ഉയർത്തിയ വാദം ഇവിടെ പ്രസക്തമാണ്.

## ജാഗ്രതയോടെയുള്ള മുന്നേറ്റം: ഏജന്റുമാരും സംഘടനകളും

അർഹമായ അവകാശങ്ങൾക്കായി ശബ്ദമുയർത്തുമ്പോഴും, നഴ്സിംഗ് സമൂഹം അതീവ ജാഗ്രത പുലർത്തേണ്ട ഒരു വശമുണ്ട്. തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾക്കായി നഴ്സുമാരെ സമരമുഖങ്ങളിലേക്ക് വലിച്ചിഴക്കുന്ന ചില ഏജന്റുമാരെയും നേതാക്കളെയും തിരിച്ചറിയുക ആവശ്യമാണ്. പലപ്പോഴും മോഹനവാഗ്ദാനങ്ങൾ നൽകി കബളിപ്പിക്കുകയും, നഴ്സുമാരുടെ നിസ്സഹായാവസ്ഥയെ മുതലെടുത്ത് രാഷ്ട്രീയ ലാഭമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരുടെ ഉദ്ദേശശുദ്ധി നഴ്സുമാർ വിവേകപൂർവം ഉരച്ചുനോക്കി നിർണ്ണയിക്കേണ്ടതുണ്ട്. ശരിയായ മാർഗങ്ങളിലൂടെയും കൂട്ടായ ആലോചനകളിലൂടെയും മാത്രമേ സുസ്ഥിരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കൂ.

സമകാലിക കേരളത്തിൽ നഴ്സിംഗ് റിക്രൂട്ട്മെന്റ് രംഗത്ത് വർധിച്ചുവരുന്ന തട്ടിപ്പുകൾ വലിയ ആശങ്കയുണ്ടാക്കുന്നതാണ്. 2025-26 കാലയളവിൽ മാത്രം വിദേശ രാജ്യങ്ങളിലെ നഴ്സിംഗ് ജോലി വാഗ്ദാനം ചെയ്ത് കോടികൾ തട്ടിയെടുക്കുന്ന വ്യാജ ഏജൻസികളെക്കുറിച്ചുള്ള വാർത്തകൾ നാം തുടർച്ചയായി കണ്ടുകൊണ്ടിരിക്കുന്നു. സുതാര്യമായ രീതിയിൽ വിദേശ റിക്രൂട്ട്മെന്റുകൾ നടത്തുന്ന സർക്കാർ സംവിധാനങ്ങളെ (ODEPC, NORKA) മറികടന്ന്, സ്വകാര്യ ഏജന്റുകളെ വിശ്വസിക്കുമ്പോൾ നമ്മുടെ നഴ്സുമാർ വലിയ ചതിക്കുഴികളിലാണ് ചെന്നുചാടുന്നത്.

നഴ്സിംഗ് പഠനശേഷം രജിസ്ട്രേഷൻ നൽകുന്ന ബോർഡുകളും ഉന്നത നിയന്ത്രണ സ്ഥാപനങ്ങളും ഗവൺമെന്റും ഇക്കാര്യത്തിൽ നിശബ്ദത പാലിക്കുന്നത് കുറ്റകരമാണ്. വേല ചെയ്യുന്നവൻ കൂലിക്കർഹനാണെന്ന ബോധ്യം ഭരണകൂടങ്ങൾക്കുണ്ടാകുമ്പോൾ മാത്രമേ, ചൂഷണങ്ങൾ അവസാനിപ്പിക്കാൻ സാധിക്കൂ. അതോടൊപ്പംതന്നെ, സമരം എന്ന അവസാന മാർഗത്തിലേക്ക് എത്തുന്നതിനു മുമ്പുതന്നെ മാന്യമായ ചർച്ചകളിലൂടെ പ്രശ്നപരിഹാരം കണ്ടെത്താനുള്ള ലക്ഷ്യബോധം നഴ്സിംഗ് സംഘടനകളും ആർജിക്കേണ്ടിയിരിക്കുന്നു.

## ഉപസംഹാരം

നഴ്സിംഗ് വെറുമൊരു തൊഴിലല്ല, മറിച്ച് അറിവും പ്രായോഗിക നൈപുണ്യവും മനോഭാവവും ഒത്തുചേരുന്ന ഉദാത്തമായൊരു ശുശ്രൂഷയാണത്. രോഗികളുടെ കാര്യത്തിൽ അതീവ ഉത്തരവാദിത്തമുള്ള കടമകൾ നിറവേറ്റുന്ന നഴ്സുമാരുടെ നിസ്തുലവും നിശബ്ദവുമായ സേവനം എല്ലായിടത്തും മാനിക്കപ്പെടണം. ഈ മേഖലയിലെ സേവന-വേതന വ്യവസ്ഥകൾ ഏകീകൃതമായി നടപ്പിലാക്കാൻ ഗവൺമെന്റും റെഗുലേറ്ററി ബോർഡുകളും ഇനിയെങ്കിലും സജീവമായി ഇടപെടേണ്ടതുണ്ട്. നീതിക്കായുള്ള പോരാട്ടങ്ങൾക്കിടയിലും തങ്ങളുടെ വിളിയുടെ മഹത്വം കാത്തുസൂക്ഷിക്കാൻ ഓരോ നഴ്സിനും കടമയുമുണ്ട്.

○






# FCRA: കവചമോ അതോ കൈവിലങ്ങോ?



**നിഷ സോമൻ തെറ്റയിൽ**

മനുഷ്യസ്നേഹത്തിന് അതിർവരമ്പുകളില്ല. കടൽ കടന്നെത്തുന്ന ഒരു സഹായ ഹസ്തം നമ്മുടെ നാട്ടിലെ ഒരു ആതുരാലയത്തിലോ അഗതിമന്ദിരത്തിലോ വെളിച്ചമെത്തിക്കുമ്പോൾ, അതു കേവലം ഒരു സാമ്പത്തിക ഇടപാടല്ല; മറിച്ച്, കരുതലിന്റെ അടയാളമാണ്. എന്നാൽ, ഈ കരുതലിന് ഇപ്പോൾ വേലിക്കെട്ടുകൾ ഉയർന്നിരിക്കുന്നു. വിദേശത്ത് നിന്നുവരുന്ന പണമൊഴുക്കിനെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന 'വിദേശ സംഭാവന നിയന്ത്രണ നിയമം' (Foreign Contribution Regulation Act) സമീപകാലത്ത് വരുത്തിയ ഭേദഗതികളിലൂടെ വാർത്താകേന്ദ്രമായി മാറിയിരിക്കുകയാണ്.

രാഷ്ട്രീയ തർക്കങ്ങൾക്കും വാദപ്രതിവാദങ്ങൾക്കുമപ്പുറം, സാധാരണക്കാരന്റെ ജീവിതത്തെയും ജനാധിപത്യമൂല്യങ്ങളെയും ഈ നിയമം എങ്ങനെ ബാധിക്കുന്നുവെന്നത് ഗൗരവകരമായ അന്വേഷണം അർഹിക്കുന്നു. സുതാര്യത ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ ലക്ഷ്യവും, സ്വതന്ത്രമായ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു എന്ന സംഘടനകളുടെ ആശങ്കയും തമ്മിലുള്ള പോരാട്ടമാണ് ഇന്ന് നാം കാണുന്നത്.




## 1. FCRA-യുടെ ചരിത്രവും പരിണാമവും: നിയന്ത്രണങ്ങളുടെ അരനൂറ്റാണ്ട്

ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തോളം തന്നെ പഴക്കമുണ്ട് വിദേശ ഇടപെടലുകളെക്കുറിച്ചുള്ള ആശങ്കകൾക്ക്. ഈ ആശങ്കകളിൽ നിന്നാണ് 'ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട്' എന്ന നിയമം പിറവിയെടുക്കുന്നത്. കേവലം ഒരു സാമ്പത്തിക നിയന്ത്രണരേഖ എന്നതിലുപരി, ഇന്ത്യൻ രാഷ്ട്രീയത്തിലും സാമൂഹിക മണ്ഡലത്തിലും വിദേശശക്തികൾക്കുള്ള സ്വാധീനം ഇല്ലാതാക്കുക എന്നതായിരുന്നു ഇതിന്റെ പ്രഖ്യാപിത ലക്ഷ്യം.

***അടിയന്തരാവസ്ഥയും 1976-ലെ തുടക്കവും***

1976-ൽ രാജ്യത്ത് അടിയന്തരാവസ്ഥ നിലനിൽക്കുന്ന കാലത്താണ് ഇന്ദിരാഗാന്ധി സർക്കാർ ഈ നിയമം ആദ്യമായി അവതരിപ്പിക്കുന്നത്. ഇന്ത്യയിലെ ആഭ്യന്തര രാഷ്ട്രീയത്തിൽ വിദേശ രാജ്യങ്ങൾ (പ്രത്യേകിച്ച് സിഐഎ പോലുള്ള ഏജൻസികൾ) ഇടപെടുന്നു എന്ന ഭയമായിരുന്നു ഇതിനു പിന്നിൽ. രാഷ്ട്രീയ പാർട്ടികൾ, മാധ്യമപ്രവർത്തകർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ വിദേശഫണ്ട് സ്വീകരിക്കുന്നത് ഈ നിയമത്തിലൂടെ കർശനമായി നിരോധിച്ചു. എന്നാൽ, അക്കാലത്തെ പ്രമുഖ നേതാക്കൾക്കെതിരെ പോലും വിദേശ സഹായം കൈപ്പറ്റിയെന്ന ആരോപണങ്ങൾ ഉയർന്നിരുന്നു എന്നത് ചരിത്രത്തിന്റെ മറ്റൊരു ഭാഗം.




***2010: റെഗുലേഷനിൽനിന്ന് നിയന്ത്രണത്തിലേക്ക്***

യു.പി.എ സർക്കാരിന്റെ കാലത്ത്, 2010-ലാണ് ഈ നിയമത്തിൽ വലിയൊരു പൊളിച്ചെഴുത്ത് നടക്കുന്നത്. അതുവരെ സന്നദ്ധ സംഘടനകൾക്ക് നൽകിയിരുന്ന 'സ്ഥിരം രജിസ്ട്രേഷൻ' സംവിധാനം നിർത്തലാക്കി. പകരം, ഓരോ അഞ്ച് വർഷം കൂടുമ്പോഴും ലൈസൻസ് പുതുക്കണമെന്ന നിബന്ധന കൊണ്ടുവന്നു. ഇതോടെ, സർക്കാരിന് കൃത്യമായ ഇടവേളകളിൽ എൻ.ജി.ഒകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമെങ്കിൽ ലൈസൻസ് റദ്ദാക്കാനുമുള്ള അധികാരം ലഭിച്ചു.

***2020 മുതൽ 2026 വരെ: കുടുക്കുകൾ മുറുകുന്നു***

2020-ലെ ഭേദഗതികൾ FCRA-യുടെ സ്വഭാവം തന്നെ മാറ്റിക്കളഞ്ഞു. സുതാര്യത ഉറപ്പാക്കാനെന്ന പേരിൽ കൊണ്ടുവന്ന മാറ്റങ്ങൾ സന്നദ്ധ പ്രവർത്തനങ്ങളെ പ്രായോഗികമായി തടസ്സപ്പെടുത്തുന്നവയായിരുന്നു.

- **അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് നിയന്ത്രണം:** ജീവനക്കാരുടെ ശമ്പളത്തിനും ഭരണപരമായ കാര്യങ്ങൾക്കും ഉപയോഗിക്കാവുന്ന തുക 50 ശതമാനത്തിൽ നിന്ന് 20 ശതമാനമായി കുറച്ചു.
- **ആസ്തികളുടെ കൈമാറ്റം:** വിദേശ പണം ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾ (സ്കൂളുകൾ, ആശുപത്രികൾ) ലൈസൻസ് റദ്ദാക്കപ്പെട്ടാൽ സർക്കാരിന് ഏറ്റെടുക്കാം എന്ന വ്യവസ്ഥ ഗൗരവകരമായ ചർച്ചകൾക്ക് വഴിതെളിച്ചു.

ഏറ്റവുമൊടുവിൽ, 2026-ൽ എത്തിനിൽക്കുമ്പോൾ, ഈ നിയമം ഒരു ഭരണനിർവഹണ ഉപകരണമെന്നതിലുപരി പലപ്പോഴും സംഘടനകളെ നിശബ്ദമാക്കാനുള്ള ഒരു ആയുധമായി മാറുന്നുണ്ടോ എന്ന ചോദ്യമാണ് ജനാധിപത്യ വിശ്വാസികൾ ഉയർത്തുന്നത്.

## 2. ഭേദഗതികൾ 2020–2026: സന്നദ്ധ പ്രവർത്തനങ്ങൾക്കുമേലുള്ള കടുപ്പമേറിയ നിയന്ത്രണങ്ങൾ

2020-ൽ നടപ്പിലാക്കിയതും ഇപ്പോൾ 2026-ൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടതുമായ ഭേദഗതികൾ ഇന്ത്യയിലെ സന്നദ്ധ പ്രവർത്തന മേഖലയെ സംബന്ധിച്ചിടത്തോളം വലിയ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. ഇതിൽ പല നിബന്ധനകളും സംഘടനകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ശ്വാസം മുട്ടിക്കുന്ന തരത്തിലുള്ളതാണെന്ന ആക്ഷേപം ശക്തമാണ്.




***2020-ലെ ഭേദഗതികൾ: പ്രവർത്തന രീതികളിലെ മാറ്റം***

2020 സെപ്റ്റംബറിൽ നടപ്പിലാക്കിയ മാറ്റങ്ങൾ പ്രധാനമായും മൂന്ന് കാര്യങ്ങളിലാണ് ഊന്നൽ നൽകിയത്:

❍ **ഭരണപരമായ ചെലവുകൾ:** വിദേശത്തുനിന്ന് ലഭിക്കുന്ന തുകയുടെ 50 ശതമാനം വരെ ശമ്പളം നൽകാനും ഓഫീസ് ആവശ്യങ്ങൾക്കും ഉപയോഗിക്കാമായിരുന്നു. എന്നാൽ പുതിയ നിയമം ഇത് 20 ശതമാനമായി ചുരുക്കി. ഇത് വലിയ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനായി നിയോഗിക്കപ്പെട്ട വിദഗ്ധരായ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനെപ്പോലും ബാധിച്ചു.

❍ **എസ്.ബി.ഐ ഡൽഹി അക്കൗണ്ട്:** ഏത് സംസ്ഥാനത്തുള്ള സംഘടനയായാലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡൽഹി മെയിൻ ബ്രാഞ്ചിൽ തന്നെ എഫ്.സി.ആർ.എ അക്കൗണ്ട് തുറക്കണമെന്ന നിർബന്ധം വന്നു. ഇത് ദൂരെയുള്ള ചെറുകിട സംഘടനകൾക്ക് ബാങ്കിംഗ് നടപടികൾ പൂർത്തിയാക്കുന്നതിൽ വലിയ കാലതാമസവും സാങ്കേതിക ബുദ്ധിമുട്ടുകളും ഉണ്ടാക്കി.

❍ **സബ്-ഗ്രാന്റിങ് നിരോധനം:** ഒരു സംഘടന വിദേശ ഫണ്ട് സ്വീകരിച്ച് അത് മറ്റ് സംഘടനകൾക്ക് കൈമാറുന്നത് (Sub-granting) നിരോധിച്ചു. ഇതോടെ വലിയ സ്ഥാപനങ്ങളെ ആശ്രയിച്ച് പ്രവർത്തിച്ചിരുന്ന ഗ്രാമീണ മേഖലയിലെ ആയിരക്കണക്കിന് ചെറുകിട എൻ.ജി.ഒകളുടെ പ്രവർത്തനം സ്തംഭിച്ചു.

***2026-ലെ ഭേദഗതി ബിൽ: ആസ്തികൾക്കു മേലുള്ള 'സർക്കാർ മുദ്ര'***

2026 മാർച്ച് മാസത്തിൽ ലോക്സഭയിൽ അവതരിപ്പിക്കപ്പെട്ട പുതിയ ഭേദഗതി ബിൽ ഇതിലും വലിയ ആശങ്കകളാണ് ഉയർത്തുന്നത്. ഇതിലെ ഏറ്റവും വിവാദപരമായ ഭാഗം 'ഡെസിഗ്നേറ്റഡ് അതോറിറ്റി' രൂപീകരണമാണ്.

❍ **ആസ്തികൾ ഏറ്റെടുക്കൽ:** ഒരു സംഘടനയുടെ ലൈസൻസ് റദ്ദാക്കപ്പെട്ടാലോ, കാലാവധി കഴിഞ്ഞ് പുതുക്കാൻ സാധിക്കാതിരുന്നാലോ ആ സംഘടനയുടെ വിദേശ ഫണ്ട് ഉപയോഗിച്ചുണ്ടാക്കിയ ആസ്തികൾ സർക്കാർ അതോറിറ്റി ഏറ്റെടുക്കും. ഇതിനെ 'കിലുകിൽ പമ്പരം' എന്ന സിനിമയിലെ 'റിസീവർ' ഭരണത്തോടാണ് ഉപമിക്കുന്നത്.

❍ **മിക്സഡ് അസറ്റുകൾ:** സ്വദേശി ഫണ്ടും വിദേശ ഫണ്ടും ചേർത്ത് നിർമ്മിച്ച സ്ഥാപനങ്ങളുടെ കാര്യത്തിൽ വലിയ അനിശ്ചിതത്വം ഈ നിയമം ഉണ്ടാക്കുന്നു. ഒരു വിദ്യാലയമോ ആശുപത്രിയോ വിദേശ ധനസഹായം കൂടി ഉപയോഗിച്ചാണ് നിർമ്മിച്ചതെങ്കിൽ, ലൈസൻസ് നഷ്ടപ്പെട്ടാൽ അതിന്റെ നിയന്ത്രണം പൂർണ്ണമായും സർക്കാരിലേക്ക് എത്താനുള്ള സാധ്യതയാണുള്ളത്.

❍ **ഉദ്യോഗസ്ഥ ഭരണത്തിന്റെ വ്യാപ്തി:** ലൈസൻസ് റദ്ദാക്കപ്പെട്ടാൽ ആ സംഘടനയുടെ പ്രവർത്തനം തുടരണോ അതോ ആസ്തികൾ ലേലം ചെയ്ത് തുക ട്രഷറിയിലേക്ക് മാറ്റണോ

എന്ന് തീരുമാനിക്കാനുള്ള പൂർണ്ണ അധികാരം ഈ അതോറിറ്റിക്കായിരിക്കും.

സർക്കാർ ഈ നീക്കങ്ങളെ 'ദേശസുരക്ഷയുടെയും സാമ്പത്തിക സുതാര്യതയുടെയും' ഭാഗമായി കാണുമ്പോൾ, സന്നദ്ധ സംഘടനകൾ ഇതിനെ സ്വതന്ത്രമായ പ്രവർത്തനത്തിന് നേരെയുള്ള വെല്ലുവിളിയായാണ് കണക്കാക്കുന്നത്. ചെറിയ സാങ്കേതിക പിഴവുകൾ പോലും പതിറ്റാണ്ടുകളുടെ സേവനപാരമ്പര്യമുള്ള സ്ഥാപനങ്ങളെ ഇല്ലാതാക്കാൻ കാരണമായേക്കാമെന്നത് വലിയൊരു യാഥാർത്ഥ്യമാണ്.

## 3. ആസ്തികൾ സർക്കാർ ഉടമസ്ഥതയിലേക്ക്: കാരുണ്യസ്ഥാപനങ്ങൾ കണ്ടുകെട്ടപ്പെടുമ്പോൾ

ഒരു സംഘടനയുടെ എഫ്.സി.ആർ.എ ലൈസൻസ് റദ്ദാക്കപ്പെടുകയോ, കാലാവധി കഴിഞ്ഞ് പുതുക്കാൻ സാധിക്കാതിരിക്കുകയോ ചെയ്താൽ സംഭവിക്കാവുന്ന പ്രത്യാഘാതങ്ങൾ ഭീതിജനകമാണ്. 2026-ലെ ഏറ്റവും പുതിയ നിയമപരിഷ്കാരങ്ങൾ പ്രകാരം, വിദേശ സഹായത്തോടെ നിർമ്മിച്ച ആസ്തികൾ സംരക്ഷിക്കുന്നത് വലിയൊരു വെല്ലുവിളിയായി മാറിയിരിക്കുന്നു.

### *മിക്സഡ് അസറ്റുകൾ നേരിടുന്ന ഭീഷണി*

മിക്കവാറും എല്ലാ സേവന സംഘടനകളും സ്വദേശത്തുനിന്നുള്ള സംഭാവനകളും വിദേശ സഹായവും ഒരുപോലെ ഉപയോഗിച്ചാണ് തങ്ങളുടെ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നത്. ഉദാഹരണത്തിന്, ഒരു സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നാട്ടുകാരിൽ നിന്ന് പിരിച്ചെടുത്ത പണത്തിനൊപ്പം വിദേശത്തുള്ള പൂർവ്വവിദ്യാർത്ഥികൾ അയച്ചുനൽകിയ ഫണ്ടും ഉപയോഗിച്ചു എന്ന് കരുതുക. പഴയ നിയമം അനുസരിച്ച്, ലൈസൻസ് പോയാലും ഈ കെട്ടിടം ആ സംഘടനയുടെ ഉടമസ്ഥതയിൽ തന്നെ തുടരുമായിരുന്നു. എന്നാൽ പുതിയ ഭേദഗതി പ്രകാരം, വിദേശ ഫണ്ടിന്റെ അംശമുണ്ടെങ്കിൽ ആ ആസ്തി 'സർക്കാർ നിരീക്ഷണത്തിലുള്ള ആസ്തി' (Designated Asset) ആയി മാറും. ഇത് 'കടുവപ്പുറത്തെ സവാരി' പോലെയാണ്; ഒരിക്കൽ വിദേശ ഫണ്ട് സ്വീകരിച്ച് ആസ്തിയുണ്ടാക്കിയാൽ പിന്നെ അതിൽ നിന്ന് പിൻമാറാൻ സാധിക്കാത്ത വിധം സർക്കാർ നിയമങ്ങളുടെ പിടിയിലാകും.

### *'റിസീവർ' ഭരണവും ഡിസിഗ്നേറ്റഡ് അതോറിറ്റിയും*

2026-ലെ മാറ്റങ്ങൾ അനുസരിച്ച്, ലൈസൻസ് പുതുക്കാത്ത സംഘടനകളുടെ ആസ്തികൾ നോക്കിനടത്താൻ സർക്കാർ ഒരു ഉദ്യോഗസ്ഥനെ (Designated Authority) നിയമിക്കും. ഈ ഉദ്യോഗസ്ഥന് ആ ആസ്തികളുടെ മേൽ വലിയ അധികാരങ്ങളുണ്ടാകും:

- സ്ഥാപനത്തിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെടുകയോ നിയന്ത്രണം ഏറ്റെടുക്കുകയോ ചെയ്യാം.
- ആസ്തികൾ ലേലം ചെയ്ത് തുക സർക്കാർ ഖജനാവിലേക്ക് കണ്ടുകെട്ടാം.
- അതല്ലെങ്കിൽ, ആ സ്കൂളോ ആശുപത്രിയോ മറ്റൊരു സർക്കാർ ഏജൻസിക്ക് കൈമാറാൻ ഉത്തരവിടാം.

പതിറ്റാണ്ടുകളായി വിശ്വാസികളും പൊതുജനങ്ങളും വിയർപ്പൊഴുക്കി ഉണ്ടാക്കിയെടുത്ത സ്വത്തുക്കൾ, കേവലം ഒരു സാങ്കേതിക പിഴവിന്റെ പേരിൽ സർക്കാർ ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിന് വിട്ടുകൊടുക്കേണ്ടി വരുന്നു എന്നത് പ്രായോഗികമായി വലിയ നീതികേടാണ്.

### ആരെയാണ് ഇത് ബാധിക്കുന്നത്?

*ഈ നിയമം ഏറ്റവും കൂടുതൽ ബാധിക്കുന്നത് താഴെത്തട്ടിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒകളെയും സമുദായ സ്ഥാപനങ്ങളെയുമാണ്. ഗ്രാമീണ മേഖലകളിൽ ആദിവാസികൾക്കും ദളിതർക്കും വേണ്ടി പ്രവർത്തിക്കുന്ന ചെറുകിട സംഘടനകൾക്ക് പലപ്പോഴും സങ്കീർണ്ണമായ ഈ നിയമനടപടികൾ കൃത്യമായി പാലിക്കാൻ കഴിഞ്ഞെന്നു വരില്ല. ഇത്തരം സാഹചര്യങ്ങളിൽ, അവരുടെ ലൈസൻസ് റദ്ദാക്കി ആസ്തികൾ പിടിച്ചെടുക്കുന്നത് അവിടത്തെ ജനതയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾ ഇല്ലാതാകാൻ കാരണമാകും. സഭയുടെയും മറ്റ് മിഷനറി സംഘടനകളുടെയും വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾക്ക് നേരെ ഇത്തരം നിയമങ്ങൾ ഒരു ഭീഷണിയായി ഉപയോഗിക്കപ്പെടുമോ എന്ന ആശങ്കയും ഈ പശ്ചാത്തലത്തിൽ പ്രസക്തമാണ്.*

## 4. രാഷ്ട്രീയ പാർട്ടികളും FCRA-യും: നിയമം എല്ലാവർക്കും ഒന്നാണോ?

സന്നദ്ധ സംഘടനകൾക്കും സമുദായ സ്ഥാപനങ്ങൾക്കും മേൽ നിയന്ത്രണങ്ങളുടെ ഉരുക്കുമുഷ്ടി പ്രയോഗിക്കുമ്പോൾ തന്നെ, രാഷ്ട്രീയ പാർട്ടികളുടെ കാര്യത്തിൽ നിയമം അദ്ഭുതകരമായ വിട്ടുവീഴ്ചകൾ കാണിക്കുന്നു എന്നതാണ് ഏറ്റവും വലിയ വൈരുദ്ധ്യം. ജനാധിപത്യത്തിൽ സുതാര്യത എല്ലാവർക്കും ഒരുപോലെ ബാധകമാകേണ്ട

ഒന്നാണെന്നിരിക്കെ, രാഷ്ട്രീയ ലാഭങ്ങൾക്കായി നിയമം വളച്ചൊടിക്കപ്പെടുന്നത് എങ്ങനെയാണെന്ന് നോക്കാം.



***2018-ലെ നിശബ്ദമായ അട്ടിമറി***

1976-ൽ എഫ്.സി.ആർ.എ (FCRA) നിയമം കൊണ്ടുവന്നതിന്റെ പ്രധാന ലക്ഷ്യം തന്നെ ഇന്ത്യൻ രാഷ്ട്രീയത്തിൽ വിദേശ പണത്തിന്റെ സ്വാധീനം ഇല്ലാതാക്കുക എന്നതായിരുന്നു. എന്നാൽ 2018-ലെ ഫിനാൻസ് ബില്ലിലൂടെ കേന്ദ്ര സർക്കാർ ഇതിൽ കാതലായ മാറ്റം വരുത്തി. വിദേശ കമ്പനികളുടെ ഇന്ത്യൻ സബ്സിഡിയറികളിൽനിന്ന് രാഷ്ട്രീയ പാർട്ടികൾക്ക് പണം സ്വീകരിക്കാമെന്നും, അത്തരം പണം 'വിദേശ പണം' ആയി കണക്കാക്കില്ലെന്നും നിയമം ഭേദഗതി ചെയ്തു.

ഏറ്റവും രസകരമായ വസ്തുത, ഈ നിയമം 1976 മുതൽ മുൻകാല പ്രാബല്യത്തോടെ ആണ് നടപ്പിലാക്കിയത് എന്നതാണ്. അതായത്, കഴിഞ്ഞ 40 വർഷത്തിനിടയിൽ രാഷ്ട്രീയ പാർട്ടികൾ നിയമവിരുദ്ധമായി കൈപ്പറ്റിയ എല്ലാ വിദേശ ധനസഹായങ്ങളും ഒറ്റയടിക്ക് നിയമവിധേയമായി മാറി. എഫ്.സി.ആർ.എ ലംഘനത്തിന്റെ പേരിൽ കോടതികളിൽ നേരിട്ടുകൊണ്ടിരുന്ന പല കേസുകളിൽ നിന്നും രാഷ്ട്രീയ പാർട്ടികൾക്ക് ഇതോടെ ഊരിപ്പോകാൻ സാധിച്ചു.

***ഇരട്ടത്താപ്പുകൾ: സംഘടനകൾ Vs രാഷ്ട്രീയ പാർട്ടികൾ***

സന്നദ്ധ സംഘടനകൾ നേരിടുന്ന വെല്ലുവിളികളും രാഷ്ട്രീയ പാർട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും തമ്മിലുള്ള വ്യത്യാസം താഴെ പറയുന്നവയാണ്:

❍ 2026-ലെ സാഹചര്യത്തിൽ, ഇലക്ടറൽ ബോണ്ടുകൾ സംബന്ധിച്ച സുപ്രീം കോടതി വിധികൾക്ക് ശേഷവും രാഷ്ട്രീയ ഫണ്ടിംഗിലെ സുതാര്യത ഒരു വലിയ ചോദ്യചിഹ്നമായി തുടരുകയാണ്. സേവന സംഘടനകൾ തങ്ങൾ ചെയ്യുന്ന ഓരോ ചെറിയ കാര്യത്തിനും സർക്കാരിനോട് മറുപടി പറയേണ്ടി വരുമ്പോൾ, കോടികൾ കൈകാര്യം ചെയ്യുന്ന രാഷ്ട്രീയ പാർട്ടികൾക്ക് വിദേശ കമ്പനികളുടെ പണം പോലും 'സ്വദേശി' ആയി മാറുന്നു.

❍ ആദിവാസി മേഖലകളിലോ ഗ്രാമീണ മേഖലകളിലോ പ്രവർത്തിക്കുന്ന ഒരു ചെറിയ എൻ.ജി.ഒയ്ക്ക് വിദേശത്ത് നിന്ന് വരുന്ന ഒരു ചെറിയ

| *വിഷയം* | *സന്നദ്ധ സംഘടനകൾ (NGOs)* | *രാഷ്ട്രീയ പാർട്ടികൾ* |
|---|---|---|
| അക്കൗണ്ട് | ഡൽഹിയിലെ എസ്.ബി.ഐയിൽ തന്നെ വേണം | അത്തരമൊരു നിർബന്ധവുമില്ല. |
| പരിശോധന | ഓരോ പൈസയുടെയും ഉറവിടം പരിശോധിക്കും | പലപ്പോഴും ഫണ്ടുകളുടെ ഉറവിടം രഹസ്യമാണ് |
| ശമ്പള പരിധി | ഭരണപരമായ ചെലവുകൾക്ക് 20% മാത്രം. | പരിധികളില്ലാതെ പണം ചെലവാക്കാം. |
| ആസ്തി കണ്ടുകെട്ടൽ | ലൈസൻസ് പോയാൽ സർക്കാർ കൊണ്ടുപോകും. | ഇത്തരമൊരു നിയമം ബാധകമല്ല. |

സഹായം 'ദേശസുരക്ഷയ്ക്ക് ഭീഷണി'യാകുമ്പോൾ, രാഷ്ട്രീയ പാർട്ടികൾക്ക് ലഭിക്കുന്ന വലിയ തുകകൾ എങ്ങനെ സുരക്ഷിതമാകുന്നു എന്നത് ഒരു വലിയ ജനാധിപത്യ ചോദ്യമാണ്. ഈ നിയമം യഥാർത്ഥത്തിൽ സുതാര്യതയ്ക്ക വേണ്ടിയാണോ അതോ വിയോജിപ്പുള്ള ശബ്ദങ്ങളെ അടിച്ചമർത്താൻ വേണ്ടിയാണോ എന്ന സംശയം ഇവിടെയാണ് ബലപ്പെടുന്നത്.

## 5. സേവന മേഖലയിലെ ആഘാതം: കാരുണ്യത്തിന്റെ വിളക്കണയുമോ?

ഭാരതത്തിന്റെ മുക്കിലും മൂലയിലും, പ്രത്യേകിച്ച് ഗ്രാമീണ-ആദിവാസി മേഖലകളിൽ, സർക്കാർ സംവിധാനങ്ങൾ എത്തുന്നതിനും മുൻപേ എത്തിയവരാണ് മിഷനറിമാരും സന്നദ്ധ സംഘടനകളും. ഒന്നര നൂറ്റാണ്ടിലേറെയായി ഇവർ പടുത്തുയർത്തിയ വിദ്യാഭ്യാസ-ആരോഗ്യ ശൃംഖലകൾ ഇന്ന് ഒരു വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. എഫ്.സി.ആർ.എ (FCRA) നിയമത്തിലെ മാറ്റങ്ങൾ കേവലം സാങ്കേതികമല്ല, അത് ലക്ഷക്കണക്കിന് സാധാരണക്കാരുടെ ജീവിതത്തെയാണ് ബാധിക്കുന്നത്.

> **നിയമങ്ങൾ സുതാര്യതയ്ക്ക് വേണ്ടിയാകണം, അല്ലാതെ പതിറ്റാണ്ടുകളായി നമ്മുടെ നാടിനെ സേവിക്കുന്ന സ്ഥാപനങ്ങളെ തകർക്കാനാകരുത്. സേവനം ഒരു കുറ്റകൃത്യമായി മാറുന്ന അവസ്ഥ ജനാധിപത്യത്തിന് ഒട്ടും ഗുണകരമല്ല.**

### *മിഷനറി സ്ഥാപനങ്ങളും വിദ്യാഭ്യാസ വിപ്ലവവും*

ഇന്ത്യയിലെ മികച്ച വിദ്യാലയങ്ങളിലും കോളേജുകളിലും പലതും ക്രൈസ്തവ സഭകളുടെ നേതൃത്വത്തിൽ നടത്തുന്നവയാണ്. വിദേശത്തുനിന്നുള്ള ചെറിയ സഹായങ്ങൾ പോലും പാവപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാനും ലാബുകൾ നവീകരിക്കാനും ഉപയോഗിച്ചിരുന്നു. 2026-ലെ പുതിയ സാഹചര്യത്തിൽ, ഒരു സ്കൂൾ മാനേജ്മെന്റിന് ലൈസൻസ് പുതുക്കാൻ കഴിയാതെ വന്നാൽ, ആ വിദ്യാലയത്തിന്റെ നിയന്ത്രണം സർക്കാർ ഉദ്യോഗസ്ഥനിലേക്ക് മാറുന്നത് അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആത്മവിശ്വാസത്തെ തകർക്കും. സ്ഥാപനത്തിന്റെ സ്വതന്ത്രമായ സ്വഭാവം നഷ്ടപ്പെടുമെന്ന ഭീതി പല മാനേജ്മെന്റുകളെയും പുതിയ വികസന പ്രവർത്തനങ്ങളിൽ നിന്ന് പിന്നോട്ട് വലിപ്പിക്കുകയാണ്.

### *ആരോഗ്യ മേഖലയിലെ വിടവ്*

നഗരങ്ങളിലെ വൻകിട ആശുപത്രികളിലല്ല, മറിച്ച് ഉൾനാടൻ ഗ്രാമങ്ങളിലെ ചാരിറ്റി ആശുപത്രികളിലാണ് ഈ നിയമം മുറിവേൽപ്പിക്കുന്നത്.

- **മരുന്നുകളുടെ ലഭ്യത:** വിദേശ സഹായത്തോടെ പ്രവർത്തിക്കുന്ന ഡയാലിസിസ് സെന്ററുകളും പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഇന്ന് സാമ്പത്തിക പ്രതിസന്ധിയിലാണ്.
- ***ശമ്പളം നൽകാനുള്ള ബുദ്ധിമുട്ട്:*** അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ 20 ശതമാനമായി പരിമിതപ്പെടുത്തിയതോടെ, വിദഗ്ധരായ ഡോക്ടർമാർക്കും നഴ്സുമാർക്കും അർഹമായ ശമ്പളം നൽകാൻ പല ചാരിറ്റി ആശുപത്രികൾക്കും സാധിക്കുന്നില്ല. ഇത് മികച്ച ആരോഗ്യസേവനം സാധാരണക്കാർക്ക് അപ്രാപ്യമാക്കുന്നു.

### *പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദം നിശബ്ദമാക്കപ്പെടുന്നു*

ആദിവാസി മേഖലകളിൽ മൈനിങ് മാഫിയയ്ക്കെതിരെയും ഭൂമി കൈയേറ്റത്തിനെതിരെയും ശബ്ദമുയർത്തുന്ന പല എൻ.ജി.ഒകളെയും പൂട്ടിക്കാൻ എഫ്.സി.ആർ.എ ഒരു ആയുധമായി മാറുന്നുണ്ട്. ഇത്തരം സംഘടനകളുടെ ഫണ്ട് തടയുന്നതിലൂടെ അവരുടെ നിയമപോരാട്ടങ്ങളെയും പ്രതിഷേധങ്ങളെയും ഇല്ലാതാക്കാൻ സാധിക്കുന്നു. ഇതിനെ 'ഭയപ്പെടുത്തുന്ന നിയമം' (Chilling effect) എന്നാണ് സാമൂഹിക പ്രവർത്തകർ വിശേഷിപ്പിക്കുന്നത്.

### *രാഷ്ട്രീയ സമ്മർദ്ദവും വോട്ട് ബാങ്ക് രാഷ്ട്രീയവും*

സഭയുടെയും മറ്റ് സമുദായങ്ങളുടെയും വലിയ ആസ്തികളെ നിയമത്തിന്റെ നൂലാമാലകളിൽ കുടുക്കിയിടുന്നത് ഒരുതരം 'ഭീഷണി രാഷ്ട്രീയ'ത്തിന് വഴിയൊരുക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ലൈസൻസ് റദ്ദാക്കുമെന്നോ ആസ്തികൾ കണ്ടുകെട്ടുമെന്നോ ഉള്ള ഭീഷണി മുഴക്കി, സമുദായ നേതൃത്വങ്ങളെ രാഷ്ട്രീയമായി കീഴ്പ്പെടുത്താൻ ഈ നിയമം ഉപയോഗിക്കപ്പെടാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

ചുരുക്കത്തിൽ, നിയമങ്ങൾ സുതാര്യതയ്ക്ക് വേണ്ടിയാകണം, അല്ലാതെ പതിറ്റാണ്ടുകളായി




നമ്മുടെ നാടിനെ സേവിക്കുന്ന സ്ഥാപനങ്ങളെ തകർക്കാനാകരുത്. സേവനം ഒരു കുറ്റകൃത്യമായി മാറുന്ന അവസ്ഥ ജനാധിപത്യത്തിന് ഒട്ടും ഗുണകരമല്ല.

### 6. ഭരണഘടനാപരമായ അവകാശങ്ങളും ജനാധിപത്യപരമായ വെല്ലുവിളികളും

ഭാരതീയ ഭരണഘടന പൗരന്മാർക്ക് നൽകുന്ന മൗലികാവകാശങ്ങളുടെ വെളിച്ചത്തിൽ വേണം എഫ്.സി.ആർ.എ (FCRA) നിയമത്തിലെ മാറ്റങ്ങളെ വിലയിരുത്താൻ. ഒരു ജനാധിപത്യ രാജ്യത്ത് സർക്കാരിതര സംഘടനകൾക്കും (NGOs) സിവിൽ സൊസൈറ്റിക്കും വലിയ പങ്കുണ്ട്. എന്നാൽ പുതിയ നിയമപരിഷ്കാരങ്ങൾ ഈ പങ്കിനെ എത്രത്തോളം പരിമിതപ്പെടുത്തുന്നു എന്നത് നിയമവിദഗ്ധർക്കിടയിൽ വലിയ തർക്കവിഷയമാണ്.

#### *സംഘടിക്കാനുള്ള അവകാശവും ആർട്ടിക്കിൾ 19-ഉം*

ഭരണഘടനയുടെ അനുച്ഛേദം 19(1)(c) പ്രകാരം ഇന്ത്യൻ പൗരന്മാർക്ക് സംഘടിക്കാനും സൊസൈറ്റികൾ രൂപീകരിക്കാനും അവകാശമുണ്ട്. വിദേശ ഫണ്ട് സ്വീകരിക്കുന്നത് ഒരു മൗലികാവകാശമല്ലെങ്കിലും, ആ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനം അസാധ്യമാക്കുന്ന തരത്തിലുള്ള നിയന്ത്രണങ്ങൾ 'സംഘടിക്കാനുള്ള അവകാശത്തെ' പരോക്ഷമായി തടസ്സപ്പെടുത്തുന്നു. 2020-ലെ ഭേദഗതികൾക്കെതിരെ സുപ്രീം കോടതിയിൽ നടന്ന 'നോയൽ ഹാർപ്പർ' (Noel Harper vs Union of India) കേസിൽ, നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സർക്കാരിന് അധികാരമുണ്ടെന്ന് കോടതി ശരിവെച്ചെങ്കിലും, അത് 'യുക്തിസഹമായ നിയന്ത്രണങ്ങൾ' (Reasonable Restrictions) ആയിരിക്കണമെന്ന് ഊന്നിപ്പറഞ്ഞിരുന്നു. എന്നാൽ 2026-ലെ സാഹചര്യത്തിൽ, ഈ നിയന്ത്രണങ്ങൾ പരിധി വിടുന്നുണ്ടോ എന്ന ആശങ്ക ശക്തമാണ്.

#### *നിയമത്തിന് മുന്നിലെ സമത്വം (Article 14)*

ഭരണഘടനയുടെ അനുച്ഛേദം 14 നിയമത്തിന് മുന്നിലെ സമത്വത്തെക്കുറിച്ചാണ് പറയുന്നത്. ഇവിടെയാണ് രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും തമ്മിലുള്ള വിവേചനം പ്രസക്തമാകുന്നത്. രാഷ്ട്രീയ പാർട്ടികൾക്ക് വിദേശ ഫണ്ട് സ്വീകരിക്കാൻ ഇളവുകൾ നൽകുകയും എന്നാൽ സേവന സംഘടനകൾക്ക് കടുത്ത നിബന്ധനകൾ ഏർപ്പെടുത്തുകയും ചെയ്യുന്നത് ഭരണഘടനാപരമായ സമത്വത്തിന് വിരുദ്ധമാണെന്ന വാദം ശക്തമാണ്. ഒരേ ഉറവിടത്തിൽ നിന്ന് വരുന്ന ഫണ്ട് എങ്ങനെയാണ് ഒരു വിഭാഗത്തിന് മാത്രം നിയമവിധേയവും മറ്റൊരു വിഭാഗത്തിന് സംശയാസ്പദവുമാകുന്നത്?

#### *വിയോജിപ്പുകളുടെ നിശബ്ദമാക്കൽ*

ജനാധിപത്യത്തിന്റെ കരുത്ത് എന്നത് വിയോജിക്കാനുള്ള അവകാശമാണ്. പരിസ്ഥിതി സംരക്ഷണം, മനുഷ്യാവകാശം, അഴിമതി വിരുദ്ധ പോരാട്ടം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ എഫ്.സി.ആർ.എ ലൈസൻസ് റദ്ദാക്കുന്നത് പലപ്പോഴും അവരെ നിശബ്ദമാക്കാനുള്ള തന്ത്രമായി ഉപയോഗിക്കപ്പെടുന്നു. സർക്കാരിന്റെ നയങ്ങളെ വിമർശിക്കുന്നവരെ സാമ്പത്തികമായി ശ്വാസം മുട്ടിക്കുന്നത് ജനാധിപത്യത്തിന് ശുഭകരമായ സൂചനയല്ല. 2026-ലെ പുതിയ ബില്ലിലെ 'ഡെസിഗ്നേറ്റഡ് അതോറിറ്റി' എന്ന സങ്കല്പം ജുഡീഷ്യറിയുടെ ഇടപെടലുകളെപ്പോലും പരിമിതപ്പെടുത്താൻ സാധ്യതയുണ്ട്.

#### *ജനക്ഷേമത്തിന് തടസ്സം*

ഭരണഘടനയുടെ അന്തസ്സത്ത എന്നത് ജനങ്ങളുടെ ക്ഷേമമാണ്. നിയമത്തിന്റെ കർക്കശമായ നടപ്പിലാക്കൽ വഴി ഒരു ചാരിറ്റി സ്ഥാപനം പൂട്ടേണ്ടി വരുമ്പോൾ, അവിടെ ചികിത്സ ലഭിക്കേണ്ട രോഗിയോ വിദ്യാഭ്യാസം ലഭിക്കേണ്ട കുട്ടിയോ ആണ് യഥാർത്ഥത്തിൽ ശിക്ഷിക്കപ്പെടുന്നത്. ഭരണഘടനാപരമായ

അവകാശങ്ങൾ എന്നത് കടലാസിൽ മാത്രം ഒതുങ്ങേണ്ടതല്ല, മറിച്ച് ഓരോ പൗരന്റെയും ജീവിതത്തിൽ അനുഭവവേദ്യമാകേണ്ട ഒന്നാണ്.

### 7. ഉപസംഹാരം: സുതാര്യതയും സേവനവും എങ്ങനെ ഒത്തുപോകണം?

ഭാരതത്തിന്റെ ആത്മാവ് തൊട്ടറിഞ്ഞത് ഇവിടത്തെ ഭരണകൂടങ്ങൾ മാത്രമല്ല, മറിച്ച് വിയർപ്പൊഴുക്കി പണിയെടുത്ത പതിനായിരക്കണക്കിന് സന്നദ്ധ സംഘടനകളും മിഷനറിമാരുമാണ്. വിദേശ ധനസഹായ നിയന്ത്രണ നിയമം (FCRA) സുതാര്യതയ്ക്കും ദേശസുരക്ഷയ്ക്കും വേണ്ടിയുള്ളതാണെന്ന സർക്കാരിന്റെ വാദം തത്വത്തിൽ ശരിയാണെങ്കിലും, അതിന്റെ പ്രായോഗിക പ്രയോഗം സേവനത്തിന്റെ വഴികളിൽ ഇരുൾ വീഴ്ത്തുന്നുണ്ടോ എന്ന് നാം ചിന്തിക്കണം.

***സേവനം ഒരു കുറ്റകൃത്യമല്ല***


ഒരു രാജ്യം എന്ന നിലയിൽ നമുക്ക് സാമ്പത്തികമായ അച്ചടക്കം ആവശ്യമാണ്. എന്നാൽ ആ അച്ചടക്കം കാരുണ്യത്തിന്റെ വിളക്കുകൾ അണച്ചുകൊണ്ടാവരുത്. 2020-ലെ ഭേദഗതികളും 2026-ലെ പുതിയ നിയമപരിഷ്കാരങ്ങളും ചേർന്ന് ഒരു 'ഭയത്തിന്റെ അന്തരീക്ഷം' (Culture of Fear) സൃഷ്ടിച്ചിട്ടുണ്ട്. ചെറിയൊരു സാങ്കേതിക പിഴവോ അക്കൗണ്ടിംഗിലെ പിശകോ കാരണം പതിറ്റാണ്ടുകളുടെ സേവനപാരമ്പര്യമുള്ള ഒരു വിദ്യാലയമോ ആശുപത്രിയോ കണ്ടുകെട്ടപ്പെടുന്നത് ആർക്കാണ് ഗുണം ചെയ്യുക? നിയമങ്ങൾ തിന്മ ചെയ്യുന്നവരെ തടയാനുള്ളതാകണം, നന്മ ചെയ്യുന്നവരെ ശ്വാസം മുട്ടിക്കാനുള്ളതാകരുത്.

***നമുക്ക് എന്ത് ചെയ്യാൻ കഴിയും?***

നിയമങ്ങൾ കൂടുതൽ കർക്കശമാകുന്ന ഈ കാലഘട്ടത്തിൽ സന്നദ്ധ സംഘടനകൾക്കും സമുദായ സ്ഥാപനങ്ങൾക്കും മുന്നിൽ ചില വഴികളുണ്ട്:

❍ **സൂക്ഷ്മമായ സുതാര്യത:** അക്കൗണ്ടുകളും ഓഡിറ്റിംഗും ഏറ്റവും കൃത്യതയോടെയും സുതാര്യമായും കൈകാര്യം ചെയ്യുക. നിയമത്തിലെ പഴുതുകൾ കണ്ടെത്താൻ മറ്റുള്ളവർക്ക് അവസരം നൽകാതിരിക്കുക.

❍ **സ്വാശ്രയത്വം വർദ്ധിപ്പിക്കുക:** വിദേശ ഫണ്ടുകളെ മാത്രം ആശ്രയിക്കുന്ന രീതി പടിപടിയായി കുറച്ചുകൊണ്ട് സ്വദേശി സഹായങ്ങളും പ്രാദേശിക വിഭവങ്ങളും കണ്ടെത്താൻ ശ്രമിക്കുക. ഇത് രാഷ്ട്രീയമായ ഭീഷണികളിൽ നിന്ന് ഒരു പരിധിവരെ മോചനം നൽകും.



❍ **ജനാധിപത്യപരമായ ഐക്യം:** ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ, രാഷ്ട്രീയ വ്യത്യാസങ്ങൾ മറന്ന് സമുദായങ്ങളും സന്നദ്ധ സംഘടനകളും ഒരുമിച്ച് ശബ്ദമുയർത്തണം.

***തുല്യനീതി ഉറപ്പാകണം***

രാഷ്ട്രീയ പാർട്ടികൾക്ക് ലഭിക്കുന്ന വിദേശ സഹായങ്ങൾക്ക് നിയമപരമായ ഇളവുകൾ നൽകുകയും സേവന സംഘടനകളെ വേട്ടയാടുകയും ചെയ്യുന്നത് ജനാധിപത്യപരമായ വിവേചനമാണ്. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാകുമ്പോഴാണ് ഒരു രാജ്യം യഥാർത്ഥത്തിൽ പുരോഗതി പ്രാപിക്കുന്നത്.

വിദേശത്ത് ജോലി ചെയ്യുന്ന നമ്മുടെ പ്രിയപ്പെട്ടവർ തങ്ങൾ പഠിച്ച സ്കൂളിനോ വളർന്ന നാടിനോ നൽകുന്ന ഒരു ചെറിയ സഹായം 'ദേശവിരുദ്ധ'മായി ചിത്രീകരിക്കപ്പെടുന്നത് ഖേദകരമാണ്. വിവേകപൂർണ്ണമായ നിയമനിർമ്മാണത്തിലൂടെയും നീതിപൂർണ്ണമായ നടപ്പിലാക്കലിലൂടെയും മാത്രമേ സുതാര്യതയും സേവനവും ഒത്തുപോകുന്ന ഒരു സാഹചര്യം നമുക്ക് സൃഷ്ടിക്കാൻ കഴിയൂ.

നിയമം വഴി കാണിക്കാനുള്ള വിളക്കാകട്ടെ, വഴിയടയ്ക്കാനുള്ള മുള്ളുവേലിയാകാതിരിക്കട്ടെ. ❍



**ഭക്തി**

അമ്മ
ഒരു അറിവ്
എന്നതിനേക്കാൾ
ഒരു അനുഭവമാണ്.
നമ്മുടെ ജീവിതത്തിലെ
എല്ലാ നന്മകളുടെയും
മൂലകാരണം ആ
**'അമ്മ അനുഭവ'**മാണ്.
ദൈവം സ്വന്തം ഛായയിൽ
സൃഷ്ടിച്ച മനുഷ്യകുലത്തെ
അവിടുന്നു ഭരമേൽപ്പിച്ചത്
തന്റെ അമ്മയെയാണ്.

# അമ്മയ്ക്കായി വിടരേണ്ട മേയ് മാസപ്പൂക്കൾ



ടി. ദേവപ്രസാദ്



**ലോ**കം അമ്മമാരുടെ കരുതലും സ്നേഹവും ത്യാഗവും വാത്സല്യവും സവിശേഷമായി അനുസ്മരിക്കുന്ന മേയ് മാസത്തിലെ രണ്ടാം ഞായറാഴ്ച ഇന്ത്യയും അമേരിക്കയുമടക്കം ലോകത്തിലെ നാല്പതോളം രാഷ്ട്രങ്ങൾ മാതൃദിനമായി (Mother's Day) കൊണ്ടാടുന്നു. അമ്മയെ സവിശേഷമായി ഓർമ്മിക്കുവാനും അമ്മയോടുള്ള സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുവാനുമാണ് ഈ ദിനം മാറ്റിവച്ചിരിക്കുന്നത്. ഈ വർഷത്തെ മാതൃദിനം മേയ് പത്തിനാണ്.

## ചരിത്രത്തിന്റെ ഏടുകളിൽ

1908-ൽ അമേരിക്കക്കാരിയായ അന്ന ജാർവിസ്, സമാധാന പ്രവർത്തകയായിരുന്ന തന്റെ അമ്മ അന്ന റീവ്സ് ജാർവിസിന്റെ സ്മരണയ്ക്കായി ആരംഭിച്ച ദിനാചരണമാണിത്. 1914-ൽ അമേരിക്കയിൽ ഈ ദിനം ദേശീയ അവധിയായി പ്രഖ്യാപിച്ചു. ഓരോ രാജ്യത്തും വ്യത്യസ്ത ദിനങ്ങളിലാണ് മാതൃദിനം ആഘോഷിക്കപ്പെടുന്നത്. ഇംഗ്ലണ്ടിൽ നോമ്പുകാലത്തെ നാലാം ഞായറാഴ്ചയും ഫ്രാൻസിൽ മേയ് 31-നുമാണ് 'മദേഴ്സ് ഡേ'. അമ്മമാരുടെ അവിശ്വസനീയമായ



സംഭാവനകളും ഉപാധികളില്ലാത്ത സ്നേഹവും ഓർമ്മിക്കപ്പെടുന്ന ഈ ദിനം, പുരുഷാധിപത്യമുള്ള ഒരു സമൂഹത്തിൽ സ്ത്രീത്വത്തിന്റെ പ്രാധാന്യം ഏറ്റുപറയുന്ന സുദിനം കൂടിയാണ്.

### അമ്മ: ഒരു അനുഭവം

അമ്മ ഒരു അറിവ് എന്നതിനേക്കാൾ ഒരു അനുഭവമാണ്. നമ്മുടെ ജീവിതത്തിലെ എല്ലാ നന്മകളുടെയും മൂലകാരണം ആ 'അമ്മ അനുഭവ'മാണ്. ദൈവം സ്വന്തം ഛായയിൽ സൃഷ്ടിച്ച മനുഷ്യകുലത്തെ അവിടുന്നു ഭരമേൽപ്പിച്ചത് തന്റെ അമ്മയെയാണ്. അമ്മ എന്ന അദ്ഭുതത്തെക്കുറിച്ച് ധ്യാനിക്കുമ്പോൾ മാത്രമേ ആ സ്നേഹത്തിന്റെ ആഴം നമുക്കു നുകരാനാവൂ. നിർവചിക്കാനാവാത്ത യാഥാർഥ്യമാണ് അമ്മ. "പത്തമ്മ ചമഞ്ഞു വന്നാലും പെറ്റമ്മയോളം വരില്ല" എന്ന നാട്ടറിവ് അന്വർഥമാണ്. അകാലത്തിൽ അമ്മ നഷ്ടപ്പെട്ടവർക്കാവും അമ്മയെന്ന അനുഭവം കൂടുതൽ വിലപ്പെട്ടതെന്ന് തോന്നാറുണ്ട്. ജീവിതത്തിന്റെ ഓരോ പുണ്യനിമിഷങ്ങളിലും അവർ അമ്മയെ തീവ്രമായി ഓർക്കുന്നു. അമ്മ എപ്പോഴും ഒപ്പമുള്ളവർക്ക് പലപ്പോഴും ആ സാന്നിധ്യത്തിന്റെ വില മനസ്സിലാക്കാൻ സാധിക്കാറില്ല. ജീവിതത്തിലെ ഏറ്റവും വലിയ അപൂർണ്ണതയാണ് അമ്മയില്ലാത്ത അവസ്ഥ. എനിക്കുവേണ്ടി എന്നെക്കാൾ സ്വപ്നം കാണുന്നതും ആകുലപ്പെടുന്നതും അമ്മയാണ്. മക്കൾക്കുവേണ്ടി എത്ര വേദന സഹിച്ചാലും അവൾക്കു പരിഭവമില്ല. ഈറ്റുനോവാണ് ലോകത്തിലെ ഏറ്റവും വലിയ വേദനയെന്ന് വിദഗ്ധർ പറയുന്നു. എന്നാൽ, താൻ അനുഭവിച്ച ആ വേദനയെക്കുറിച്ച് സങ്കടപ്പെടുന്ന ഒരു അമ്മയെയും നാം കണ്ടിട്ടുണ്ടാവില്ല.

അതാണ് അമ്മ!

### ആഴം അളക്കാനാവാത്ത അമ്മ സ്നേഹം

അമ്മസ്നേഹത്തിന്റെ എത്രയോ മുഖങ്ങൾ നാം നിത്യവും കാണുന്നു. എനിക്കറിയാവുന്ന ഒരമ്മയുണ്ട്. അതിരാവിലെ പള്ളിയിലെ കുരിശുമണി മുഴങ്ങിയപ്പോൾ, പള്ളിയിൽ ചാർത്താൻ മാല കോർക്കാനായി ഇലഞ്ഞിപ്പൂക്കൾ പെറുക്കാൻപോയ ഒരു ദിവസം ആ അമ്മയുടെ മകളെ പാമ്പുകടിച്ചു. ചികിത്സകൾ ഫലിക്കാതെ അവൾ മരിച്ചു. മകൾ മരിച്ചശേഷം അമ്പതു വർഷത്തോളം ആ അമ്മ ജീവിച്ചു. മകൾ മരിച്ച് ഇത്രയും വർഷം കഴിഞ്ഞിട്ടും, പുലർച്ചെ പള്ളിമണി മുഴങ്ങുമ്പോൾ തന്റെ മകളെ ഓർത്ത് ആ അമ്മയുടെ കണ്ണുകൾ ഈറനാകുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതാണ് ഒരമ്മയുടെ ഹൃദയം.

കേരളത്തിലെ ഒരു മെത്രാൻ തന്റെ ജീവിതാനുഭവം പങ്കുവെച്ചത് ഇവിടെ സ്മരണീയമാണ്. വൈദികനായിരിക്കെ അദ്ദേഹം കാൻസർ ബാധിതനായി വെല്ലൂർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അന്ന് അച്ചന്റെ അമ്മ വൃദ്ധയാണ്. പകലും രാത്രിയും മിക്കവാറും കിടപ്പാണ്. പള്ളിയിൽ പോകുന്നത് കാറിലാണ്. ചികിത്സ കഴിഞ്ഞ് വിശ്രമത്തിനായി അച്ചൻ വീട്ടിൽ ചെന്നതോടെ അമ്മയുടെ മട്ടുമാറി. സ്വന്തം അവശതകൾ മറന്ന് അച്ചന്റെ വൃദ്ധയായ അമ്മ അടുക്കളയിൽ സജീവമായി. മകന് ഇഷ്ടമുള്ള വിഭവങ്ങൾ പാകം ചെയ്യാനും അവനുവേണ്ടി ഉറക്കമിളച്ച് പ്രാർഥിക്കാനും ആ അമ്മ സമയം കണ്ടെത്തി. അതിരാവിലെ അമ്മ നടന്നു പള്ളിയിൽ പോയിത്തുടങ്ങി. പല രാത്രികളിലും പതുങ്ങി വന്ന് അച്ചൻ ഉറങ്ങിയോ എന്ന് രാത്രി പലവട്ടം അമ്മ നോക്കും.

ഒരു ദിവസം അച്ചൻ നന്നായി ഉറങ്ങി. നെറ്റിയിൽ വെള്ളം വീഴുന്നതുപോലെ തോന്നി. അദ്ദേഹം ഉണർന്നപ്പോൾ കണ്ടത്, തന്റെ തലയ്ക്കൽ മുട്ടുകുത്തിനിന്ന് കരഞ്ഞു പ്രാർഥിക്കുന്ന അമ്മയെയാണ്. ആ കണ്ണുനീർ തുള്ളികളായിരുന്നു അദ്ദേഹത്തിന്റെ നെറ്റിയിൽ വീണത്. അദ്ദേഹം മെത്രാനായി ഉയർത്തപ്പെട്ടപ്പോഴും, ആ നാളുകളിലെ അമ്മസ്നേഹത്തെക്കുറിച്ച് വാചാലനാകുമായിരുന്നു. പിന്നീട് ആ അമ്മയ്ക്കും കാൻസർ ബാധിച്ചു. തന്റെ രോഗം അമ്മ ദൈവത്തോട് ചോദിച്ചു വാങ്ങിയതാകാം എന്ന് അദ്ദേഹം ഇന്നും വിശ്വസിക്കുന്നു.

## അമ്മ മറിയം: സ്വർഗീയ മാതാവ്

ഈ ലോകത്തിലെ അമ്മയ്ക്ക് എന്നോട് ഇത്ര യേറെ സ്നേഹമുണ്ടെങ്കിൽ, എന്റെ സ്വർഗീയ മാതാവിന് എന്നോട് എത്രമാത്രം വാത്സല്യമു ണ്ടാകും? കാൽവരിക്കുരിശിന്റെ ചുവട്ടിൽ നിൽക്കു മ്പോൾ ആ അമ്മ അനുഭവിച്ച വേദനയുടെ ആഴം എത്രയായിരുന്നിരിക്കും? നൂറ്റാണ്ടുകൾക്കപ്പുറത്ത് മോറിയാ മലയിൽ ദൈവം അബ്രാഹത്തിനൊരു വാഗ്ദാനം നൽകി: "നീ നിന്റെ ഏക പുത്രനെപ്പോ ലും എനിക്കു തരാൻ മടിക്കായ്കകൊണ്ടു ഞാൻ ശപഥം ചെയ്യുന്നു: ഞാൻ നിന്നെ സമൃദ്ധമായി അനു ഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തിലെ മണ ൽത്തരിപോലെയും ഞാൻ വർധിപ്പിക്കും. ശത്രുവി ന്റെ നഗര കവാടങ്ങൾ അവർ പിടിച്ചെടുക്കും. നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ടു നിന്റെ സന്ത തിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്ര ഹിക്കപ്പെടും" (ഉൽപ. 22:16-18). അബ്രാഹത്തോ ടുള്ള ദൈവത്തിന്റെ വാഗ്ദാനം കാൽവരിയിലും അന്വർഥമാകുന്നത് നമുക്കു കാണാം. അബ്രാഹ ത്തോടു ദൈവം അരുളിചെയ്ത അനുഗ്രഹങ്ങൾ മറിയത്തിലൂടെ ലോകത്തിനു മുഴുവൻ ലഭ്യമായി. ഈശോ കുരിശിൽ കിടന്നുകൊണ്ട് തന്റെ അമ്മ യോടു പറഞ്ഞു: "സ്ത്രീയേ, ഇതാ നിന്റെ മകൻ. തുടർന്ന് ശിഷ്യനോട് പറഞ്ഞു: ഇതാ നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വികരിച്ചു" (യോഹ. 19:26). ഇവിടെ *'ലംബാനോ'* എന്ന ക്രിയയാണ് സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്നത്; അതിനർഥം 'വിശ്വാസ ത്തിൽ സ്വീകരിക്കുക' എന്നാണ്. ഈ അമ്മദാനം പൂർത്തിയായ ശേഷമാണ് എല്ലാം പൂർത്തിയായി എന്ന് ഈശോ പറഞ്ഞത്. ഈശോ സ്നേഹി ക്കുന്ന മക്കളെല്ലാം അമ്മയുടെ കൂടി മക്കളാകാൻ അവിടുന്ന് ദാഹിക്കുന്നു എന്ന വ്യാഖ്യാനം ഏറെ അർഥവത്താണ്.

## സഭയുടെ ഔദ്യോഗിക പ്രഖ്യാപനങ്ങൾ

പരിശുദ്ധ മറിയത്തിന്റെ ബഹുമാനത്തി നായി സഭ മാറ്റിവച്ചിരിക്കുന്ന മാസമാണ് മേയ്. കാൽവരിയിൽവെച്ച് ഈശോ തന്റെ പ്രിയശിഷ്യനെ മറിയത്തിനു ഭരമേല്പിച്ചതിലൂടെ അവളെ ലോകമാ താവായി ഉയർത്തി. 1964-ൽ പോൾ ആറാമൻ മാർപാപ്പ മറിയത്തെ 'സഭയുടെ മാതാവായി' പ്രഖ്യാ പിച്ചു. 1965-ലെ 'മേയ് മാസം' (Mense Maio) എന്ന ചാക്രികലേഖനത്തിൽ വിശ്വാസികളുടെയും അജ പാലകരുടെയും അമ്മയായി അദ്ദേഹം മറിയത്തെ വിശേഷിപ്പിച്ചു.

1975-ലെ റോമൻ മിസ്സലിൽ 'സഭയുടെ മാതാവായ മറിയ'ത്തിന്റെ നാമത്തിൽ സവിശേഷമായ (പ്രത്യേക അവസരങ്ങളിൽ മാത്രം ചൊല്ലാവുന്ന) ഒരു കുർബാ നക്രമം ഉൾപ്പെടുത്തി. 2018-ൽ ഫ്രാൻസിസ് മാർപാപ്പ പന്തക്കുസ്താ തിരുനാളിന് തൊട്ടുപിന്നാലെ വരുന്ന തിങ്കളാഴ്ച ലത്തീൻ സഭയിൽ ഒരു ഔദ്യോഗിക തിരു നാളായി പ്രഖ്യാപിക്കുകയും ചെയ്തു. മറിയത്തിന്റെ



pദവികളെക്കുറിച്ച് പഠനം നടത്തിയ ലിയോ പതിനാലാമൻ മാർപാപ്പ, 'സഹരക്ഷക' എന്ന പ്രയോഗത്തിനുപകരം 'വിശ്വാസികളുടെ അമ്മ' എന്ന വിശേഷണമാണ് നൽകിയത്. 2025 ഒക്ടോബറിൽ വത്തിക്കാൻ പുറത്തിറക്കിയ *'മാത്തർ പോപുളി ഫിദേലിസ്'* എന്ന രേഖ ഇങ്ങനെ വ്യക്തമാക്കുന്നു:

"മനുഷ്യത്വത്തിന് ക്രിസ്തു നൽകുന്ന രൂപാന്തരീകരണത്തിന്റെ ഉദാത്ത മാതൃകയാണ് മറിയം. അവൾ ക്രിസ്തുവിന്റെ കൃപയുടെ സ്ത്രൈണ പ്രകടനമാണ്. ഈ സവിശേഷ സ്ഥാനത്തെ പ്രകീർത്തിക്കാനാണ് ചരിത്രത്തിലുടനീളം വിശ്വാസികൾ അവൾക്ക് വിവിധ നാമങ്ങൾ ചാർത്തി നൽകിയത്."

## സഭയുടെയും വിശ്വാസികളുടെയും മാതാവ്

മറിയത്തിന്റെ സാന്നിധ്യം ഒഴിവാക്കി മിശിഹാരഹസ്യത്തെ ധ്യാനിക്കാനാവില്ല. സ്ത്രീരത്നമായ അവളിലൂടെയാണ് രക്ഷകൻ ലോകത്തിലേക്കു വന്നത് (ഗലാ. 4:4). മറിയം ക്രിസ്തുവിന്റെ അവയവങ്ങളുടെ (വിശ്വാസികളുടെ) അമ്മയാണെന്ന് വിശുദ്ധ ആഗസ്തീനോസ് പഠിപ്പിക്കുന്നു; കാരണം, വിശ്വാസികൾ സഭയിലേക്ക് പുനർജനിക്കുന്നതിൽ അവൾ സ്നേഹപൂർവം സഹകരിക്കുന്നു. ശിരസ്സ് (മിശിഹാ) ജനിച്ചതുപോലെ തന്നെയാണ് അവയവങ്ങളും ജനിക്കുന്നതെന്ന് വിശുദ്ധ ലിയോയും വ്യക്തമാക്കുന്നു. അങ്ങനെ, മറിയം സഭയാകുന്ന മൗതികശരീരത്തിന്റെയും അതിലെ ഓരോ അവയവങ്ങളുടെയും അമ്മയായി മാറുന്നു.

## മേയ് മാസവണക്കത്തിന്റെ ഉത്ഭവം

ഇന്നത്തെ രീതിയിലുള്ള മേയ് മാസവണക്കം കത്തോലിക്കാ സഭയിൽ ആരംഭിച്ചത് ഈശോസഭാംഗമായ ഫാ. ലത്തോമിയ ആണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ റോമൻ കോളേജിലെ വിദ്യാർഥികളിൽ കണ്ടുവന്ന ധാർമ്മികമായ അപചയത്തെയും അവിശ്വാസത്തെയും നേരിടാൻ, അവരെ പരിശുദ്ധ അമ്മയിലേക്ക് അടുപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. റോമിൽനിന്ന് മറ്റ് ഈശോസഭാ സ്ഥാപനങ്ങളിലേക്കും, പിന്നീട് സഭയിലാകെയും ഈ ഭക്താഭ്യാസം പ്രചരിച്ചു. മേയ് 31-ന് മറിയത്തിന്റെ രാജ്ഞിത്വ തിരുനാൾ സ്ഥാപിച്ചുകൊണ്ട് പന്ത്രണ്ടാം പീയൂസ് മാർപാപ്പ ഈ മാസവണക്കത്തിന് കൂടുതൽ പ്രാധാന്യം നൽകി. (രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം രാജ്ഞിത്വ തിരുനാൾ ഓഗസ്റ്റ് 22-ലേക്ക് മാറ്റുകയും മേയ് 31 മറിയത്തിന്റെ സന്ദർശനത്തിരുനാളായി നിശ്ചയിക്കുകയും ചെയ്തു).



## ഫാത്തിമയിലെ സന്ദേശം

1917 മേയ് 13-നാണ് ഫാത്തിമയിൽ ലൂസി, ജസീന്ത, ഫ്രാൻസിസ് എന്നീ ഇടയക്കുട്ടികൾക്ക് പരിശുദ്ധ അമ്മ ആദ്യമായി പ്രത്യക്ഷപ്പെട്ടത്. സ്വർഗത്തിൽനിന്നു വരുന്നു എന്ന് സ്വയം പരിചയപ്പെടുത്തിയ അമ്മ, മക്കളെ സ്വർഗത്തിലേക്ക് ആനയിക്കുക എന്നതാണ് തന്റെ ലക്ഷ്യമെന്ന് അവരോടു പറഞ്ഞു. സ്വർഗപ്രാപ്തിക്കായി ഒരുങ്ങേണ്ടതിന്റെ ആവശ്യകത ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് അമ്മ അവരെ ഓർമ്മിപ്പിച്ചു.

## കാലിക പ്രസക്തിയും പ്രത്യാശയും

ഫാ. ലത്തോമിയ റോമിൽ നേരിട്ട അതേ സാമൂഹിക സാഹചര്യങ്ങളിലൂടെയാണ് ഇന്നത്തെ ലോകവും കടന്നുപോകുന്നത്. യുവജനങ്ങൾക്കിടയിൽ വർധിച്ചുവരുന്ന ധാർമ്മികാധഃപതനവും അക്രമവാസനയും ഭയപ്പെടുത്തുന്നതാണ്. പ്രണയനൈരാശ്യത്തിന്റെ പേരിൽ പെൺകുട്ടികളെ ചുട്ടുകൊല്ലുന്നതും കുടുംബബന്ധങ്ങൾ തകർക്കുന്നതുമായ പൈശാചിക പ്രവൃത്തികൾ നമ്മുടെ സമൂഹത്തിൽ വേരോടുന്നു. സാത്താന്റെ കെണിയിൽ വീണുപോകുന്ന മക്കളെ രക്ഷിക്കാൻ അമ്മയുടെ സഹായം തേടേണ്ട കാലമാണിത്. ഈ പൈശാചിക ശക്തികളെ കീഴ്പ്പെടുത്താൻ ജപമാലയേക്കാൾ ശക്തമായ മറ്റൊരു ആയുധമില്ല. ഈ മേയ് മാസത്തിൽ നമുക്കു നൽകാവുന്ന ഏറ്റവും വലിയ മാതൃദിന സമ്മാനം അമ്മയുടെ മാതൃക പിന്തുടർന്ന് വിശുദ്ധിയിൽ ജീവിക്കുക എന്നതാണ്.

○

# പാത്മോസ്: വെളിപാടുകളുടെ ഗുഹയിലേക്ക്





ഡോ. ജോജിൻ ഇലഞ്ഞിക്കൽ

മനുഷ്യർ ഒരു തുറന്ന തടവറയായി വിധിയെഴുതിയ പാത്മോസ് എന്ന വിജനമായ ദ്വീപ്, ദൈവപദ്ധതിയിൽ സ്വർഗീയ രഹസ്യങ്ങൾ അനാവരണം ചെയ്യപ്പെട്ട ഒരു പുണ്യഭൂമിയാണ്. ഇവിടെയുള്ള പരുക്കൻ ഗുഹയുടെ ഏകാന്തതയിൽവെച്ച് യോഹന്നാൻ ശ്ലീഹാ ദൈവവുമായി നടത്തിയ ആത്മീയ സംവാദത്തിന്റെ പരിസമാപ്തിയാണ് വിശുദ്ധ ഗ്രന്ഥത്തിലെ അവസാന പുസ്തകമായ 'വെളിപാട്'. തിന്മയുടെമേൽ ദൈവം നേടുന്ന അന്തിമ വിജയത്തെക്കുറിച്ച് ലോകത്തിനു സന്ദേശം നൽകിയ പാത്മോസ് പ്രതിസന്ധികളിൽ തളരുന്ന ഏതൊരു വിശ്വാസിക്കും ഇന്നും ദൈവസ്വരത്തിന്റെ ഉജ്ജ്വലമായ അടയാളമായി നിലകൊള്ളുന്നു.

തുർക്കിയിലെ എഫേസൂസിന്റെ തീരങ്ങളിൽനിന്നും ഏകദേശം 100 കിലോമീറ്റർ അകലെയാണ് ഗ്രീസിലെ പാത്മോസ് എന്ന ദ്വീപ്. ഈശോയിലുള്ള അചഞ്ചലമായ വിശ്വാസത്തിന്റെ പേരിൽ നാടുകടത്തപ്പെട്ട 'സ്നേഹത്തിന്റെ ശ്ലീഹാ,' വിശുദ്ധ യോഹന്നാൻ തന്റെ വാർധക്യകാലത്തെ തടവറയനുഭവങ്ങളുടെ ഏകാന്തതയിൽ ഇവിടെവെച്ച് സ്വർഗസന്ദേശം ശ്രവിച്ചു (വെളി. 1:9).

2023 ആഗസ്റ്റ് 27 ഞായറാഴ്ച രാവിലെ ഒമ്പതു മണിയോടെയാണ് എന്റെ സ്വപ്നതുല്യമായ പാത്മോസ് യാത്രയ്ക്ക് തുടക്കമായത്. പരിചിതമായ ഇടങ്ങളിൽനിന്ന് തികച്ചും അപരിചിതമായ പഥങ്ങളിലേക്ക് ചുവടുവയ്ക്കുമ്പോൾ, ഈശോയ്ക്കായി പാത്മോസിലേക്ക് നാടുകടത്തപ്പെട്ട യോഹന്നാൻ ശ്ലീഹായുടെ ആത്മധൈര്യമായിരുന്നു ആ യാത്രയിൽ എനിക്കു കരുത്തായത്.



## കോസ് ദ്വീപിലെ പ്രതിസന്ധികളിൽ താങ്ങായി ഒരു മാലാഖ

വിമാനമിറങ്ങി ഗ്രീസിലെ 'കോസ്' (Kos) ദ്വീപിൽ കാലുകുത്തുമ്പോൾ സമയം വൈകുന്നേരം അഞ്ചു മണി കഴിഞ്ഞിരുന്നു. കേരളത്തിലെ ഹരിതാഭമായ പച്ചപ്പിനു വിപരീതമായി സസ്യലതാദികൾ കുറഞ്ഞ, ഒരുതരം വരണ്ട ഭൂപ്രകൃതിയായിരുന്നു കോസിന്റേത്. സൂര്യപ്രകാശമേറ്റ് പൊൻനിറത്തിൽ തിളങ്ങുന്ന ആ കുന്നിൻചെരിവുകൾ എനിക്ക് തികച്ചും പുതിയൊരു കാഴ്ചയായിരുന്നു.

അപരിചിതമായ ആ നാട്ടിൽ, പാത്മോസിലേക്ക് കപ്പൽ കയറേണ്ട തുറമുഖം കണ്ടെത്തുക എന്നത് അല്പം ആശങ്കയുണ്ടാക്കിയ കാര്യമായിരുന്നു. എന്നാൽ, ആ വലിയ യാത്രയിൽ എന്നെ സഹായിക്കാൻ 'ജോർജ്' എന്ന ടാക്സി ഡ്രൈവർ എന്റെ ഒപ്പമുണ്ടായിരുന്നു. ഭാഷയും വേഷവും മാറുമ്പോഴും മനുഷ്യരിലെ നന്മ മാറുന്നില്ലെന്ന് ആ നിമിഷം ഞാൻ തിരിച്ചറിഞ്ഞു.

അപരിചിതമായ വഴിത്താരകളിൽ ദൈവം നമുക്കായി ചില 'മാലാഖമാരെ' മുൻകൂട്ടി കരുതിവയ്ക്കുമെന്ന വിശ്വാസം ജോർജിനൊപ്പമുള്ള ആ യാത്രയിൽ എനിക്കു വീണ്ടും ബോധ്യമായി.

## നിശബ്ദമായി പാത്മോസിന്റെ തീരത്തേക്ക്

സൂര്യൻ കടലിന്റെ ആഴങ്ങളിലേക്കു മറഞ്ഞ ആ സായാഹ്നത്തിൽ, രാത്രി എട്ടരയോടെ കോസ് തുറമുഖത്തുനിന്ന് 'ബ്ലൂ സ്റ്റാർ ഫെറി' അതിന്റെ നങ്കൂരമുയർത്തി. ഈജിയൻ കടലിന്റെ അനന്തമായ നീലിമയിലൂടെ, ഇരുളിന്റെ തിരശ്ശീല കീറിമുറിച്ചുകൊണ്ട് കപ്പൽ മുന്നോട്ടു നീങ്ങുമ്പോൾ, പ്രപഞ്ചം മുഴുവൻ ഒരു വലിയ പ്രാർഥനയിലേക്ക് വഴിമാറുന്നതുപോലെ എനിക്കു തോന്നി.

യാമങ്ങൾ കടന്നുപോയി. അർധരാത്രിയുടെ നിശബ്ദതയെ ഭേദിച്ചുകൊണ്ട് ചന്ദ്രന്റെ വെള്ളിവെളിച്ചത്തിൽ കുളിച്ചുനിൽക്കുന്ന പാത്മോസ് എന്ന പുണ്യദ്വീപ് കൺമുന്നിൽ തെളിഞ്ഞു. മഷിയൊഴിച്ച കടൽപ്പരപ്പിനു നടുവിൽ ഒരു 'ലൈറ്റ് ഹൗസ്' പോലെ ആ ദ്വീപ് വിസ്മയമായി നിലകൊള്ളുന്നു. ദൂരെ മലമുകളിൽ, നിഗൂഢമായ സൗന്ദര്യത്തോടെ പ്രകാശത്തിൽ ജ്വലിച്ചുനിൽക്കുന്ന 'വെളിപാടിന്റെ ഗുഹ' (Cave of the Apocalypse) ദൃശ്യമായി.

യുഗങ്ങൾക്കുമുമ്പേ സ്വർഗരഹസ്യങ്ങൾ ഭൂമിയിലേക്ക് ഒഴുകിയെത്തിയ ആ പവിത്ര സങ്കേതം, ഇരുളിൽ ഒരു കാവൽക്കാരനെപ്പോലെ യാത്രികരെ സ്വാഗതം ചെയ്യുകയായിരുന്നു.

## ചുവടുകളിൽ മിടിക്കുന്ന ആത്മീയത

സ്വർഗം ഭൂമിയിലേക്ക് ചായ്ച്ചുവെച്ച ആ മണ്ണിൽ ആദ്യമായി പാദം സ്പർശിക്കുമ്പോൾ, ഏകാന്തതയിൽപ്പോലും സ്വർഗീയമായൊരു ഗീതം മുഴങ്ങുന്നതുപോലെ എനിക്കു തോന്നി. അന്നുരാത്രി 'റോമാന്റസ്' ഹോംസ്റ്റേയിലെ ജനാലകൾക്കപ്പുറത്ത്, ഈജിയൻ കടലിന്റെ തിരമാലകൾ വിശുദ്ധ യോഹന്നാൻ കണ്ട ദർശനങ്ങളുടെ ബാക്കിപത്രം മന്ത്രിക്കുന്നതായി ഞാൻ സങ്കല്പിച്ചു. അത്രമേൽ ദീപ്തമായിരുന്നു ആ രാത്രിയിൽ 'സ്കാല' (Skala) എന്ന തുറമുഖത്തിലെ രാത്രി.

പിറ്റേന്ന് പുലർച്ചെ ഏഴുമണിക്ക്, എന്റെ യാത്ര ആരംഭിച്ചു. പാത്മോസിന്റെ ഈ തുറമുഖ നഗരം ഉണർന്നു തുടങ്ങുന്നതേയുള്ളൂ. ആ പുണ്യഭൂമിയുടെ ഓരോ സ്പന്ദനവും ഹൃദയത്തിൽ ഏറ്റുവാങ്ങാൻ വാഹനയാത്ര വേണ്ടെന്നുവെച്ച് നടത്തം തന്നെ ഞാൻ തിരഞ്ഞെടുത്തു. ഓരോ ചുവടിലും ഈ മണ്ണ് കാത്തുസൂക്ഷിക്കുന്ന ആത്മീയതയുടെ കരുത്തറിയണം എന്നതായിരുന്നു എന്റെ ഉള്ളിലെ വാശി.

ദൈവിക രഹസ്യങ്ങളുടെ തിരശ്ശീല നീക്കപ്പെട്ട ആ വിശുദ്ധ ശിലാസങ്കേതം, പാത്മോസിലെ പർവതശിഖരത്തിൽ ഒരു നിഗൂഢതപോലെ ഒളിഞ്ഞിരിപ്പുണ്ട്. അവിടേക്കുള്ള യാത്ര എളുപ്പമായിരുന്നില്ല; കഠിനമായ ദുർഘടപാതയിലൂടെ ഒന്നര മണിക്കൂറോളം നീളുന്ന കയറ്റം. ഗ്രീസിലെ ആഗസ്റ്റ് മാസത്തെ പ്രഭാതങ്ങൾക്ക് നമ്മുടേതിൽനിന്നും വ്യത്യസ്തമായ ഒരു ഭാവമാണ്. പുലർച്ചെ നാലുമണിക്കുതന്നെ അവിടെ സൂര്യൻ ഉദിച്ചുയരും. അതുകൊണ്ടുതന്നെ, ഞാൻ യാത്ര തുടങ്ങിയ ഏഴുമണി മുതൽ എട്ടരവരെയുള്ള സമയം നമ്മുടെ നാട്ടിലെ ഉച്ചസമയത്തിനു സമാനമായ കഠിനചൂടാണ്. എങ്കിലും, ആ കത്തുന്ന വെയിലും കയറ്റത്തിന്റെ ആയാസവും ഉള്ളിലെ ആത്മീയ ആവേശത്തിനു മുന്നിൽ വഴിമാറി.

## കാത്തിരിപ്പിന്റെ ആ നാലു മിനിറ്റുകൾ

കൃത്യം രാവിലെ 8.26ന് ഞാൻ ആ ഗുഹയുടെ മുന്നിലെത്തി. വാതിൽ തുറക്കാൻ കേവലം നാലു മിനിറ്റുകൾ മാത്രം ബാക്കി. കഠിനമായ യാത്രയുടെ ക്ഷീണമത്രയും ഒരു കുളിർക്കാറ്റിലെന്നപോലെ മാഞ്ഞുപോയി. ആ നാലു മിനിറ്റുകൾ കേവലം ഒരു കാത്തിരിപ്പായിരുന്നില്ല, മറിച്ച് കാലത്തിന്റെ അതിരുകൾ മാഞ്ഞുപോയ ഒരു നിമിഷമായിരുന്നു. അഗ്നിവർഷിക്കുന്ന സൂര്യനു താഴെ നിൽക്കുമ്പോഴും എന്റെ മനസ്സ് ആ ശിലാസങ്കേതത്തിന്റെ


ശീതളിമയിലേക്ക് നേരത്തെതന്നെ ഇറങ്ങിച്ചെന്നിരുന്നു.

രണ്ടായിരം വർഷങ്ങൾക്കുമുമ്പ്, വിണ്ണിലെ രഹസ്യങ്ങൾ മണ്ണിലെ അക്ഷരങ്ങളായി മാറിയ ആ നിമിഷങ്ങളെ ഞാൻ സങ്കല്പിച്ചു. വിശുദ്ധ യോഹന്നാൻ ദൈവസ്വരത്തിനായി കാതോർത്ത ആ നിശബ്ദതയും, വെളിപാടുകൾ അഗ്നിശലഭങ്ങളെപ്പോലെ പാറിനടന്ന ആ ഇരുളും ഉള്ളിൽ ദൃശ്യങ്ങളായി വിരിഞ്ഞു. പീഡനങ്ങളുടെ കനൽവഴികളിൽ തളർന്ന സഭയ്ക്ക് പ്രത്യാശയുടെ കതിർമരങ്ങൾ കാട്ടിക്കൊടുത്ത ആ പരുക്കൻ പാറക്കെട്ടുകൾ എത്രത്തോളം പവിത്രമാണെന്ന തിരിച്ചറിവ് ഒരു ദിവ്യാനുഭൂതി പകർന്നു.

## ശിലാസങ്കേതത്തിലെ വെളിപാടുകൾ

കൃത്യം എട്ടരയ്ക്ക് വാതിലുകൾ തുറക്കപ്പെട്ടു. അകത്തേക്കു പ്രവേശിച്ചപ്പോൾത്തന്നെ, എന്നെ സ്വീകരിച്ചത് ഒരു മണിക്കൂർ നീണ്ടുനിന്ന ഭക്തിസാന്ദ്രമായ പരിശുദ്ധ കുർബാനയായിരുന്നു. അതിനുശേഷം തീർഥാടകരുടെ തിരക്കു വർധിച്ചെങ്കിലും, ഭക്തിസാന്ദ്രമായ ആ അന്തരീക്ഷം വിട്ടുപോകാൻ ആർക്കും തോന്നിയില്ല; പലരും ഗുഹയുടെ ഓരങ്ങളിൽ ഇരുന്ന് പ്രാർഥനയിൽ മുഴുകി. അവിടെയുണ്ടായിരുന്ന 'ഇസിദോർ' എന്ന ഓർത്തഡോക്സ് വൈദികൻ ആ ശിലാസങ്കേതത്തിന്റെ ചരിത്രം എനിക്കു വിശദീകരിച്ചുതന്നു.

ഏതാണ്ട് 6.6 മീറ്റർ നീളവും 5.5 മീറ്റർ വീതിയുമുള്ള ഒരു സ്വാഭാവിക ഗുഹയാണിത്. വലുപ്പത്തേക്കാളുപരി ഈ ശിലാനിർമ്മിതിയിൽ തെളിഞ്ഞുനിൽക്കുന്ന അടയാളങ്ങളാണ് ഏതൊരു സഞ്ചാരിയെയും അദ്ഭുതപ്പെടുത്തുക. വെളിപാടുകൾ കേട്ട നിമിഷം പാറ മൂന്നായി പിളർന്നതിന്റെ അടയാളങ്ങൾ ഇന്നും ആ ഗുഹയുടെ മുകളിൽ വ്യക്തമായി കാണാം; ഇത് പരിശുദ്ധ ത്രിത്വത്തിന്റെ പ്രതീകമായി കരുതപ്പെടുന്നു. വിശുദ്ധ യോഹന്നാൻ തല ചായ്ച്ചുറങ്ങിയ ഇടവും, വെളിപാടുകൾ എഴുതിയെടുത്ത സഹായിയായ പ്രോക്കോറസ്സിന് പിടിച്ചുനിൽക്കാൻ പാകത്തിൽ പാറയിൽ രൂപപ്പെട്ട വിള്ളലുകളും ഇസിദോർ അച്ചൻ എനിക്ക് കാണിച്ചുതന്നു. ഏറെ നേരത്തെ ധ്യാനത്തിനും പ്രാർഥനയ്ക്കും ശേഷം, ആത്മീയമായ ഒരു പൂർണ്ണതയോടെയാണ് ഞാൻ വെളിപാടിന്റെ ഗുഹയിൽനിന്നും പുറത്തേക്കിറങ്ങിയത്.



## കോട്ടപോലൊരു ആശ്രമവും ഹൃദയത്തിന്റെ മടക്കയാത്രയും

തുടർന്ന് പാത്മോസിന്റെ നെറുകയിൽ ഒരു കോട്ടപോലെ തലയുയർത്തി നിൽക്കുന്ന 'സെന്റ് ജോൺസ് മോണാസ്റ്ററി'യിലേക്ക് ഞാൻ പോയി. അതൊരു ആരാധനാലയത്തേക്കാൾ ശത്രുക്കളിൽനിന്ന് സംരക്ഷണം തീർക്കുന്ന ഒരു പടുകൂറ്റൻ കോട്ടയായാണ് എനിക്ക് അനുഭവപ്പെട്ടത്. ചരിത്രവും വിശ്വാസവും ഇഴചേർന്ന ഈ ആശ്രമം അമൂല്യമായ പുരാതന രേഖകളുടെയും തിരുശേഷിപ്പുകളുടെയും ഒരു വലിയ കലവറയാണ്. ഗംഭീരമായ കോൺസ്റ്റന്റൈൻ-ഹെലേന ചാപ്പലും നൂറ്റാണ്ടുകൾ പഴക്കമുള്ള നിരവധി കൈയെഴുത്തുപ്രതികളും അവിടെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

ആ മോണാസ്റ്ററിയിലെ വിസ്മയങ്ങൾക്കിടയിലും എന്റെ മനസ്സ് വല്ലാതെ അസ്വസ്ഥമായിരുന്നു. ഏതോ അദൃശ്യമായ ചരടാൽ വലിക്കപ്പെടുന്നതുപോലെ ആ ഗുഹയിലേക്കുതന്നെ തിരികെപ്പോകാൻ ഹൃദയം മന്ത്രിക്കുന്നുണ്ടായിരുന്നു. മോണാസ്റ്ററിയിലെ കാഴ്ചകളേക്കാൾ ആ ശിലാസങ്കേതത്തിലെ നിശബ്ദതയാണ് എനിക്ക് കൂടുതൽ ആകർഷകമായത്. ഒടുവിൽ, വീണ്ടും മലയിറങ്ങി ഉച്ചയ്ക്ക് ഒന്നേകാലോടെ, സന്ദർശകർ ഒഴിഞ്ഞു തുടങ്ങിയ ആ സമയത്ത് ഞാൻ വീണ്ടും ആ ഗുഹയിലെത്തി ഏകാന്തനായി ഇരുന്നു. വെളിപാട് പുസ്തകത്തിലെ ഓരോ വരികളും അവിടെയിരുന്ന് വീണ്ടും വായിക്കുമ്പോൾ, ആ അക്ഷരങ്ങൾക്കു ജീവൻ വയ്ക്കുന്നതുപോലെ തോന്നി. രണ്ടായിരം വർഷങ്ങൾക്കുമുമ്പ്, ഇതേ മണ്ണിൽവെച്ച് യോഹന്നാൻ ദർശിച്ച അതേ പ്രത്യാശയുടെ സന്ദേശങ്ങൾ ചുറ്റുമുള്ള ഓരോ ശിലയിലും പ്രതിധ്വനിക്കുന്നതായി എനിക്കനുഭവപ്പെട്ടു. ആ ഏകാന്തതയിൽ ദൈവത്തോടും

ചരിത്രത്തോടും സംവദിച്ച ആ നിമിഷങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും തീക്ഷ്ണമായ ആത്മീയ അനുഭവങ്ങളിലൊന്നായി മാറി.

## സ്കാലയുടെ തെരുവുകളിലൂടെ ഒരു മടക്കയാത്ര

പാത്മോസിന്റെ നെറുകയിൽ ഉച്ചവെയിൽ വെള്ളിവെളിച്ചം ചൊരിയുന്ന വേളയിൽ, ഏതാണ്ട് മൂന്നു മണിയോടെ ഞാൻ മലയിറങ്ങി സ്കാലയുടെ തെരുവുകളിലേക്ക് തിരിച്ചെത്തി. വിശുദ്ധ യോഹന്നാന്റെ പാദമുദ്രകൾ പതിഞ്ഞ ആ മണ്ണിൽ, ചരിത്രവും വർത്തമാനവും ഇഴചേർന്നു നിൽക്കുന്ന മനോഹരമായ കാഴ്ചകളാണ് ഇന്നുള്ളത്. കഠിനമായ നടത്തത്തിനൊടുവിൽ നന്നേ വിശക്കുന്നുണ്ടായിരുന്നതിനാൽ, ഈ ദ്വീപിന്റെ തനതായ രുചികൾ തേടുകയായിരുന്നു എന്റെ ലക്ഷ്യം.

ഒടുവിൽ 'സാജിറ്റേറിയസ്' (Sagittarius) റെസ്റ്റോറന്റിലിരുന്ന്, മുന്തിരിയിലയിൽ പൊതിഞ്ഞ് നാരങ്ങാനീരിന്റെ ഗന്ധം തുളുമ്പുന്ന 'ഡോൾമാഡെസ്' എന്ന ഗ്രീക്ക് വിഭവം ആസ്വദിക്കുമ്പോഴും എന്റെ മനസ്സ് ആ വിശുദ്ധ ഗുഹയിലെ നിശബ്ദതയിലായിരുന്നു. ആ ഉച്ചഭക്ഷണം എന്റെ ശാരീരികമായ വിശപ്പടക്കിയെങ്കിലും, ആത്മാവ് അപ്പോഴും ഉച്ചവരെ ഞാൻ നുകർന്ന ആത്മീയ മധുരത്തിന്റെ നിർനിമേഷതയിലായിരുന്നു. നാവിൽ വിരുന്നെത്തിയ രുചികളേക്കാൾ, ഹൃദയത്തിൽ പതിഞ്ഞ ആ പുണ്യസങ്കേതത്തിന്റെ സ്മരണകളാണ് ആ നിമിഷങ്ങളിൽ എന്നെ കൂടുതൽ തൃപ്തനാക്കിയത്.

## ഈജിയൻ കടലും യോഹന്നാന്റെ ഏകാന്തതയും

മടക്കയാത്ര അടുത്ത ദിവസം പുലർച്ചെ രണ്ടരയ്ക്കായതിനാൽ, അല്പം ക്ഷീണിച്ചാലും ബാക്കി സമയം കൂടി പാത്മോസിന്റെ സൗന്ദര്യം നുകരാമെന്ന് ഞാൻ തീരുമാനിച്ചു. ഹോട്ടൽ മുറിയിലെ ഏകാന്തതയിലേക്കു മടങ്ങുന്നതിനേക്കാൾ ഗുണകരം ഈ മണ്ണിലെ സ്പന്ദനങ്ങൾ അറിയുന്നതാണല്ലോ. ഉച്ചസൂര്യന്റെ ചൂട് അപ്പോഴും ശമിച്ചിട്ടില്ലാത്തതിനാൽ, റെസ്റ്റോറന്റിനു പുറത്തെ പന്തലിലിരുന്ന് ഞാൻ അകലെയുള്ള ഈജിയൻ കടലിന്റെ നീലിമയിലേക്ക് നോക്കിയിരുന്നു. അനന്തമായ ആ കടൽപ്പരപ്പിനും ചിതറിക്കിടക്കുന്ന ദ്വീപുകൾക്കുമിടയിൽ, രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഇതേ സൂര്യനു താഴെ ഏകാന്തനായി കഴിഞ്ഞിരുന്ന യോഹന്നാനെ ഞാൻ സങ്കൽപ്പിച്ചു. അന്ന് പാത്മോസിൽ മനുഷ്യനിർമ്മിതമായ ജയിലുകളില്ലായിരുന്നു; മറിച്ച്, സമുദ്രത്താൽ ചുറ്റപ്പെട്ട ഈ ദ്വീപ് തന്നെയായിരുന്നു അദ്ദേഹത്തിന്റെ തടവറ. ആ ഏകാന്തതയിൽ അദ്ദേഹം അനുഭവിച്ച കഷ്ടപ്പാടുകളും അതേ മണ്ണിൽവെച്ച് അദ്ദേഹം കണ്ടെത്തിയ ദൈവിക സമാധാനവും എന്റെയുള്ളിൽ ഒരു വിങ്ങലായി പടർന്നു. അവശതകളിലും പരിമിതികളിലും അദ്ദേഹം തോറ്റുകൊടുത്തില്ല, മറിച്ച് തന്റെ ഏകാന്തതയെ സ്വർഗത്തിലേക്കുള്ള കിളിവാതിലായി മാറ്റുകയാണ് അദ്ദേഹം ചെയ്തത്.



## പ്രത്യാശയുടെ ബാക്കിപത്രം

വൈകുന്നേരമായതോടെ സൂര്യന്റെ തീക്ഷ്ണത കുറഞ്ഞുതുടങ്ങി. ഒരുകാലത്ത് തടവുകാർക്കായി നീക്കിവെച്ചിരുന്ന ഈ പ്രദേശം, ഇന്ന് ലോകമെമ്പാടുമുള്ള തീർഥാടകരുടെ പ്രിയപ്പെട്ട ഇടമായി മാറിയത് വിശുദ്ധ യോഹന്നാന്റെ സാന്നിധ്യം കൊണ്ടുമാത്രമാണ്.

പ്രകാശം നിഴലിനോട് ചേരുന്നതുപോലെ, അദ്ദേഹത്തിന്റെ ജീവിതത്തിലെ വൈരുദ്ധ്യങ്ങളെക്കുറിച്ച് ഞാൻ ചിന്തിച്ചു. ഈശോയുടെ പ്രിയ ശിഷ്യനായിരുന്നിട്ടും ഒറ്റപ്പെടലിന്റെ കയ്പ്പറിഞ്ഞ അദ്ദേഹം, അതേ ഏകാന്തതയെ ദൈവത്തിലേക്കുള്ള പാലമാക്കി മാറ്റി. പ്രതികൂല സാഹചര്യങ്ങളെ പ്രത്യാശയുടെ പ്രകാശമാക്കി മാറ്റിയ അദ്ദേഹത്തിന്റെ ജീവിതംതന്നെ വർത്തമാനകാലത്തെ ഓരോ മനുഷ്യനും വലിയൊരു പാഠമാണ്. പാത്മോസിലെ ആ സായാഹ്നത്തിൽ, സ്കാലയുടെ തീരത്ത് തിരമാലകൾ വന്നലയ്ക്കുമ്പോൾ, എന്റെയുള്ളിലും ഒരു വെളിപാട് ബാക്കിയായിരുന്നു. നമ്മുടെ ഏകാന്തതകൾപ്പോലും ദൈവസാന്നിധ്യത്താൽ അനുഗൃഹീതമാകാം എന്ന വലിയ സത്യം.

## വിശപ്പിന്റെ യാമങ്ങളും അപ്രതീക്ഷിത വഴികാട്ടിയും

വിശുദ്ധ യോഹന്നാന്റെ പാദമുദ്രകൾ പതിഞ്ഞ ആത്മീയവഴികളിലൂടെ ധ്യാനപൂർവം സഞ്ചരിച്ച് പാത്മോസിലെ ആ അമൂല്യമായ പകൽ ഞാൻ പൂർത്തിയാക്കി. പിറ്റേന്ന് പുലർച്ചെ രണ്ടു മണിക്കാണ്

മടക്കയാത്രയ്ക്കുള്ള കപ്പൽ വരുന്നത്. അപ്പോൾ എന്റെ കൈവശം അവശേഷിച്ചിരുന്നത് വെറും പതിനഞ്ച് യൂറോ മാത്രമായിരുന്നു. ഗ്രീസിലെ ബാങ്ക് കാർഡുകളുടെ അപ്രതീക്ഷിത സാങ്കേതിക തടസ്സങ്ങളെ ഭയന്ന്, പണമെടുക്കാൻ മുതിരാതെ ആ രാത്രി അത്താഴം വേണ്ടെന്നു വയ്ക്കാൻ ഞാൻ തീരുമാനിച്ചു. ഉള്ളിൽ പ്രത്യാശയുടെ കതിർനാളങ്ങൾ ബാക്കിയുണ്ടായിരുന്നെങ്കിലും, വിശപ്പിന്റെ വിളിയെ അവഗണിക്കാൻ എന്റെ ശരീരത്തിന് ആകുമായിരുന്നില്ല.

പകൽവെളിച്ചം മാഞ്ഞതോടെ സ്കാലയിലെ തിരക്കുകളും ഒഴിഞ്ഞുതുടങ്ങി; തുറമുഖത്തെ ആ വിജനമായ ബെഞ്ചിൽ ഞാൻ മാത്രമായി. രാത്രിയുടെ നിശബ്ദതയിലേക്ക് കടൽക്കാറ്റും കൊതുകുകളുടെ ശല്യവും പടർന്നപ്പോൾ, ആത്മീയമായ ചിന്തകളെക്കാൾ വിശപ്പിന്റെ കാഠിന്യമാണ് മനസ്സിനെ അസ്വസ്ഥമാക്കിയത്. ഏറ്റവും ആവശ്യമുള്ള നേരത്ത് ബാങ്കിൽനിന്നും പണമെടുക്കാതെപോയത് എത്ര വലിയ മണ്ടത്തരമായിരുന്നു എന്ന തിരിച്ചറിവ് ഒരു വേട്ടയാടലായി എന്നെ ചുറ്റിവരിഞ്ഞുകൊണ്ടിരുന്നു.

## പ്രാർഥനയുടെ തണലും സ്വർഗീയ മന്നയും

രാത്രി ഒൻപതര കഴിഞ്ഞിരുന്നു. ആളൊഴിഞ്ഞ ആ തെരുവിലൂടെ അപ്രതീക്ഷിതമായി കടന്നുപോയ ഇസിദോർ അച്ചൻ എന്നെ കണ്ടമാത്രയിൽ, അടുത്തുള്ള പള്ളിയിൽ നടക്കുന്ന സന്ധ്യാപ്രാർഥനയ്ക്കു ക്ഷണിച്ചു. പള്ളിക്കുള്ളിലെ കൊത്തുപണികളുള്ള ആ പഴയ മരക്കസേരയിൽ പ്രാർഥനാനിരതനായി ഇരിക്കുമ്പോഴും, ഉള്ളിലെ വിശപ്പിന്റെ നിലവിളി ആത്മീയമായ ഉണർവിനെപ്പോലും തടസ്സപ്പെടുത്തുന്നുണ്ടായിരുന്നു. പ്രാർഥനകൾ നീളുന്തോറും ശരീരം കൂടുതൽ തളർന്നു വന്നു.

എന്നാൽ, അതിന്റെ പരിസമാപ്തിയിൽ, കരുതലിന്റെയും ആത്മീയതയുടെയും പ്രതീകമെന്നോണം, വിശുദ്ധമായ അപ്പത്തിന്റെ ഒരു കഷ്ണം എനിക്കു നേരെ നീട്ടപ്പെട്ടു. വിശപ്പടക്കാൻമാത്രം വലുതായിരുന്നു ആ അപ്പം. ഏറ്റവും അഗതിയായിത്തീർന്ന ആ നിമിഷം കൈകളിൽ വന്നുചേർന്ന ആ അപ്പക്കഷ്ണം എന്റെ നിസ്സഹായത കണ്ട് ദൈവം തന്റെ അദൃശ്യമായ കൈകളാൽ നീട്ടിത്തന്ന അന്നമായിരുന്നു. ഏറ്റവും ആവശ്യമുള്ള നേരം ലഭിക്കുന്ന ഇത്തരം ലളിതമായ കരുതലുകളാണ് ദൈവസാന്നിധ്യത്തിന്റെ ഏറ്റവും വലിയ സാക്ഷ്യങ്ങൾ. ആ അപ്പത്തിന്റെ ഓരോ തരിയും എന്റെ ഹൃദയത്തിലെ സകല ഭാരങ്ങളെയും മായ്ച്ചുകളഞ്ഞു. പള്ളിക്കുള്ളിലെ ധൂപവർഗത്തിന്റെ സുഗന്ധവും പ്രാർഥനാഗീതങ്ങളും എന്നെ ശാന്തമാക്കി.

## നക്ഷത്രങ്ങൾ സാക്ഷിയായ മടക്കയാത്ര

രാത്രി പതിനൊന്നരയോടെ പ്രാർഥനകൾ അവസാനിച്ചു. വിശപ്പടങ്ങിയ ശരീരവും പ്രകാശപൂർണ്ണമായ മനസ്സുമായി ഒന്നരയോടെ ഞാൻ വീണ്ടും തുറമുഖത്തെത്തി. ആകാശത്ത് നക്ഷത്രങ്ങൾ പാത്മോസിന്റെ കാവൽക്കാരായി ജ്വലിച്ചു നിൽക്കുന്നുണ്ടായിരുന്നു. പുലർച്ചെ രണ്ടു മണിയോടെ, ഇരുളിൽ ഒരു വെള്ളിമേഘം പോലെ 'ബ്ലൂ സ്റ്റാർ' കപ്പൽ ചക്രവാളത്തിൽ തെളിഞ്ഞു. തിരമാലകളെ വകഞ്ഞുമാറ്റി ആ വലിയ നൗക തുറമുഖത്തോടടുത്തപ്പോൾ, ഏകാന്തതയുടെ ധന്യമായ പകൽക്കാലം അവസാനിക്കുകയാണെന്ന തിരിച്ചറിവിൽ ഉള്ളൊന്നു പിടഞ്ഞു.

കപ്പലിന്റെ പടവുകൾ കയറുമ്പോൾ, താഴെ പാത്മോസിന്റെ മണ്ണ് നിശബ്ദമായി വിടചൊല്ലി. ഡെക്കിലെ തണുത്ത കാറ്റേറ്റ് നിൽക്കുമ്പോൾ, കടൽപക്ഷികളെപ്പോലെ സ്വതന്ത്രമായ ചിന്തകൾ എന്റെയുള്ളിൽ ചിറകടിച്ചുയർന്നു.

## തടവറയിൽ വിരിഞ്ഞ പ്രത്യാശയുടെ പ്രകാശം

പാത്മോസിലേക്കുള്ള യാത്ര ഇന്നും ഒരു വലിയ പരീക്ഷണമാണ്. ഗതിമാറി വീശുന്ന കടൽക്കാറ്റും എത്തിപ്പിടിക്കാൻ പ്രയാസമുള്ള കപ്പൽയാത്രകളും വിശ്വാസത്തിന്റെ ആഴം അളക്കുന്ന അഗ്നിപരീക്ഷകളാണ്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് വിശുദ്ധ യോഹന്നാൻ അനുഭവിച്ച കഷ്ടപ്പാടുകളുടെ ഒരു നേർത്ത നിഴൽ മാത്രമാണ് ഇന്നത്തെ ഈ യാത്രാക്ലേശങ്ങളെന്ന് തിരിച്ചറിയുമ്പോൾ, ഓരോ തടസ്സവും ഒരു അനുഗ്രഹമായി മാറും. ലോകം അദ്ദേഹത്തെ ഒരു തടവുകാരനായിക്കണ്ട് ഈ പരുക്കൻ ശിലകൾക്കിടയിലേക്ക് നാടുകടത്തിയപ്പോൾ, തന്റെ ഏകാന്തതയെ സ്വർഗീയരഹസ്യങ്ങൾ വിരിയുന്ന ഒരു വിശുദ്ധ സങ്കേതമാക്കി മാറ്റുകയായിരുന്നു ആ വലിയ മനുഷ്യൻ.

## പുതിയൊരു മനുഷ്യന്റെ തുടക്കം

പിറ്റേന്ന് പ്രഭാതം പൊട്ടിവിടരുമ്പോൾ കപ്പൽ ശാന്തമായ കടലിലൂടെ ലക്ഷ്യസ്ഥാനത്തേക്ക് നീങ്ങുകയായിരുന്നു. തീർഥാടനം പൂർത്തിയാക്കി മടങ്ങുന്ന സഞ്ചാരിയായ എന്റെ ഹൃദയത്തിൽ ഇപ്പോൾ പരാതികളോ വിശപ്പിന്റെ ആധിയോ ഇല്ല; പകരം ഒരു യുഗത്തിന്റെ ആത്മീയ സമ്പാദ്യം മുഴുവൻ കൈവന്നവന്റെ നിറഞ്ഞ സംതൃപ്തി മാത്രം. കഠിനമായ പാറക്കെട്ടുകൾക്കിടയിൽ കണ്ട ദൈവസാന്നിധ്യവും, ഇസിദോർ അച്ചൻ കാട്ടിത്തന്ന വെളിപാടിന്റെ അടയാളങ്ങളും, പ്രതിസന്ധിയിൽ ലഭിച്ച ആ അപ്പക്കഷ്ണവും ഒരു മഹാകാവ്യം പോലെ എന്റെ

ഓർമ്മകളിൽ തെളിഞ്ഞുനിന്നു. ലക്ഷ്യസ്ഥാനത്തേക്ക് കപ്പലടുക്കുമ്പോൾ അതൊരു യാത്രയുടെ അന്ത്യമല്ല, മറിച്ച് എന്റെ ഉള്ളിലെ പുതിയൊരു മനുഷ്യന്റെ തുടക്കമായിരുന്നു. പാത്മോസ് എന്ന ആ ചെറിയ ദ്വീപ് എന്റെ ഹൃദയത്തിൽ വലിയൊരു പരിവർത്തനത്തിന്റെ വിത്തുപാകി എന്ന തിരിച്ചറിവോടെ, നിറഞ്ഞ മിഴികളോടെ ഞാൻ മണ്ണിലിറങ്ങി.

## പാത്മോസ്: നിത്യമായൊരു വെളിപാട്

ഇന്ന് പാത്മോസ്, ഈജിയൻ കടലിലെ വെറുമൊരു വരണ്ട ഭൂപ്രദേശമല്ല; മറിച്ച് പ്രകൃതി സൗന്ദര്യത്തിന്റെയും അനശ്വരമായ ആത്മീയതയുടെയും അപൂർവ സംഗമഭൂമിയാണ്. വെളുത്ത ചായം പൂശിയ വീടുകളും കുത്തനെയുള്ള ഇടുങ്ങിയ വീഥികളും 'സ്കാലയിലെ' തിരക്കേറിയ തുറമുഖവും ഈ ദ്വീപിന് സവിശേഷമായൊരു വ്യക്തിത്വം നൽകുന്നുണ്ട്. മലമുകളിൽ ഒരു കോട്ടപോലെ തലയുയർത്തി നിൽക്കുന്ന വിശുദ്ധ യോഹന്നാന്റെ നാമത്തിലുള്ള ആശ്രമവും താഴ്‌വാരത്തിൽ നിഗൂഢതകൾ ഒളിപ്പിച്ചുവെച്ച വെളിപാടിന്റെ ഗുഹയും കാലമെത്ര കഴിഞ്ഞിട്ടും തീർഥാടകർക്ക് ഒരു വിസ്മയമാണ്.

സമുദ്രത്തിന്റെ നീലിമയും കുന്നുകളുടെ പച്ചപ്പും സംഗമിക്കുന്ന ഈ തീരങ്ങളിൽ, മെഴുകുതിരികളുടെ സ്നിഗ്ധമായ വെളിച്ചവും ധൂപവർഗത്തിന്റെ സുഗന്ധവും എപ്പോഴും തങ്ങിനിൽക്കുന്നു. പ്രാർഥനാനിർഭരമായ ഈ മണ്ണ് ഓരോ സന്ധ്യയിലും സ്വർണ്ണാഭമായ സൂര്യപ്രകാശത്തിൽ കുളിച്ചുനിൽക്കുമ്പോൾ, അത് വിശുദ്ധ യോഹന്നാൻ ദർശിച്ച അതേ സ്വർഗീയ ശോഭ ആവാഹിക്കുന്നതായി നമുക്ക് അനുഭവപ്പെടും. നിശബ്ദതയ്ക്കു പോലും സംഗീതമുള്ള, ഏകാന്തതയ്ക്ക് പോലും സ്വർഗീയമായ അർഥങ്ങളുള്ള പാത്മോസ്, ഭൂമിയിലെ നിത്യമായൊരു വെളിപാടായി ഇന്നും നിലകൊള്ളുന്നു. ○

***അടുത്ത ലക്കത്തിൽ:***
*ആത്മീയതയും ചരിത്രവും ഇഴചേരുന്ന 'വെളിപാട് ഗ്രന്ഥത്തിലെ ഏഴു സഭകളിലൂടെയുള്ള യാത്ര'*

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**സെബാസ്റ്റ്യൻ മാത്തൂർ ഇരവുചിറ**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഷിജോ മാത്തൂർ ഇരവുചിറ**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഡെയ്സമ്മ**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**അയറിൻ ഇരവുചിറ**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി പാണ്ടി**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഒരു വിശ്വാസി പാണ്ടി**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന

പരിശുദ്ധാത്മാവായ ദൈവമേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കാനും മറക്കാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എനിക്കുായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ, വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്ത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു... (നിയോഗം പറയുക).

*ഒരു വിശ്വാസി, പാണ്ടി*

### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

*ഒരു വിശ്വാസി, ഇത്തിത്താനം*



# AI വിസ്മയങ്ങൾ: സൗജന്യമല്ല ഈ സൗന്ദര്യം!



**നി**ങ്ങളുടെ ഒരു സെൽഫി നിമിഷനേരംകൊണ്ട് മനോഹരമായ ഒരു പെയിന്റിംഗായി മാറുന്നു. നിങ്ങളുടെ ശബ്ദത്തിൽ നിങ്ങൾ പാടാത്ത പാട്ടുകൾ കേൾക്കാനാകുന്നു. പഴയ ഫോട്ടോയിലുള്ളവർ കണ്ണുചിമ്മുന്നതും ചിരിക്കുന്നതും കണ്ട് നാം അത്ഭുതപ്പെടുന്നു. ഇതാണ് ഇന്ന് എ.ഐ ഒരുക്കുന്ന സാധ്യതകൾ. എ.ഐ വഴി ലഭിക്കുന്ന ഈ സന്തോഷം തികച്ചും 'സൗജന്യമാണ്' എന്നാണ് നാം കരുതുന്നത്. എന്നാൽ, ഡിജിറ്റൽ ലോകത്തെ ഒരു പ്രശസ്തമായ തത്വമുണ്ട്: 'നിങ്ങൾക്ക് ഒരു സേവനം സൗജന്യമായി ലഭിക്കുന്നുണ്ടെങ്കിൽ, അവിടെ ഉൽപ്പന്നം നിങ്ങളാണ്.'

ലഡാക്കിലെ മഞ്ഞുമലകൾ മുതൽ വെനസ്വേലയിലെ സൈനിക ഓപ്പറേഷനുകൾ വരെ നീളുന്ന എ.ഐയുടെ ഇടപെടലുകൾ ഒരു കാര്യം വ്യക്തമാക്കുന്നു: നമ്മുടെ ഡാറ്റ വെറുമൊരു വിവരമല്ല, അത് പുതിയ കാലത്തെ ഇന്ധനമാണ്.






## 1. സോഷ്യൽ മീഡിയയിലെ എ.ഐ ട്രെൻഡുകൾ

ഓരോ ദിവസവും ഉണരുന്നത് പുതിയൊരു എ.ഐ ട്രെൻഡുമായാണ്. ഒരു ആനിമേഷൻ കഥാപാത്രമായോ 90-കളിലെ ഒരു സ്കൂൾ വിദ്യാർഥിയായോ നമ്മുടെ കൂട്ടുകാർ ഒരു ഫോട്ടോ ഇട്ടാൽ, 'ഒന്ന് പരീക്ഷിച്ചു നോക്കിയാലോ?' എന്നുതോന്നാത്തവർ ചുരുക്കമായിരിക്കും.

***വിസ്മയങ്ങളുടെ പുതിയ തരംഗങ്ങൾ***

എ.ഐ ട്രെൻഡുകൾ നമ്മുടെ ഭാവനയെയും യാഥാർഥ്യത്തെയും ഒന്നിപ്പിക്കുന്ന അദ്ഭുതങ്ങൾ സൃഷ്ടിക്കുന്നു. ഇന്ന് സോഷ്യൽ മീഡിയയെ കീഴടക്കുന്ന ചില പ്രധാന ട്രെൻഡുകൾ ഇവയാണ്:

❍ **ഗിബ്ലി സ്റ്റൈൽ:** ലോകപ്രശസ്തമായ 'സ്റ്റുഡിയോ ഗിബ്ലി' എന്ന ജാപ്പനീസ് ആനിമേഷൻ സ്റ്റുഡിയോയുടെ സിനിമകളിലെ കഥാപാത്രങ്ങളെപ്പോലെ നമ്മുടെ സെൽഫികളെ മാറ്റുന്ന രീതിയാണിത്. ഒരു സാധാരണ ഫോട്ടോയ്ക്ക് സ്വപ്നമെന്നപോലെ മിഴിവും മനോഹാരിതയും നൽകുന്ന ഇത് യുവാക്കൾക്കിടയിൽ പ്രിയപ്പെട്ടതാണ്.

❍ **ജെമിനി 'നാനോ ബനാന സാരി':** ഗൂഗിളിന്റെ ഏറ്റവും പുതിയ എ.ഐ മോഡലുകൾ ഉപയോഗിച്ച് നിർമ്മിച്ചതാണിത്. കേരളീയ വസ്ത്രധാരണ രീതികളെയും സാംസ്കാരിക അടയാളങ്ങളെയും സൂക്ഷ്മമായി പഠിച്ച് ആരെയും നിമിഷത്തിൽ സുന്ദരികളായ സാരി മോഡലുകളാക്കുന്ന ഈ ചിത്രങ്ങൾ പ്രായഭേദമന്യേ എല്ലാവരെയും ആകർഷിക്കുന്നു.

❍ **ഹെറിറ്റേജ് ആനിമേഷൻ:** പഴയകാലത്തെ മങ്ങിയതും കേടായതുമായ ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോകൾക്ക് ജീവൻ നൽകുന്ന വിദ്യയാണിത്. വല്യച്ചാച്ചനും അമ്മച്ചിയും ഫോട്ടോയിൽ നിന്ന് നമ്മളെ നോക്കി ചിരിക്കുന്നതും കണ്ണുചിമ്മുന്നതും കാണുമ്പോൾ ലഭിക്കുന്ന സന്തോഷമാണ് ഈ ട്രെൻഡിനെ ജനപ്രിയമാക്കുന്നത്.

❍ **എ.ഐ അവതാർ:** യഥാർഥ മനുഷ്യരെപ്പോലെ തോന്നിപ്പിക്കുന്ന, എന്നാൽ പൂർണ്ണമായും എ.ഐ നിർമ്മിതമായ ഡിജിറ്റൽ വ്യക്തിത്വങ്ങൾ ഇന്ന സോഷ്യൽ മീഡിയയിൽ സജീവമാണ. അവർ വസ്ത്രങ്ങൾ പരിചയപ്പെടുത്തുകയും യാത്രകൾ നടത്തുകയും ചെയ്യുന്നു. 'ഹൈപ്പർറിയലിസ്റ്റിക്' ആയ ഇത്തരം രൂപങ്ങൾ യഥാർഥ മനുഷ്യരാണോ എന്ന തിരിച്ചറിയാൻപോലും ബുദ്ധിമുട്ടാണ.

❍ **റിയൽടൈം സ്റ്റൈൽ ട്രാൻസ്ഫർ:** വീഡിയോ കോളിലിരിക്കുമ്പോൾത്തന്നെ നിങ്ങളുടെ പശ്ചാത്തലം മാറ്റാനോ, നിങ്ങളുടെ മുഖത്ത് മറ്റൊരു മേക്കപ്പ് നൽകാനോ എന്നതിലപ്പുറം തത്സമയം നമ്മുടെ രൂപം മാറ്റാനും മൊത്തത്തിൽ മറ്റൊരാളെക്കൊണ്ട് സംസാരിപ്പിക്കാനും ഇന്ന് എ.ഐക്ക് സാധിക്കും.

❍ **എ.ഐ വോയ്സ് കവറുകൾ**: പ്രശസ്ത ഗായകർ പാടാത്ത പാട്ടുകൾ അവരുടെ തന്നെ ശബ്ദത്തിൽ കേൾപ്പിക്കുന്നത് ഇന്നൊരു ട്രെൻഡാണ്. നിങ്ങളുടെ പ്രിയപ്പെട്ട ഗായകരെകൊണ്ട് ഒരു ചെലവുമില്ലാതെ ഇഷ്ടമുള്ള ഗാനങ്ങൾ പാടിക്കേൾക്കാൻ ഇങ്ങനെ സാധിക്കും. ശബ്ദമോഷണത്തിന്റെ (Voice Theft) സാധ്യതകളും ഇതിൽ ഒളിഞ്ഞിരിപ്പുണ്ട്.

❍ **ജെനറേറ്റീവ് ഫാഷൻ:** നമ്മൾ വാങ്ങാൻ ആഗ്രഹിക്കുന്ന വസ്ത്രങ്ങൾ നമ്മുടെ തന്നെ ഫോട്ടോയിൽ ധരിച്ചു നോക്കി (Virtual Try-on) എങ്ങനെയുണ്ടെന്ന് പരിശോധിക്കുന്ന രീതിയാണിത്. ഓൺലൈൻ ഷോപ്പിംഗിനെ ഇത് വിപ്ലവകരമായി മാറ്റിമറിക്കുന്നുണ്ടെങ്കിലും, നമ്മുടെ ശാരീരിക അളവുകൾ (Body Measurements) കമ്പനികൾക്കു ലഭ്യമാകുന്നു എന്ന അപകടവും ഇതിലുണ്ട്.

ഈ ട്രെൻഡുകളെല്ലാം നമുക്കു നൽകുന്നത് വലിയൊരു വിനോദാനുഭവമാണ്. എന്നാൽ, നാം നൽകുന്ന ഓരോ ചിത്രവും ശബ്ദവും വലിയൊരു ഡാറ്റാ ശേഖരത്തിന്റെ ഭാഗമാവുകയാണെന്ന് നാം

തിരിച്ചറിയണം. കണ്ണ് ചിമ്മുന്ന വേഗത്തിൽ മാറുന്നത് നമ്മുടെ രൂപങ്ങൾ മാത്രമല്ല, നമ്മുടെ സ്വകാര്യത കൂടിയാണ്.

### *സൗജന്യമായി നാം നൽകുന്ന 'വിലയേറിയ' ഡാറ്റ*

നമ്മൾ ഒരു ഫോട്ടോ അപ്‌ലോഡ് ചെയ്ത് മിനിറ്റുകൾക്കുള്ളിൽ മനോഹരമായ ഒരു ചിത്രം തിരികെ ലഭിക്കുമ്പോൾ, യഥാർഥത്തിൽ അതുനു പിന്നിലെ എ.ഐ മോഡൽ നമ്മെ സൂക്ഷ്മമായി പഠിക്കുകയാണ്. ലക്ഷക്കണക്കിന് ആളുകൾ ഒരേസമയം ഇത്തരം ട്രെൻഡുകൾ പിന്തുടരുമ്പോൾ ആ കമ്പനികൾക്കു ലഭിക്കുന്നത് ലോകത്തെ ഏറ്റവും വലിയ ഡാറ്റാ ശേഖരമാണ്.

കൗണ്ടർ പോയിന്റ് റിസർച്ച് ഡയറക്ടറായ **തരുൺ പഥക്** പറയുന്നത് ഇങ്ങനെയാണ്:

*"ഇത്തരം എ.ഐ ട്രെൻഡുകളിൽ പങ്കെടുക്കുമ്പോൾ, നാം അറിയാതെ തന്നെ നമ്മുടെ ഒരു പൂർണ്ണ ഡിജിറ്റൽ പ്രൊഫൈൽ നിർമ്മിക്കപ്പെടുകയാണ്. ഇത് വെറുമൊരു ഫോട്ടോ സേവ് ചെയ്യലല്ല. നിങ്ങളുടെ മുഖത്തിന്റെ ബയോമെട്രിക് വിവരങ്ങൾ, അതായത് മുഖത്തിന്റെ ഘടന, കണ്ണുകളുടെ സ്ഥാനം തുടങ്ങിയവ വിശകലനം ചെയ്യപ്പെടുന്നു. ഭാവിയിൽ സൈബർ ആക്രമണങ്ങൾക്കോ നിങ്ങളുടെ അനുവാദമില്ലാതെ മറ്റൊരാൾക്ക് നിങ്ങളായി വേഷമിടാനോ (Biomteric Misuse) ഇത് കാരണമായേക്കാം. ഇത്തരം ആപ്പുകൾ ഉപയോഗിക്കുമ്പോൾ 'ട്രെയിനിംഗ് ഫീച്ചറുകൾ' ഓഫ് ചെയ്യാൻ ഉപയോക്താക്കൾ പ്രത്യേകം ശ്രദ്ധിക്കണം."*

അതായത്, ഒരു പാസ്‌വേർഡ് ചോർന്നാൽ നമുക്കത് മാറ്റാം. എന്നാൽ, നമ്മുടെ മുഖമോ ശബ്ദമോ എ.ഐ വഴി ചോർന്നാൽ, അത് എന്നെന്നേക്കുമായി നഷ്ടപ്പെട്ടതുപോലെയാണ്.

ടെക് ആർക്കിന്റെ സ്ഥാപകനായ **ഫൈസൽ കവൂസയുടെ** നിരീക്ഷണം ശ്രദ്ധേയമാണ്:

*"ഡാറ്റയാണ് ഇന്നത്തെ ഇന്ധനം. വൻകിട എ.ഐ കമ്പനികൾക്ക് മികച്ച മോഡലുകൾ നിർമ്മിക്കാനറിയാം; പക്ഷേ, അവയെ പരിശീലിപ്പിക്കാൻ ആവശ്യമായ കോടിക്കണക്കിന് ഡാറ്റ അവരുടെ കൈയിലില്ല. അതുകൊണ്ട് അവർ ചെയ്യുന്ന തന്ത്രമാണിത്. സൗജന്യമായി ആകർഷകമായ ട്രെൻഡുകൾ നൽകുക. അപ്പോൾ നമ്മൾ ആവേശത്തോടെ നമ്മുടെ ഫോട്ടോകളും വിവരങ്ങളും അവർക്ക് നൽകും. ഇതിനെയാണ് 'ക്രൗഡ് സോഴ്സിംഗ്' എന്നു പറയുന്നത്. സോഷ്യൽ മീഡിയയുടെ തുടക്കകാലത്ത് നമ്മൾ സുഹൃത്തുക്കളെ ഇൻവൈറ്റ് ചെയ്തതുപോലെ തന്നെയാണ് ഇതും. പക്ഷേ, ഇവിടെ കൈമാറുന്നത് നമ്മുടെ സ്വകാര്യതയാണ്."*

### *നമ്മൾ ട്രെയിനർമാരാകുമ്പോൾ*

ഒരു എ.ഐ മോഡൽ സ്മാർട്ടാകണമെങ്കിൽ അതിനു ദശലക്ഷക്കണക്കിന് ഉദാഹരണങ്ങൾ വേണം. നമ്മൾ ഓരോരുത്തരും ഫോട്ടോകൾ നൽകുമ്പോൾ, യഥാർഥത്തിൽ ആ കമ്പനികളുടെ എ.ഐ മോഡലിനെ പഠിപ്പിക്കാനുള്ള 'സൗജന്യ പരിശീലകരായി' (Validation and Training) നാം മാറുകയാണ്. ചുരുക്കത്തിൽ, നിങ്ങൾ ഒരു ട്രെൻഡ് പിന്തുടരുമ്പോൾ, യഥാർഥത്തിൽ ആ കമ്പനിയുടെ എ.ഐയെ കൂടുതൽ മിടുക്കനാകാൻ സഹായിക്കുന്ന ഒരു ശമ്പളമില്ലാത്ത അദ്ധ്യാപകനായി നിങ്ങൾ മാറുകയാണ്.

## 2. അപകടങ്ങൾ: ഡീപ്പ് ഫേക്കും വോയ്സ് ക്ലോണിംഗും

സാങ്കേതികവിദ്യയുടെ വളർച്ച നമ്മെ അദ്ഭുതപ്പെടുത്തുന്നതോടൊപ്പംതന്നെ ഭയപ്പെടുത്തുകയും വേണം. മുമ്പ് ഒരു വീഡിയോ കണ്ടാലോ ഫോണിലൂടെ ഒരാളുടെ ശബ്ദം കേട്ടാലോ അത് ആ വ്യക്തി തന്നെയാണെന്ന് നമുക്ക് ഉറപ്പിക്കാമായിരുന്നു. എന്നാൽ 2026-ൽ, എ.ഐ ആ ഉറപ്പിനെ എന്നെന്നേക്കുമായി ഇല്ലാതാക്കിയിരിക്കുന്നു.

### *എന്താണ് ഈ 'ഡീപ്പ് ഫേക്ക്'?*

ഒരാളുടെ മുഖവും ചലനങ്ങളും കൃത്രിമമായി നിർമ്മിച്ച് മറ്റൊരാളുടേതാക്കി മാറ്റുന്ന വിദ്യയാണിത്. നമ്മൾ സംസാരിക്കാത്ത കാര്യങ്ങൾ നമ്മുടെ മുഖമുപയോഗിച്ച് സംസാരിപ്പിക്കാൻ എ.ഐക്ക് ഇന്ന് നിഷ്പ്രയാസം സാധിക്കും. പ്രമുഖ സിനിമാതാരങ്ങളുടെയും രാഷ്ട്രീയ നേതാക്കളുടെയും മുഖം മാറ്റി സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വീഡിയോകൾ നാം കണ്ടിട്ടുണ്ടാകും. വ്യക്തിഹത്യയ്ക്കും വ്യാജവാർത്തകൾ പ്രചരിപ്പിക്കാനും ഇന്ന് വ്യാപകമായി 'ഡീപ്പ് ഫേക്ക്' ഉപയോഗിക്കപ്പെടുന്നു.

### *മൂന്ന് സെക്കൻഡ് മതി നിങ്ങളെ തകർക്കാൻ*

ഇന്ന് സൈബർ ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എ.ഐ വോയ്സ് സ്കാമുകളാണ്. നിങ്ങളുടെ ശബ്ദത്തിലുള്ള ഒരു ചെറിയ വീഡിയോ ക്ലിപ്പോ വോയ്സ് മെസ്സേജോ ഉണ്ടെങ്കിൽ, അതുപയോഗിച്ച് നിങ്ങളുടെ ശബ്ദം കൃത്യമായി അനുകരിക്കാൻ (Cloning) എ.ഐ

ടൂളുകൾക്കു സാധിക്കും. രാത്രിയിൽ ഒരു അപരിചിത നമ്പറിൽനിന്ന് നിങ്ങൾക്കു ഫോൺ വരുന്നു. മറുതലയ്ക്കൽ നിങ്ങളുടെ മകന്റെയോ സഹോദരന്റെയോ ശബ്ദം! താൻ വലിയൊരു അപകടത്തിൽപ്പെട്ടുവെന്നും ആശുപത്രിയിലാണെന്നും ഉടൻ പണം വേണമെന്നും കരഞ്ഞുകൊണ്ട് അയാൾ പറയുന്നു. ശബ്ദം കേട്ടാൽ നമ്മുടെ പ്രിയപ്പെട്ടവനാണെന്ന് നൂറുശതമാനം ഉറപ്പിക്കാം. പരിഭ്രമിച്ചുപോയ നിങ്ങൾ ഉടൻതന്നെ പണം അയച്ചുകൊടുക്കുന്നു. പിന്നീടാണ് അവർ സുരക്ഷിതരാണെന്നും നിങ്ങൾ ഒരു എ.ഐ തട്ടിപ്പിന് ഇരയായെന്നും അറിയുന്നത്.

***അബ്സല്യൂട്ട് റിസോൾവ്: എ.ഐ യുദ്ധക്കളത്തിലും***

വാൾസ്ട്രീറ്റ് ജേണൽ റിപ്പോർട്ട് ചെയ്ത വെനസ്വേലയിലെ 'അബ്സല്യൂട്ട് റിസോൾവ്' എന്ന ഓപ്പറേഷൻ സൈനിക നീക്കങ്ങൾക്കും രഹസ്യവിവരങ്ങൾ ചോർത്തുന്നതിനും എ.ഐ എങ്ങനെ ഉപയോഗിക്കാം എന്നതിനൊരു ആഗോള ഉദാഹരണമാണ്. നമ്മൾ വിനോദത്തിനായി ഉപയോഗിക്കുന്ന അതേ സാങ്കേതികവിദ്യ തന്നെയാണ് ലോകത്തെ മുൾമുനയിൽ നിർത്തുന്ന രഹസ്യ ഓപ്പറേഷനുകൾക്കും ഉപയോഗിക്കുന്നത്.

***കളി കാര്യമാകും***

സ്കൂൾ കുട്ടികളെയും കൗമാരക്കാരെയുമാണ് എ.ഐ ചതിക്കുഴികൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത്. തമാശയ്ക്കായി സുഹൃത്തുക്കളുടെ മുഖം മാറ്റുന്നതും (Face Swapping), അശ്ലീല ചുവയുള്ള വീഡിയോകളിൽ മറ്റൊരാളുടെ മുഖം ചേർക്കുന്നതും ഇന്ന് സൈബർ കുറ്റകൃത്യങ്ങളുടെ പരിധിയിൽ വരുന്നവയാണ്. ഇത്തരം പ്രവർത്തികൾ ഒരാളുടെ ജീവിതംതന്നെ തകർക്കാൻ കാരണമാകും.

## 3. എ.ഐ എങ്ങനെ 'പഠിക്കുന്നു?'

നമ്മൾ ഒരു എ.ഐ ആപ്പിൽ ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ, ആ ചിത്രം എഡിറ്റ് ചെയ്തു കിട്ടുന്നതോടെ എല്ലാം അവസാനിച്ചു എന്നാണ് നമ്മുടെ ധാരണ. യഥാർഥത്തിൽ, അവിടം മുതലാണ് കമ്പനികളുടെ പണി തുടങ്ങുന്നത്. ഒരു ഫോട്ടോ എന്നാൽ എ.ഐ കമ്പനികളെ



സംബന്ധിച്ചിടത്തോളം, നിങ്ങളുടെ ജീവിതത്തിലേക്ക് തുറന്നുപിടിച്ച ഒരു ജാലകമാണ്.

***നിങ്ങൾ അറിയാത്ത 'മെറ്റാഡാറ്റ'***

ഓരോ ഫോട്ടോയ്ക്കും പിന്നിൽ 'മെറ്റാഡാറ്റ' എന്നറിയപ്പെടുന്ന ചില രഹസ്യവിവരങ്ങളുണ്ട്. നിങ്ങൾ ഏത് സ്ഥലത്തുവെച്ചാണ് ഫോട്ടോ എടുത്തത്, ഏത് സമയത്താണ്, ഏത് ഫോണാണ് ഉപയോഗിച്ചത് തുടങ്ങിയ വിവരങ്ങൾ ഇതിലുണ്ടാകും. നിങ്ങൾ ഒരു ചിത്രം അപ്‌ലോഡ് ചെയ്യുമ്പോൾ, ഈ വിവരങ്ങളും ആ കമ്പനിയുടെ സെർവറുകളിൽ എത്തും. ഇതിലൂടെ നിങ്ങളുടെ യാത്രാശീലങ്ങളും സാമ്പത്തിക സ്ഥിതിയുമൊക്കെ എ.ഐക്ക് മനസ്സിലാക്കാൻ സാധിക്കും.

***ഡിജിറ്റൽ പ്രൊഫൈലിംഗ്: നിങ്ങളുടെ ഒരു നിഴൽ രൂപം***

ലക്ഷക്കണക്കിന് ആളുകളിൽനിന്ന് ശേഖരിക്കുന്ന ഇത്തരം വിവരങ്ങൾ ഉപയോഗിച്ച് ഓരോ വ്യക്തിക്കും ഒരു 'ഡിജിറ്റൽ പ്രൊഫൈൽ' കമ്പനികൾ നിർമ്മിക്കുന്നു. നിങ്ങൾ എങ്ങനെയുള്ള വസ്ത്രങ്ങളാണ് ഇഷ്ടപ്പെടുന്നത്, ഏത് നിറത്തോടാണ് നിങ്ങൾക്കു താൽപര്യം? നിങ്ങൾ സന്തോഷത്തിലാണോ സങ്കടത്തിലാണോ? നിങ്ങളുടെ മുഖഭാവങ്ങളിൽ നിന്ന് എ.ഐ നിങ്ങളുടെ മാനസികാവസ്ഥ പോലും വിശകലനം ചെയ്യുന്നു. അടുത്ത തവണ നിങ്ങൾ സോഷ്യൽ മീഡിയ തുറക്കുമ്പോൾ, നിങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ചുള്ള പരസ്യങ്ങൾ മാത്രം വരുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? ഇതാണ് 'ടാർഗെറ്റഡ് മാർക്കറ്റിംഗ്'. നിങ്ങൾ എന്താണ് വാങ്ങേണ്ടത് എന്നുപോലും തീരുമാനിക്കുന്നത് ഇത്തരം എ.ഐ പ്രൊഫൈലിംഗിലൂടെയാണ്.

***നിബന്ധനകൾ എന്ന കുരുക്ക്***

ഒരു ആപ്പ് ഇൻസ്റ്റാൾ ചെയ്യുമ്പോൾ 'Allow' അല്ലെങ്കിൽ 'Agree' എന്ന് നാം കണ്ണടച്ച് ക്ലിക്ക് ചെയ്യാറുണ്ട്.



സാധാരണയായി ആരും വായിക്കാത്ത അമ്പതും നൂറും പേജുള്ള ആ നിബന്ധനകളിൽ (Terms and Conditions) പലപ്പോഴും ഒരു വാചകമുണ്ടാകും: 'നിങ്ങൾ നൽകുന്ന വിവരങ്ങൾ ഞങ്ങളുടെ സേവനം മെച്ചപ്പെടുത്താൻ ഉപയോഗിക്കാം.' ഇതിനർഥം, നിങ്ങളുടെ ഫോട്ടോയോ ശബ്ദമോ ഉപയോഗിച്ച് അവരുടെ എ.ഐ മോഡലിനെ പഠിപ്പിക്കാൻ നിങ്ങൾ അനുവാദം നൽകി എന്നാണ്. ഇവിടെ നിങ്ങളുടെ അനുവാദത്തോടെതന്നെ നിങ്ങളുടെ സ്വകാര്യത അവർ നിയമപരമായി സ്വന്തമാക്കുകയാണ്.

***കൂടുതൽ കൃത്യത, കൂടുതൽ അപകടം***

2026-ൽ നാം നിൽക്കുമ്പോൾ എ.ഐ കൂടുതൽ 'ഇന്റലിജന്റ്' ആയി മാറിയിരിക്കുന്നു. ഇന്നു നമ്മൾ നൽകുന്ന ഒരു ചിത്രം ഉപയോഗിച്ച് നമ്മുടെ പഴയ കാലത്തെയും ഭാവിയിലെ രൂപത്തെയും മാത്രമല്ല, നമ്മുടെ ആരോഗ്യസ്ഥിതി പോലും (Health Prediction) പ്രവചിക്കാൻ എ.ഐക്കു സാധിക്കും. ഇത്തരം വിവരങ്ങൾ ഇൻഷുറൻസ് കമ്പനികൾക്കോ മറ്റു വാണിജ്യ സ്ഥാപനങ്ങൾക്കോ ലഭിക്കുന്നത് നമ്മുടെ വ്യക്തിസ്വാതന്ത്ര്യത്തിന് വലിയ ഭീഷണിയാണ്.

ചുരുക്കത്തിൽ, സൗജന്യമായി ലഭിക്കുന്ന ഓരോ എ.ഐ വിസ്മയവും വൻകിട കമ്പനികളുടെ ലാഭത്തിനു വേണ്ടിയുള്ള പരീക്ഷണശാലയിലെ 'ഇരകൾ' മാത്രമായി നമ്മെ മാറ്റാനിടയുണ്ട്.

## 5. ഡിജിറ്റൽ സുരക്ഷയ്ക്കായുള്ള മുൻകരുതലുകൾ

എ.ഐ സാങ്കേതികവിദ്യയെ നാം പൂർണ്ണമായും ബഹിഷ്കരിക്കേണ്ടതില്ല. എന്നാൽ, കാർ ഓടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കുന്നതുപോലെ, ഡിജിറ്റൽ ലോകത്ത് സഞ്ചരിക്കുമ്പോൾ ചില 'സുരക്ഷാരീതികൾ' നാം സ്വയം ശീലിക്കേണ്ടതുണ്ട്. നമ്മുടെ കുടുംബത്തെയും, വിശേഷിച്ച് കുട്ടികളെയും സുരക്ഷിതരാക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

***വ്യക്തിപരമായ വിവരങ്ങളിൽ അതിർവരമ്പുകൾ നിശ്ചയിക്കുക***

❍ **സെൻസിറ്റീവ് ചിത്രങ്ങൾ ഒഴിവാക്കുക:** വളരെ വ്യക്തിപരമായ ഫോട്ടോകൾ, കുട്ടികളുടെ ചിത്രങ്ങൾ, തിരിച്ചറിയൽ രേഖകൾ (ആധാർ, പാസ്പോർട്ട്), വീടിന്റെ ഉൾഭാഗം വ്യക്തമാകുന്ന ദൃശ്യങ്ങൾ തുടങ്ങിയവ ഒരിക്കലും അപരിചിതമായ എ.ഐ ആപ്പുകളിൽ അപ്‌ലോഡ് ചെയ്യരുത്.

❍ **സൗജന്യമാണെങ്കിൽ സംശയിക്കുക:** ഒരു ആപ്പ് പൂർണ്ണമായും സൗജന്യമായി സേവനം നൽകുന്നുണ്ടെങ്കിൽ, നിങ്ങളുടെ വിവരങ്ങൾ അവർ വിൽക്കുന്നുണ്ടാകാം. പ്രശസ്തമായ കമ്പനികളുടെ (ഗൂഗിൾ, മൈക്രോസോഫ്റ്റ്, ഓപ്പൺ എ.ഐ തുടങ്ങിയവ) ആപ്പുകൾ മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കുക.

***സാങ്കേതികമായ ജാഗ്രത***

**പ്രൈവസി സെറ്റിംഗ്സ് പരിശോധിക്കുക:** നിങ്ങൾ ഉപയോഗിക്കുന്ന എ.ഐ ആപ്പുകളിലെ സെറ്റിംഗ്സ് പരിശോധിക്കുക. നിങ്ങളുടെ ഡാറ്റ അവരുടെ 'ട്രെയിനിംഗിനായി' ഉപയോഗിക്കുന്നത് ഓഫ് ചെയ്യാനുള്ള ഓപ്ഷൻ മിക്ക ആപ്പുകളിലും ഇപ്പോൾ ലഭ്യമാണ്. ഇത് ഓഫ് ചെയ്യുന്നത് നിങ്ങളുടെ വിവരങ്ങൾ സെർവറുകളിൽ സ്ഥിരമായി സൂക്ഷിക്കപ്പെടുന്നത് തടയും.

❍ **ടു-ഫാക്ടർ ഓതന്റിക്കേഷൻ:** നിങ്ങളുടെ സോഷ്യൽ മീഡിയ, ഇ-മെയിൽ അക്കൗണ്ടുകൾക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കാൻ 2FA ഓൺ ചെയ്യുക. ഇത് നിങ്ങളുടെ പാസ്‌വേഡ് ചോർന്നാലും അക്കൗണ്ട് ഹാക്ക് ചെയ്യപ്പെടുന്നത് തടയാൻ സഹായിക്കും.

***തട്ടിപ്പുകളെ പ്രതിരോധിക്കാൻ***

❍ **വോയ്സ് ക്ലോണിംഗിനെതിരെ ജാഗ്രത:** പണം ആവശ്യപ്പെട്ടോ അപകടത്തിൽപ്പെട്ടെന്നോ പറഞ്ഞ് പ്രിയപ്പെട്ടവരുടെ ശബ്ദത്തിൽ ഫോൺ കോളുകൾ




വന്നാൽ, പരിഭ്രമിക്കാതെ അവരെ മറ്റൊരു നമ്പറിൽ തിരിച്ചു വിളിക്കുക.

❍ **സീക്രട്ട് വേർഡ്:** വിദേശ രാജ്യങ്ങളിൽ സാധാരണമായ ഒരു ശീലമാണിത്. കുടുംബാംഗങ്ങൾക്കി

ടയിൽ മാത്രം അറിയാവുന്ന ഒരു രഹസ്യവാക്ക് നിശ്ചയിക്കുക. അത്യാവശ്യ ഘട്ടങ്ങളിൽ വിളിക്കുമ്പോൾ ഈ വാക്ക് ചോദിക്കുന്നത് എ.ഐ നിർമ്മിത ശബ്ദങ്ങളെയും തട്ടിപ്പുകാരെയും തിരിച്ചറിയാൻ സഹായിക്കും.

***കുട്ടികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ***

❍ **ലിങ്കുകൾ ക്ലിക്ക് ചെയ്യരുത്:** 'നിങ്ങൾ പ്രായമായാൽ എങ്ങനെയിരിക്കും?', 'മുൻജന്മത്തിൽ നിങ്ങൾ ആരായിരുന്നു?', 'ഓണാശംസകൾ അറിയിക്കാൻ ക്ലിക് ചെയ്യൂ' തുടങ്ങിയ ആകർഷകമായ ലിങ്കുകൾ വാട്സാപ്പിൽ വരുന്നത് പലപ്പോഴും എ.ഐ വഴി വിവരങ്ങൾ ചോർത്താനുള്ള കെണികളാണ്. കുട്ടികൾ ഇത്തരം ലിങ്കുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക.

❍ **ഡിജിറ്റൽ സാക്ഷരത:** സാങ്കേതികവിദ്യയുടെ ഗുണങ്ങളെപ്പോലെതന്നെ ദോഷങ്ങളെക്കുറിച്ചും കുട്ടികളോടു സംസാരിക്കുക. എ.ഐ നിർമ്മിക്കുന്ന ദൃശ്യങ്ങൾ എപ്പോഴും സത്യമാകണമെന്നില്ല എന്ന് അവരെ ബോധ്യപ്പെടുത്തുക.

2026-ൽ ജീവിക്കുമ്പോൾ സൈബർ സുരക്ഷ എന്നത് ഒരു ആഡംബരമല്ല, മറിച്ച് അതൊരു അനിവാര്യതയാണ്. നമ്മുടെ ജാഗ്രതയാണ് നമ്മുടെ ഏറ്റവും വലിയ സുരക്ഷ.

***കൗതുകങ്ങൾക്കിടയിൽ കരുതലോടെ***

നാം ജീവിക്കുന്നത് എ.ഐ വിസ്മയങ്ങളുടെയും ഡിജിറ്റൽ വിപ്ലവത്തിന്റെയും സുവർണ്ണകാലത്താണ്. ജീവിതം സുഗമമാക്കാനും, അറിവുകൾ പങ്കുവെക്കാനും, ക്രിയാത്മകമായി ചിന്തിക്കാനും ഈ സാങ്കേതികവിദ്യ നൽകുന്ന സഹായം ചെറുതല്ല. എന്നാൽ, ഈ വർണ്ണാഭമായ ലോകത്തിൽ നമ്മുടെ സ്വകാര്യതയുടെയും സുരക്ഷയുടെയും വില നാം നൽകുന്നുണ്ടെന്ന യാഥാർഥ്യം വിസ്മരിച്ചുകൂടാ. കുറച്ച് ലൈക്കുകൾക്കും സോഷ്യൽ മീഡിയയിലെ കണ്ടെന്റിനുംവേണ്ടി നമ്മുടെ മുഖമോ, ശബ്ദമോ, സ്വകാര്യ നിമിഷങ്ങളോ കമ്പനികൾക്കു ലാഭമുണ്ടാക്കാനുള്ള ഡാറ്റയായി വിട്ടുകൊടുക്കരുത്. കൗതുകം കൊണ്ട് മതിൽ ചാടുമ്പോൾ കുഴിയിൽ വീഴാതിരിക്കാൻ ജാഗ്രത പാലിക്കുക, സുരക്ഷിതമായിരിക്കുക!

എന്ന് സ്വന്തം,

**കുട്ടിച്ചായൻ** ❍

## ഡാറ്റാ സുരക്ഷയ്ക്ക് ഇന്ത്യയുടെ പുതിയ നിയമം

നമ്മൾ ഒരു ആപ്പിലോ വെബ്സൈറ്റിലോ നൽകുന്ന വിവരങ്ങൾ എവിടെയാണ് പോകുന്നത്? ഭൂരിഭാഗം ആഗോള കമ്പനികളും ഈ വിവരങ്ങൾ വിദേശരാജ്യങ്ങളിലെ ഭീമാകാരമായ 'ക്ലൗഡ് സെർവറുകളിലാണ്' സൂക്ഷിക്കുന്നത്. ഇത് നമ്മുടെ സ്വകാര്യതയെ ബാധിക്കുമെന്ന ആശങ്കയ്ക്കു പരിഹാരമായി ഭാരത സർക്കാർ ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ ആക്ട് (DPDP Act) നിലവിൽ വരുത്തിയിട്ടുണ്ട്.

2026-ൽ ഈ നിയമം പൂർണ്ണതോതിൽ നടപ്പിലായിക്കഴിഞ്ഞപ്പോൾ ഉപഭോക്താക്കൾക്കു ലഭിച്ച പ്രധാന അവകാശങ്ങൾ ഇവയാണ്:

• **അനുവാദം നിർബന്ധം:** നിങ്ങളുടെ വ്യക്തമായ അനുവാദമില്ലാതെ വിവരങ്ങൾ ശേഖരിക്കാനോ മറ്റൊരാൾക്കു കൈമാറാനോ ഒരു കമ്പനിക്കും കഴിയില്ല. നിങ്ങൾ എന്തിനാണ് ഈ ഡാറ്റ നൽകുന്നത് എന്നവർ ലളിതമായ ഭാഷയിൽ നിങ്ങളെ ബോധ്യപ്പെടുത്തണം.

• **വിവരങ്ങൾ മായ്ച്ചു കളയാം (Right to Erasure):** ഒരു ആപ്പ് ഉപയോഗിച്ചു കഴിഞ്ഞാൽ അല്ലെങ്കിൽ ആ സേവനം നിങ്ങൾക്ക് ഇനി വേണ്ടെങ്കിൽ, നിങ്ങളുടെ വിവരങ്ങൾ അവരുടെ സെർവറിൽനിന്ന് പൂർണ്ണമായും നീക്കം ചെയ്യാൻ ആവശ്യപ്പെടാൻ നിങ്ങൾക്ക് അവകാശമുണ്ട്.

• **ഭീമമായ പിഴ:** ഉപഭോക്താക്കളുടെ വിവരങ്ങൾ ചോരുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്താൽ, കുറ്റക്കാരായ കമ്പനികൾക്ക് 250 കോടി രൂപവരെ പിഴചുമത്താൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

• **കുട്ടികളുടെ സുരക്ഷ:** 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുമ്പോൾ മാതാപിതാക്കളുടെ പ്രത്യേക അനുവാദം വാങ്ങണമെന്ന് നിയമം നിർബന്ധമാക്കുന്നു. കുട്ടികളുടെ സ്വഭാവത്തെ നിരീക്ഷിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നൽകുന്നത് കുറ്റകരമാണ്.

• **പരാതി പരിഹാര സംവിധാനം:** നിങ്ങളുടെ ഡാറ്റ ദുരുപയോഗം ചെയ്യപ്പെട്ടാൽ പരാതിപ്പെടാൻ ഓരോ കമ്പനിക്കും ഒരു 'ഡാറ്റ പ്രൊട്ടക്ഷൻ ഓഫീസർ' ഉണ്ടായിരിക്കണം.

# നഷ്ടപ്പെടുത്തിയതിനെ ശേഖരിക്കുക



ബോബി ജോസ് കട്ടിക്കാട്

ഏതൊരു കാലത്തും മാറിനടക്കുന്ന മനുഷ്യരുടെ പേരാണ് വിശുദ്ധർ. ആദിമ സഭയൊക്കെ അവരെത്തന്നെ വിളിക്കാൻ ഉപയോഗിച്ചിരുന്ന പേരായിരുന്നു വിശുദ്ധർ എന്നത്. ഒരു സഭ വേറൊരു സഭയ്ക്ക് കത്തെഴുതുമ്പോൾ അതുതുടങ്ങുന്നതു തന്നെ ഇങ്ങനെയാണ്: "ഇന്ന സ്ഥലത്തെ വിശുദ്ധരെ ഇന്ന സ്ഥലത്തെ വിശുദ്ധർ അഭിവാദ്യം ചെയ്യുന്നു." അങ്ങനെ വിശുദ്ധർ എന്നത് പൊതുവായ ഒരു പദമായി മാറിയിരുന്നു. പിന്നീട് അത്തരം ചില കാര്യങ്ങളിലൊക്കെ ഏകതാനത നഷ്ടമായി. അതു കുറച്ചുപേരിലേക്ക് ചുരുങ്ങിപ്പോയി. മരുഭൂമിയിലെ സന്യാസിമാരുടെ ജീവിതരേഖ വല്ലാത്തൊരു വായനാനുഭവം നൽകാറുണ്ട്. അതിനു പലതരം വായനകളുണ്ട്. ഹൃദ്യമായി തോന്നിയ ഒരനുഭവം രക്തസാക്ഷിത്വത്തെ replace ചെയ്യാൻ വേണ്ടിയാണ് അവർ മരുഭൂമിയിലെ സന്യാസജീവിതം ആരംഭിച്ചത് എന്നതാണ്.

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകാലത്തോളം ക്രിസ്തീയ ജീവിതത്തിന്റെ സാധ്യത എന്നുപറയുന്നത് രക്തസാക്ഷിയാവുക എന്നതായിരുന്നു. വളരെ bold ആയ മനുഷ്യരായിരുന്നു അവർ. നടപടി പുസ്തകത്തിൽ അവരുടെ boldness കണ്ടിട്ടാണ് അവർ യേശുവിനോടൊപ്പമുള്ളവരാണ് എന്നൊക്കെ അക്കാലത്തെ അധികാരികൾക്ക് പിടിത്തം കിട്ടുന്നത്. ഒരിടത്തും വഴുതിപ്പോകാതെയും പലതിനെയും confront ചെയ്തും martydom ഒരു വലിയ സംഭവമായിരുന്നു.

എന്നാൽ, മൂന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടുകൂടി അധികാരങ്ങൾത്തന്നെ christianity യോട് സമരസപ്പെടുകയും, ഈ പ്രത്യേക ജീവിതം വളരെ നോർമ്മലായി മാറുകയും ചെയ്തു. തങ്ങൾ കാംക്ഷിച്ച challenging ആയ ഒരു ക്രിസ്തീയ ജീവിതത്തിന് അവർ പകരം കണ്ടെത്തിയ മാർഗം മരുഭൂമിയിലേക്ക് പോവുക എന്നതായിരുന്നു. അവിടെത്തെ ഋതുക്കളൊക്കെ വളരെ extreme ആണ്. മഞ്ഞായാലും വെയിലായാലും, അത്തരം അനുഭവങ്ങളിലൂടെ കടന്നുപോകുക വഴി സ്വയംവരിച്ച ഏകാന്തത. ഇങ്ങനെ ജീവിതംതന്നെ ചോരപൊടിയാത്ത



രക്തസാക്ഷിത്വമായി മാറ്റിയതിന്റെ കഥയാണ് മരുഭൂമിയിലെ സന്യാസം. എന്നിട്ടും ചില പ്രത്യേക അവസരങ്ങളിൽ മരുഭൂമിയിലെ ഈ മനുഷ്യർ തങ്ങൾ ഉപേക്ഷിച്ച അതേ പട്ടണത്തിലേക്ക് വന്നു. അതിനകത്ത് നിശ്ചയമായും പറയണമെന്നു തോന്നുന്ന രണ്ടുപേരുകളുണ്ട്.

ടെലിമാക്കൂസ് എന്ന് പറയുന്ന ആളാണ് അതിലൊരാൾ. മരുഭൂമിയിൽ വളരെ ചെറിയ പ്രായംതൊട്ടു വസിക്കുന്ന ഒരു hermit. അയാൾ പെട്ടെന്നൊരു ദിവസം റോമാ നഗരത്തിലേക്ക് പോവുകയാണ്. റോമാ നഗരം ക്രിസ്തുവൽക്കരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽപ്പോലും, അതിന്റെ പഴയശീലങ്ങളിൽനിന്നും വിനോദങ്ങളിൽനിന്നും പുറത്തുകടന്നിട്ടില്ല. അയാൾ വരുമ്പോൾ കൊളോസിയത്തിൽ ഗ്ലാഡിയേറ്റർ മത്സരം നടക്കുകയാണ്. ഒരാൾ മരിച്ചുവീഴുംവരെ മത്സരം തുടരും. ആൾക്കൂട്ടം മുഴുവൻ അവിടെയുണ്ട്. നഗരത്തിന്റെ മൃഗയാവിനോദത്തിനിടയിൽ ഇയാൾ ഒരു കാഴ്ചക്കാരനായി നിൽക്കുകയാണ്. അതൊലൊരാൾ മരിച്ചുവീഴും എന്ന അവസ്ഥയിലെത്തുമ്പോൾ ഈ മനുഷ്യൻ അവരുടെ നടുവിൽ കയറി നിൽക്കുന്നു.

> **നിങ്ങൾ നഷ്ടപ്പെട്ട ആടാണ് എന്ന് പിടിത്തം കിട്ടുമ്പോഴാണ് നിങ്ങൾക്കു നഷ്ടപ്പെട്ട ആടിന്റെ മൂല്യം മനസ്സിലാവുന്നത്.**

ക്രിസ്തുവിനെപ്രതി ഈ ചോരവീഴ്ത്തൽ അവസാനിപ്പിക്കുക എന്ന് അയാൾ കരഞ്ഞപേക്ഷിക്കുന്നു. തങ്ങളുടെ വിനോദത്തെ മുടക്കാൻവന്ന അരസികനായ ഒരു മനുഷ്യനായി ആൾക്കൂട്ടത്തിന് ഇയാളെ തോന്നുകയും, അവരിലൊരാൾത്തന്നെ അയാളെ വകവരുത്തുകയും ചെയ്യുന്നു. ഇതല്ലാതെ വ്യത്യസ്തമായ പല നരേറ്റീവ്സും ഇതുമായി ബന്ധപ്പെട്ടുണ്ട്. അതെന്തായാലും നാടകീയ മുഹൂർത്തമെന്നു പറയുന്നത് ഇതിന്റെ മധ്യത്തിൽ അയാൾ മരിച്ചുവീഴുന്നു എന്നതുതന്നെയാണ്.

ഒന്നിനെയും വേദനിപ്പിക്കാത്ത, ചെറുപ്രായത്തിൽത്തന്നെ മരുഭൂമിയുടെ ക്ലേശങ്ങളിലും അതിന്റെ ശുദ്ധിയിലുമൊക്കെ ജീവിച്ചിരുന്ന ആ മനുഷ്യൻ നിലത്തുവീഴുന്നത് കണ്ടപ്പോൾ ആൾക്കൂട്ടത്തിന്റെ ആരവമൊക്കെ തീരുകയാണ്. വലിയ കുറ്റബോധം അവരുടെ മേൽ വന്നുവീഴുകയാണ്. ആ



കുറ്റബോധത്തിൽനിന്ന് അന്നത്തെ ഭരണകൂടം പിന്നീട് മല്ലയുദ്ധം റോമിൽ നിരോധിക്കുകയാണ്.

മറ്റൊരാൾ വിറ്റാലിസ് എന്ന പുണ്യാളനാണ്. ആറാം നൂറ്റാണ്ടാണ് കാലം. വളരെക്കാലം മരുഭൂമിയിൽ കഴിഞ്ഞ അയാൾ പെട്ടെന്നൊരു ദിവസം പാലസ്തീനായിലെ ഗാസയെന്ന പട്ടണത്തിലേക്ക് വരുന്നു. അയാൾ അവിടെ കൂലിപ്പണിയിലേർപ്പെടുകയാണ്. കഠിനമായി വാശിയോടെ കൂലിപ്പണിയിലേർപ്പെട്ട അയാൾ വളരെ നിഷ്ഠയോടെ കൂലി വാങ്ങുന്നുമുണ്ട്. പിന്നീട് നമ്മൾ ഇയാളെ കാണുന്നത് ഗണികാലയത്തിന്റെ ഇടനാഴിയിലാണ്.

അക്കാലത്ത് അയാളോളം അപഹസിക്കപ്പെട്ട വേറൊരാളില്ല. ഏതാണ്ട് പത്തുവർഷത്തോളം അയാൾ ഇങ്ങനെ മുന്നോട്ടുപോവുന്നു. ഒരു ദിവസം ഏതോ ഒരു ഗലിയിൽവച്ച് ഇയാൾക്കു കുത്തേല്ക്കുന്നു. വല്ലാത്ത രീതിയിൽ കുത്തേറ്റ ഈ മനുഷ്യൻ തന്റെ കുടുസുമുറിയിലേക്ക് വരുന്നു. ഡോക്ടറെ വിളിക്കാൻപോലും അയാളുടെ കൈയിൽ നാണയമില്ല. തന്റെ സമ്പാദ്യമെല്ലാം അയാൾ ഈ ഗണികാലയത്തിന്റെ ഇടനാഴിയിൽ ചെലവഴിച്ചിട്ടുണ്ടാവാം. ഒടുവിൽ അപമാനിക്കപ്പെട്ട രീതിയിൽ അയാൾ മരിച്ചു. അത്രയും വഴിതെറ്റി ജീവിച്ച ഒരു മനുഷ്യനു സംഭവിച്ച മരണം എന്ന് ദേശം അയാളുടെ മരണത്തെ വിധിച്ചു. എന്നാൽ, മരണത്തോടെ എല്ലാറ്റിനും മാറ്റംവരുന്നു. അയാൾ മരിച്ചുവെന്ന വാർത്തയറിഞ്ഞ് ഓരോരോയിടങ്ങളിൽ നിന്നായി സ്ത്രീകൾ വലിയവായിൽ നിലവിളിച്ചുകൊണ്ട് കടന്നുവരികയാണ്.

കഴിഞ്ഞ പത്തുവർഷമായി അയാൾ ചെയ്തുകൊണ്ടിരുന്നത് ഇതായിരുന്നു. കഠിനമായി അധ്വാനിച്ചുകിട്ടിയ കൂലി അയാൾ ഗണികാലയത്തിൽ പെട്ടുപോയ സ്ത്രീകൾക്കു നൽകി അവരുടെ രാത്രികളെ അയാൾ സ്വന്തമാക്കി. നെറ്റിയിലെ

വിയർപ്പുകൊണ്ട് അയാൾ വാങ്ങിയത് ഈ സ്ത്രീകളുടെ രാവുകളായിരുന്നു.

എന്നിട്ടവർ കടന്നുപോകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച്, പുറത്തുകടക്കാനുള്ള വഴികളെക്കുറിച്ച് അവരോട് ഇയാൾ സംസാരിച്ചുകൊണ്ടിരുന്നു. അവരിൽ പലരോടും അയാൾ പറഞ്ഞിരുന്ന കാര്യം വെറുതെ കിടന്നുറങ്ങാനായിരുന്നു. ജീവിതത്തിൽ അത്തരമൊരു സൗഭാഗ്യം കിട്ടാത്ത സാധു സ്ത്രീകളായിരുന്നു അവർ. ഇതിനിടയിൽ ചില സ്ത്രീകളെ പുറത്തു കൊണ്ടുവരാനായി അയാൾക്ക് വലിയ തുക കൊടുക്കേണ്ടതായും വന്നു. ഇതൊക്കെയും അയാൾ സ്വയം കണ്ടെത്തുകയായിരുന്നു.

ഇങ്ങനെ ഇരുട്ടിൽ നിന്ന് അയാൾ പുറത്തു കൊണ്ടുവന്ന സ്ത്രീകളുടെ എണ്ണത്തിന് കണക്കില്ല. അവരുടെ ഇരുട്ടിൽ തെളിഞ്ഞ ജാലകമായിരുന്നു ഈ മനുഷ്യൻ. എന്തിനാണ് ഇത്തരം ചില മനുഷ്യർ? ഒരിക്കൽ തങ്ങളുപേക്ഷിച്ച നഗരത്തിലേക്ക് തിരികെയെത്തി ഇങ്ങനെ അപമാനിതരായും അടിമുടി ചോരവാർന്നുമൊക്കെ കടന്നുപോകുന്നത്? ഇവരെയൊക്കെ പ്രചോദിപ്പിക്കുന്ന ഒരു അടിസ്ഥാനവാക്കുണ്ട്: അത് ലൂക്കാ 19:10 ആണ്. സക്കേവൂസിന്റെ കഥയൊക്കെ എല്ലാവർക്കും അറിയാം. അത് conclude ചെയ്യുന്നത് ഇങ്ങനെയാണ്: 'മനുഷ്യപുത്രൻ വന്നിരിക്കുന്നത് നഷ്ടപ്പെട്ടുപോയത് ശേഖരിക്കാൻ വേണ്ടിയാണ്.'

യേശു തന്റെ വരവിന്റെ ലക്ഷ്യം ഇത്രയും കൃത്യതയോടെ മറ്റൊരിടത്തും പറയുന്നതായി എനിക്കു തോന്നുന്നില്ല. നഷ്ടമായതിനെ കണ്ടെത്താൻ വേണ്ടി, പൊട്ടിപ്പോയതിനെ വിളക്കിച്ചേർക്കാൻ വേണ്ടി, ചിതറിപ്പോയതിനെ ശേഖരിക്കാൻ വേണ്ടി - അതിനാണ് മനുഷ്യപുത്രൻ വന്നത്. കാലാകാലങ്ങളായി മരുഭൂമിയിൽ തപസ്സുചെയ്ത മനുഷ്യർക്കു മനസ്സിലായി; നഷ്ടപ്പെട്ടതിനെ ശേഖരിക്കുന്നതിന് തപസ്സുമാത്രം പോരാ. ആ തെരുവിന്റെ ക്ലേശങ്ങളിലേക്കു വരണം, അനുദിനജീവിതത്തിലേക്കു വരണം. എത്രയോ മനുഷ്യർ ഇങ്ങനെ തങ്ങളുടെ ദേശംവിട്ട് ഓരോരോ ദേശങ്ങളിലേക്ക് ഇറങ്ങിപ്പോയിട്ടുണ്ട്!

അവരുടെ ആകാശത്തു തെളിയുന്ന നക്ഷത്രവാക്കാണ്, അടയാളവാക്യമാണ് 'മനുഷ്യപുത്രൻ വന്നിരിക്കുന്നത് നഷ്ടപ്പെട്ടുപോയതിനെ ശേഖരിക്കാൻ വേണ്ടിയാണ്' എന്നത്. മനുഷ്യപുത്രൻ എന്ന വാക്ക് ശ്രദ്ധിക്കണം. വെറും human existence എന്ന നിലയിൽ മാത്രമല്ല അതിനെ കാണേണ്ടത്. പുതിയനിയമത്തിൽ എൺപത് ഇടങ്ങളിലെങ്കിലും ആ വാക്ക് കടന്നുവരുന്നുണ്ട്. പഴയനിയമത്തിൽ ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിലെ ഏഴാം അധ്യായം




പതിമൂന്നാം വാക്യത്തിൽ 'ആകാശമേഘങ്ങൾക്കിടയിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യപുത്രനെ കണക്കെയൊരാൾ' എന്നൊരു പ്രയോഗമുണ്ട്.

ഒരേ സമയത്ത് യേശുവിന്റെ ദൈവത്വവും മനുഷ്യത്വവുംകൂടി blend ആകുന്ന പദത്തിന്റെ പേരാണ് മനുഷ്യപുത്രൻ. യേശുവിലാണ് നിങ്ങൾ ഏകാഗ്രമായി ജീവിക്കാൻ ആഗ്രഹിക്കുന്നതെങ്കിൽ എവിടെയൊക്കെയാണോ മനുഷ്യർ ചിതറിപ്പോകുന്നത്, അവിടെയൊക്കെ ചെന്നെത്തി അവരെയൊക്കെ കണ്ടെത്തി ശേഖരിക്കുക. നഷ്ടപ്പെട്ടുപോയ ആത്മാക്കളെ ശേഖരിക്കുക, കളഞ്ഞുപോയ ശുദ്ധികളെ ശേഖരിക്കുക, നഷ്ടപ്പെട്ടുപോയ മതിപ്പ് ശേഖരിക്കുക. ഏതെങ്കിലും തരത്തിൽ ക്രിസ്ത്വനുഭവത്തിലേക്ക് എത്തിയ മനുഷ്യന്റെ purpose of life ഇതാണ്.

അകത്തുനിന്ന് തഴുതിട്ട് ജീവിക്കുന്ന മനുഷ്യരെപ്പോലും വിട്ടുകളയാനായി വേദപുസ്തക ഭാവനയ്ക്കാവില്ല. അവരിങ്ങനെ നിരന്തരം കൊട്ടിക്കൊണ്ടേയിരിക്കും. കൊട്ടുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. 99 ആടിനെയും വിട്ടിട്ട് ഒന്നിനെ തേടിപ്പോകുന്നതിന്റെ സാംഗത്യം നമുക്കു മനസ്സിലാവില്ല. അതിനെ കണ്ടില്ലെന്നു നടിച്ചുകൂടെ? അതു വളരെ എളുപ്പമാണ്. നിങ്ങൾക്കത് എളുപ്പമാകുന്നത് നിങ്ങൾ 99-ന്റെയും ഭാഗമായി നിൽക്കുന്നതുകൊണ്ടാണ്. നിങ്ങൾ നഷ്ടപ്പെട്ട ആടാണ് എന്ന് പിടിത്തം കിട്ടുമ്പോഴാണ് നിങ്ങൾക്കു നഷ്ടപ്പെട്ട ആടിന്റെ മൂല്യം മനസ്സിലാവുന്നത്; നഷ്ടപ്പെട്ട ആടായിക്കഴിയുമ്പോഴാണ് ആരെങ്കിലുമൊക്കെ അന്വേഷിച്ചു വരുന്നതിന്റെ പൊരുൾ നിങ്ങൾക്കു മനസ്സിലാവുന്നത്; ആരെങ്കിലും ഒരാൾ വന്നിരുന്നുവെങ്കിൽ എന്ന് നിങ്ങൾ തീവ്രമായി ആഗ്രഹിച്ചുപോകുന്നത്. അതല്ലെങ്കിൽ നമുക്കത് വെറും സാരോപദേശ കഥമാത്രമാണ്. നഷ്ടപ്പെട്ടതിനെ ശേഖരിക്കുക, അവസാനത്തോളം.

○



# പള്ളിച്ചട്ടമ്പി അഥവാ "പ്രൊപ-ഗുണ്ട"





ഫാ. മിന്റോ മൂന്നുപറയിൽ

ഗ്രാമീണ പശ്ചാത്തലത്തിൽ ലളിതമായൊരു കഥ അവതരിപ്പിക്കാനുള്ള ശ്രമമാണ് 'പള്ളിച്ചട്ടമ്പി' എന്ന സിനിമ. അമിതമായ സങ്കീർണ്ണതകളില്ലാത്ത സംവിധാനവും ഗ്രാമീണ സൗന്ദര്യം ഒട്ടും ചോർന്നുപോകാത്ത ഛായാഗ്രഹണവും നാടൻ സംഭാഷണങ്ങളും നർമ്മവുമെല്ലാം പ്രേക്ഷകർക്ക് ഹൃദ്യമായൊരു കാഴ്ചാനുഭവം സമ്മാനിക്കുന്നു. എസ്. സുരേഷ് ബാബുവിന്റെ രചനയ്ക്ക് സംവിധായകൻ ഡിജോ ജോസ് ആന്റണിയാണ് ദൃശ്യാവിഷ്കാരം നൽകിയത്. ചങ്ങനാശേരി അതിരൂപതയുടെ സ്ഥാപനമായ മീഡിയ വില്ലേജിലെ പൂർവവിദ്യാർഥികളായ ഇമ്മാനുവൽ ഏണസ്റ്റ് (സഹ-ഛായാഗ്രാഹകൻ), അലൻ ഡി കോത്ത് (എ.ഐ ക്രിയേറ്റീവ് ആർട്ടിസ്റ്റ്) എന്നിവർ മലയാള സിനിമയുടെ ഭാഗമായതിൽ നമുക്കേറെ അഭിമാനിക്കാം.

## ഇതിവൃത്തം

കേരളത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നതിനെത്തുടർന്ന് വിദ്യാഭ്യാസ ബില്ല്, ഭൂപരിഷ്കരണ ബില്ല് എന്നിവ അവതരിപ്പിക്കപ്പെടുന്നതാണ് സിനിമയുടെ പശ്ചാത്തലം. ഫ്രഞ്ച് വിപ്ലവകാലത്തെ ഓർമ്മിപ്പിക്കും വിധം ഭയത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ച്, അധികാരം മുഴുവൻ സർക്കാരിനു കീഴിലാക്കാൻ പാർട്ടി അണികളെ ഉപയോഗിച്ച് അക്രമം അഴിച്ചുവിടുന്നു. ഇതിനെ പ്രതിരോധിക്കാൻ സഭയും വിശ്വാസികളും ചേർന്ന് കൃഷ്ണപിള്ള എന്ന 'പള്ളിച്ചട്ടമ്പി'യെ തങ്ങളുടെ രക്ഷകനായി (ക്രിസ്റ്റഫർ സേനയുടെ മാതൃകയിൽ) അവരോധിക്കുന്നു.

തുടർന്ന്, പട്ടേലർ കുഞ്ഞമ്പു നമ്പ്യാരെയും അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികളായ പോലീസ് ഉദ്യോഗസ്ഥരെയുംപോലുള്ള സങ്കല്പിത കഥാപാത്രങ്ങളെ രംഗപ്രവേശം ചെയ്യിക്കുന്നു. ഇവരെ സഭയുടെയും കേരള ജനതയുടെയും പൊതു പ്രതിനായകരായി അവതരിപ്പിക്കുന്നതിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ 'നന്മയുടെ പക്ഷത്തേക്ക്' ബോധപൂർവം അടുപ്പിച്ചു നിർത്താനാണ് തിരക്കഥാകൃത്ത് ശ്രമിക്കുന്നത്. ചരിത്രസംഭവങ്ങളെയും സങ്കല്പങ്ങളെയും ഇത്തരത്തിൽ കൂട്ടിക്കുഴയ്ക്കുന്നതിലൂടെ, യാഥാർത്ഥ്യമേത് ഭാവനയേത് എന്ന് തിരിച്ചറിയാനാവാത്തവിധം പ്രേക്ഷകരെ ആശയക്കുഴപ്പത്തിലാക്കുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കഴിഞ്ഞ കാലങ്ങളിലെ കറപുരണ്ട ചരിത്രവഴികളെ 'വെള്ളപൂശാനുള്ള' ഒരു ശ്രമമായി ഈ കഥയെ കാണാം. വിമോചന സമരകാലത്തെ പാർട്ടിയുടെ ചെയ്തികളെ സിനിമയെന്ന ചുവരുപയോഗിച്ച് മായ്ച്ചുകളയാനാണു ശ്രമിച്ചതെങ്കിലും, ദുർബലമായ തിരക്കഥയും കാലഹരണപ്പെട്ട ആഖ്യാനശൈലിയും കാരണം ആ വെള്ളപൂശൽ അത്ര ഭദ്രമായില്ല. പല സംഭാഷങ്ങൾക്കും കൂടുതൽ ഊന്നൽ നൽകിയും പറയാൻ പാടില്ലാത്തവ പറഞ്ഞും ഈ 'വെള്ളപൂശൽ' വിദ്യയിൽ തനിക്കു വേണ്ടത്ര കൈവഴക്കമില്ലെന്ന് തിരക്കഥാകൃത്തുതന്നെ തെളിയിക്കുന്നുണ്ട്.


ഇന്ത്യയിൽ ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയായ ഇ.എം.എസ്. സർക്കാർ അധികാരമേറ്റയുടനെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ വിപ്ലവവീര്യം കേരളത്തിലും നടപ്പിലാക്കാൻ ശ്രമിച്ചത് ഒരു വലിയ ചരിത്രപരമായ അബദ്ധമായിരുന്നു. ഫ്രഞ്ച്-റഷ്യൻ വിപ്ലവങ്ങളുടെ മാതൃകയിൽ സകല അധികാരങ്ങളും സർക്കാരിലേക്ക് കേന്ദ്രീകരിക്കാനുള്ള നീക്കം പള്ളികളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെമേൽ നിയന്ത്രണം കൊണ്ടുവരുന്നതിലും, ആരാധനാലയങ്ങളുടെ ഭൂമി ഏറ്റെടുക്കുന്നതിലും കലാശിച്ചു. ഇത് ക്രൈസ്തവ സഭയെയും നായർ സമുദായത്തെയും സർക്കാരിന്റെ ശത്രുപക്ഷത്തെത്തിച്ചു.

വ്യവസ്ഥാപിതമായ മാർഗങ്ങളിലൂടെയല്ലാതെ മാർക്സിസ്റ്റ് ആശയങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ധാർഷ്ട്യം ആ ഭരണകൂടത്തിനു തിരിച്ചടിയായി. ഒടുവിൽ, സഭകളും സംഘടനകളും ഒത്തുചേർന്ന വിമോചനസമരത്തിനൊടുവിൽ 1959-ൽ ഭരണഘടനയുടെ 356-ാം വകുപ്പ് പ്രകാരം ആ മന്ത്രിസഭ പിരിച്ചുവിടപ്പെടുകയും കേരളത്തിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുകയും ചെയ്തു. അന്നത്തെ ആ രാഷ്ട്രീയ പരാജയത്തിന്റെ ജാള്യത മറയ്ക്കാൻ, ചരിത്രത്തിലേക്ക് സങ്കല്പിത കഥാപാത്രങ്ങളെ തിരുകിക്കയറ്റി മുഖം മിനുക്കാനുള്ള നീക്കമാണ് ഈ സിനിമയിലൂടെ തിരക്കഥാകൃത്ത് ശ്രമിക്കുന്നത് എന്നു വ്യക്തം.

## ഒളിച്ചുകടത്തപ്പെടുന്ന ചരിത്രങ്ങൾ

ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ ബില്ലും വലിയ പിഴവുകളായിരുന്നു എന്ന് ഏറ്റുപറയാൻ രാഷ്ട്രീയ അഹന്ത അനുവദിക്കാത്തതുകൊണ്ടാണ്, സിനിമയിൽ അതിന്മേൽ നന്മയുടെ നിറഭേദങ്ങൾ ചാലിക്കാൻ ശ്രമിക്കുന്നത്. "പള്ളിയും പാർട്ടി ഓഫീസുമല്ല, പള്ളിക്കൂടമാണ് നമുക്കാവശ്യം" എന്ന് *'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'* എന്ന നാടകത്തിലെ റബേക്ക എന്ന കഥാപാത്രത്തെക്കൊണ്ട് സിനിമയിൽ പറയിപ്പിക്കുന്നുണ്ട്. ഒടുവിൽ റബേക്കയുടെ മരണശേഷം, അവൾ ആഗ്രഹിച്ചതുപോലെ നമുക്കു പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്ന് വിജയരാഘവൻ അവതരിപ്പിക്കുന്ന പുരോഹിത കഥാപാത്രത്തെക്കൊണ്ട് സിനിമ പറയിപ്പിക്കുന്നു. ഇതിലൂടെ, സഭ കഴിഞ്ഞ കാലങ്ങളിൽ നടപ്പിലാക്കിയതെല്ലാം കമ്മ്യൂണിസ്റ്റ് ആശയങ്ങളാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുമ്പോൾ, ചരിത്രബോധമുള്ള ഏതൊരു വിശ്വാസിക്കും അത് പരിഹാസ്യമായേ തോന്നൂ. 1952-ൽ എഴുതപ്പെട്ട *'നിങ്ങളെന്നെ*





*കമ്മ്യൂണിസ്റ്റാക്കി'* എന്ന നാടകത്തിലെ നായികയുടെ വാക്കുകൾ കേട്ട്, 1959-ലെ വിമോചനസമരകാലത്ത് സഖാക്കളുടെ തലയിൽ ഉദിച്ചതാണ് വിദ്യാഭ്യാസ വിപ്ലവം എന്ന മട്ടിലാണ് സിനിമയുടെ അവതരണം. എന്നാൽ, ക്രൈസ്തവ സഭകൾ കേരളത്തിൽ വിദ്യാഭ്യാസ വിപ്ലവത്തിനു തുടക്കമിട്ടത് 1806-ലാണ്. അതായത്, ഏകദേശം 150 വർഷങ്ങൾക്കു മുമ്പ്! ജാതിമത വ്യത്യാസമില്ലാതെ എല്ലാവർക്കും ഒന്നിച്ചിരുന്നു പഠിക്കാനുള്ള സൗകര്യമൊരുക്കി മിഷണറിയായ വില്യം തോബിയാസ് റിംഗിൾടോബ് അന്നു തുടക്കം കുറിച്ചു.

അതിനും എത്രയോ മുമ്പ്, 1510 മുതൽ കത്തോലിക്കാ മിഷണറിമാർ കൊച്ചി, കൊടുങ്ങല്ലൂർ, കൊല്ലം എന്നിവിടങ്ങളിൽ വിദ്യാലയങ്ങളും കോളജുകളും സ്ഥാപിച്ചിരുന്നു. ചുരുക്കത്തിൽ, *'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'* എന്ന നാടകം എഴുതപ്പെടുന്നതിനും 442 വർഷങ്ങൾക്കുമുമ്പേ സഭ ഇവിടെ അറിവിന്റെ വെളിച്ചം പകർന്നു തുടങ്ങിയിരുന്നു എന്നതാണ് യഥാർഥ ചരിത്രം. ചരിത്രത്തെ വിസ്മരിക്കുന്ന 'പിതൃത്വ' അവകാശവാദങ്ങൾ പള്ളിയല്ല പള്ളിക്കൂടമാണ് വേണ്ടതെന്ന് റബേക്കയും സഖാക്കളും മുദ്രാവാക്യം വിളിച്ചു തുടങ്ങുന്നതിനും എത്രയോ മുമ്പേ, 1865-ൽ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ 'പള്ളിക്കൊരു പള്ളിക്കൂടം' എന്ന വിഖ്യാതമായ കല്പന പുറപ്പെടുവിച്ചിരുന്നു. *'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'* എന്ന നാടകം രചിക്കപ്പെടുന്നതിനും 87 വർഷങ്ങൾക്കു മുമ്പായിരുന്നു ഇത്. 1848-ൽ ഒരു സംസ്കൃത വിദ്യാലയവും 1864-ൽ മലയാളം പള്ളിക്കൂടവും അദ്ദേഹം സ്ഥാപിച്ചു. അതായത്, നാടകം എഴുതപ്പെടുന്നതിനും ഏതാണ്ട് ഒരു നൂറ്റാണ്ടുമുമ്പേ, കേരളത്തിൽ വിദ്യാഭ്യാസ വിപ്ലവത്തിന്റെ വിത്തുകൾ സഭ പാകിയിരുന്നു. തന്റെ കല്പനയിലൂടെ 120 പള്ളികളോടനുബന്ധിച്ച് 120 വിദ്യാലയങ്ങൾ അദ്ദേഹം പടുത്തുയർത്തി. സഖാക്കളുടെ 'വിദ്യാഭ്യാസ ചിന്തകൾ' ഉദിക്കുന്നതിനും 80 വർഷംമുമ്പേ 120 പള്ളിക്കൂടങ്ങൾ അദ്ദേഹത്തിനു കീഴിൽ പ്രവർത്തിച്ചിരുന്നു എന്ന യാഥാർഥ്യം നാം മറന്നുകൂടാ.

എന്തൊരു വല്ലാത്ത മനംമാറ്റമാണിത്! ഇതൊക്കെ കുറച്ചുകൂടി നേരത്തെ തിരിച്ചറിയേണ്ടതായിരുന്നു. വിപ്ലവത്തിലൂടെ മാത്രമേ മാറ്റംവരൂ എന്നു വിശ്വസിച്ചിരുന്ന ഒരു വിഭാഗം, ഈ സിനിമയിലുടനീളം പറയുന്നത് വിദ്യാഭ്യാസത്തിലൂടെ മാത്രമേ മനുഷ്യനെ മനുഷ്യനായി കാണാൻ സാധിക്കൂ എന്നാണ്. അപ്പോൾ വിപ്ലവത്തിന്റെ പാത ഉപേക്ഷിച്ചതാണോ, അതോ വിപ്ലവത്തിലൂടെയുള്ള മാറ്റങ്ങളെല്ലാം പരാജയപ്പെട്ടുവെന്ന് അവർത്തന്നെ സമ്മതിച്ചതാണോ? അടിച്ചേല്പിക്കുന്നതിലൂടെയല്ല, മറിച്ച് അറിവിലൂടെ മാത്രമേ യഥാർഥ മാറ്റങ്ങൾ ഉണ്ടാകൂ എന്നുപറയാൻ മടിച്ചവർ, ഇന്ന് മറ്റാരോ നേടിയെടുത്ത വിദ്യാഭ്യാസ വിപ്ലവത്തിന്റെ പിതൃത്വം ഏറ്റെടുക്കാൻ ശ്രമിക്കുന്നതു കാണുമ്പോൾ അദ്ഭുതം തോന്നുന്നു.

സഭയെയും കമ്മ്യൂണിസത്തെയും ഒരേതൂവൽ പക്ഷികളായി അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ മുമ്പും നടന്നിട്ടുണ്ട്. ക്രിസ്തുവിനെ ആദ്യത്തെ കമ്മ്യൂണിസ്റ്റാക്കാൻ ശ്രമിച്ചതും, ഇപ്പോൾ സഭയുടെ വിപ്ലവകരമായ പ്രവർത്തനങ്ങളെല്ലാം കമ്മ്യൂണിസ്റ്റ് ആശയങ്ങളാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നതും ഒരേ ലക്ഷ്യത്തോടെയാണ്. ഭൂമിയിൽ അനീതി പടരുമ്പോൾ ദൈവം തന്റെ ദൂതന്മാരെ അയക്കുമെന്ന് ഒരു നിരീശ്വരപ്രസ്ഥാനത്തെക്കുറിച്ച് സിനിമയിൽ പറയുന്നതു കേൾക്കുമ്പോൾ, തങ്ങളുടെ മൂല ആശയങ്ങളോട് കൂറുപുലർത്താൻ ആ പ്രസ്ഥാനം എത്രത്തോളം സമ്മർദം അനുഭവിക്കുന്നുണ്ടെന്ന് വ്യക്തമാകും.

### മുഖംമിനുക്കുന്ന 'മാപ്പുസാക്ഷികൾ'

വാസ്തവത്തിൽ ഇവ എങ്ങനെ ഒന്നാകും? 'വാളെടുത്തവൻ വാളാൽ' എന്നുപഠിപ്പിച്ച് ആയുധം താഴെവെപ്പിച്ചവനും, ഫ്രഞ്ച് വിപ്ലവം മുതൽ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ തോക്കിനെയും വാളിനെയും മാത്രം ആശ്രയിച്ച ഒരു പ്രസ്ഥാനവും എങ്ങനെ തുല്യരാകും? ദൈവവിശ്വാസത്തെ അടിസ്ഥാനമാക്കിയ സഭയും നിരീശ്വരവാദം കൈമുതലാക്കിയ പ്രസ്ഥാനവും


എങ്ങനെ ഒരേതൂവൽ പക്ഷികളാകും? വർഗസമരവും സായുധ വിപ്ലവവും ആവേശമായി സ്വീകരിച്ചവരും, പ്രാർഥനയും ഉപവാസവും വിദ്യാഭ്യാസവും ആതുരശുശ്രൂഷയും ജീവിതവ്രതമാക്കിയ സഭയും എങ്ങനെ ഇണക്കുരുവികളാകും? പ്രസ്ഥാനം ദുർബലമാകുന്നു എന്ന തിരിച്ചറിവാണോ ഇത്തരം അസ്വാഭാവികമായ കൂട്ടിക്കെട്ടലുകൾക്കു പിന്നിൽ? കഴിഞ്ഞകാലത്തെ തെറ്റുകൾ ബോധ്യപ്പെട്ടാൽ അത് തുറന്നു സമ്മതിക്കുന്നതാണ് മാന്യത.

അതിനുപകരം ചരിത്രത്തെ വളച്ചൊടിക്കാൻ പണ്ട് നാടകങ്ങളെ ആശ്രയിച്ചതുപോലെ ഇന്ന് സിനിമകളെ ഉപയോഗിക്കുമ്പോൾ, ഒരു കാര്യം ഓർക്കുന്നതു നന്നായിരിക്കും; വിദ്യാർഥി രാഷ്ട്രീയത്തിന്റെ പേരിൽ സമരങ്ങൾ നടത്തിയും കല്ലെറിഞ്ഞും നിങ്ങൾ തകർക്കാൻ ശ്രമിച്ച അതേ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചു വളർന്ന, ബോധമുള്ള ഒരു തലമുറ ഇവിടെയുണ്ട്.

അവർ സത്യങ്ങൾ തിരിച്ചറിയും. 'അധ്യാപക വർഗം', 'വിദ്യാർഥി വർഗം' എന്നൊക്കെ തരംതിരിച്ച് ഇപ്പോഴും വിപ്ലവത്തിന് ആഹ്വാനം ചെയ്യുന്നവർക്ക്, നാളെ തങ്ങളുടെ ചെയ്തികളെ വെള്ളപൂശാൻ ഒരു 'സ്കൂൾ ചട്ടമ്പി' സിനിമകൂടി ഇറക്കേണ്ടിവരും. മലയാള സിനിമയിലെ മികച്ച കഥാപാത്ര പരിണാമങ്ങളിൽ ഒന്നാണല്ലോ 'കീലേരി അച്ചു.' "ആരാടാ എന്നോട് ഏറ്റുമുട്ടാൻ?" എന്ന് വെല്ലുവിളിക്കുന്ന മാമുക്കോയയുടെ കഥാപാത്രം, തന്നെക്കാൾ കരുത്തനായ ഒരാളെ കാണുമ്പോൾ "ഞങ്ങളോട് രണ്ടുപേരോടും ഏറ്റുമുട്ടാൻ ആരുണ്ടെടാ?" എന്ന് ചോദിച്ചു രക്ഷപ്പെടുന്നുണ്ട്. ഇവിടെയും സംഭവിക്കുന്നത് മറ്റൊന്നല്ല.

ഏറ്റുമുട്ടി പരാജയപ്പെട്ടത് സമ്മതിക്കാനുള്ള ജാള്യത കാരണം, സഭയുടെയും വിമോചന സമരക്കാരുടെയുമൊപ്പം തന്ത്രപൂർവം കൂറുമാറി നിൽക്കുകയാണ് പാർട്ടി. ഇവിടെ ശത്രു പഴയ മന്ത്രിസഭയല്ല, പകരം സിനിമ കണ്ടുപിടിച്ച ഒരു പുതിയ വില്ലനാണ്! എന്തിനാണ് ഈ പുതിയ വില്ലൻ എന്ന് ചോദിച്ചാൽ ഉത്തരം ലളിതമാണ് - അല്ലെങ്കിൽ പിന്നെ ഞങ്ങൾ വില്ലനായാലോ. ഇപ്പോൾ ഞങ്ങൾ 'മാപ്പുസാക്ഷി!'

○




## പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം

(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)

കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ

2026 ജൂൺ അവസാന ആഴ്ച

മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
**ഫോൺ – 8086399023, 9495107045**

## വിവാഹ ഒരുക്ക ധ്യാനം

| | |
|---|---|
| 2026 MAY | - 9,10,11 (Sat-Mon) |
| | - 16,17,18 (Sat-Mon) |
| | - 30, 31, June 1 (Sat-Mon) |
| 2026 JUNE | - 20,21,22 (Sat-Mon) |
| | - 29, 30, July 1 (Mon-Wed) |
| 2026 JULY | - 6,7,8 (Mon-Wed) |
| | - 27,28,29 (Mon-Wed) |

*അന്വേഷണങ്ങൾക്ക്*

**ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി**

**ഫോൺ -** 0481 2424476 **സമയം –** 11 am to 5 pm



49

പുതിയനിയമത്തിലെ
കുടുംബദർശനം



റവ. ഡോ. തോമസ് വള്ളിയാനിപ്പുറം





# ഉത്തമകുടുംബം പരിശീലിക്കേണ്ട മൂല്യങ്ങൾ

**സി.** രാധാകൃഷ്ണൻ തന്റെ പ്രശസ്തമായ *'മുമ്പേ പറക്കുന്ന പക്ഷികൾ'* എന്ന നോവൽ സമാപിപ്പിക്കുന്നത് നെഞ്ചുരുക്കുന്ന ഒരു ചോദ്യത്തോടെയാണ്: "ബലമുണ്ടായാലും ആരെയും കീഴടക്കാതെയും ബലമില്ലെങ്കിലും ആരോടും പകയില്ലാതെയും കൊത്തിപ്പെറുക്കിത്തിന്ന്, തത്തിക്കളിച്ച് രസിക്കാൻ പറ്റിയ മാനസികാവസ്ഥയുടെ താഴ്‌വരയിലേക്ക് വഴി കാണിച്ച്, മുമ്പേ പറന്നുപോയവർ സഹതാപപൂർവവും ദുഃഖത്തോടെയും നമ്മോടു ചോദിക്കുന്നു: "നിങ്ങളെന്നാണ് കൂട്ടരെ, ഞങ്ങളുടെ കൂടെ വരിക? ഇനിയും എത്ര ചോരപ്രളയങ്ങൾക്കു ശേഷം?"

സമൂഹത്തിലെമ്പാടും പടരുന്ന ഹിംസയും അക്രമവും ഈ ചോദ്യത്തിന്റെ പ്രസക്തി വർധിപ്പിക്കുന്നു. ഫ്രാൻസിസ് മാർപാപ്പാ *'അമോരിസ് ലത്തീസിയാ'* എന്ന രേഖയിൽ ചൂണ്ടിക്കാട്ടുന്നതുപോലെ, കുടുംബത്തിന്റെ അകത്തളങ്ങളിലാണ് അക്രമത്തിന്റെ ചോര ഇറ്റിറ്റു വീഴുന്നതെന്നകാര്യം ഞെട്ടലോടെ നാം സ്മരിക്കേണ്ടതുണ്ട്. കുടുംബം അക്രമരഹിതവും സ്നേഹസുതാര്യവുമാക്കി മാറ്റാൻ സഹായിക്കുന്ന ഉത്തമമൂല്യങ്ങൾ ക്രിസ്തുവിന്റെ പാഠശാലയിൽനിന്ന് നാം പഠിച്ചാലേ, ചോരപ്രളയങ്ങൾക്ക് അറുതി വരുത്തുന്ന സ്നേഹത്തിന്റെ നാഗരികത പടുത്തുയർത്താനാവൂ. ലൂക്കായുടെ സുവിശേഷം മൂന്നുമുതൽ ഏഴുവരെ അധ്യായങ്ങളെ ആധാരമാക്കി, ക്രിസ്തു പഠിപ്പിച്ച ഉത്കൃഷ്ടമൂല്യങ്ങൾ കുടുംബത്തിൽ എങ്ങനെ പരിശീലിക്കാമെന്ന് ചിന്തിക്കുന്നത് സമുചിതമാകുന്നു. കുടുംബനവീകരണവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ പ്രധാനമായും അഞ്ച് മൂല്യങ്ങളാണ് ഈ അധ്യായങ്ങളുടെ അകക്കാമ്പ്.

## 1. വിട്ടുവീഴ്ചയില്ലാത്ത ധർമ്മനിഷ്ഠ

യേശുവിന്റെ മുന്നോടിയായി വന്ന സ്നാപകയോഹന്നാന്റെ പ്രസംഗമാണ് ലൂക്കായുടെ സുവിശേഷം മൂന്നാം അധ്യായത്തിലെ മുഖ്യപ്രമേയം (ലൂക്കാ 3:1-18). സ്നാപകയോഹന്നാന്റെ കാഴ്ചപ്പാടിൽ, ധർമ്മനിഷ്ഠയിൽ അധിഷ്ഠിതമായ ജീവിതമാണ് മാനസാന്തരം. മാനസാന്തരത്തിന്റെ ജ്ഞാനസ്നാനം ജനങ്ങളിൽനിന്ന് ആവശ്യപ്പെടുന്നത് അനുദിന ജീവിതത്തിലെ ധർമ്മചര്യയാണ്. രണ്ട് ഉടുപ്പുള്ളവർ ഒന്ന് ഇല്ലാത്തവന് കൊടുക്കുന്ന പങ്കുവെക്കൽ, സത്യസന്ധതയോടെ പൊതുരംഗത്ത് പ്രവർത്തിച്ചുകൊണ്ട് അഴിമതി ഉപേക്ഷിക്കൽ, ആരെയും ഭീഷണിപ്പെടുത്താതെയും ആർക്കെതിരെയും വ്യാജമായി കുറ്റമാരോപിക്കാതെയും നീതിപൂർവ്വം രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിലെ ഇടപെടൽ മുതലായവയാണ് ധർമ്മനിഷ്ഠയിൽ അടങ്ങുന്ന മൂല്യങ്ങൾ. മറ്റുവാക്കിൽ, പങ്കുവെക്കുന്ന സ്നേഹം, സത്യസന്ധത, അഴിമതിയില്ലാത്ത സുത്യാര്യത, ഭീഷണിപ്പെടുത്താത്ത സാഹോദര്യം, വ്യാജമായി കുറ്റംചാർത്താത്ത പരമാർഥത, നീതിയോടുള്ള സാമൂഹിക വ്യവഹാരം മുതലായവയാണ് ഉത്തമ കുടുംബം പരിശീലിക്കേണ്ട മൂല്യങ്ങൾ. സ്നാപകൻ പ്രഘോഷിച്ച ഇതേ മൂല്യങ്ങളാണ് ദൈവരാജ്യത്തിന്റെ ആഗമനവുമായി ബന്ധപ്പെടുത്തി യേശുവും പ്രസംഗിച്ചത്. ഹേറോദോസ് അന്യായമായി സഹോദരഭാര്യയെ കൈവശപ്പെടുത്തി വ്യഭിചാരത്തിലും അധർമ്മത്തിലും ജീവിക്കുന്നതിനെതിരെ സ്നാപകൻ ധീരമായി ഗർജിച്ചപ്പോൾ, ഹേറോദോസ് അദേഹത്തെ അറസ്റ്റ് ചെയ്തു കാരാഗൃഹത്തിലടച്ചു. ധർമ്മനിഷ്ഠ ധീരമായ ധാർമ്മികപോരാട്ടത്തിലേക്ക് നയിക്കും; അത് രക്തസാക്ഷിത്വത്തിലേക്കും. ഇപ്രകാരമുള്ള ധീരമായ ധാർമ്മികജീവിതത്തിനാണ് കുടുംബങ്ങളിൽ പരിശീലനം നൽകേണ്ടത്.

## 2. സാർവലൗകിക സ്നേഹം

യേശു യഹൂദരുടെ മാത്രമല്ല, സകല മനുഷ്യരുടെയും രക്ഷകനാണ്. സാർവലൗകിക സ്നേഹത്തിലൂടെ എല്ലാ മനുഷ്യരെയും ചേർത്തുപിടിക്കാനാണ് യേശു മനുഷ്യനായി മണ്ണിൽ പിറന്നത്. യേശുവിന്റെ മാമ്മോദീസയ്ക്കുശേഷം അവിടുത്തെ വംശാവലിയാണ് സുവിശേഷകനായ ലൂക്കാ വിവരിക്കുന്നത്. വംശാവലിയിലൂടെ യേശു അബ്രാഹത്തിന്റെ പുത്രനും ദാവീദിന്റെ പുത്രനും പുതിയ ആദമെന്ന നിലയിൽ, ദൈവപുത്രനുമാണെന്ന് സ്ഥാപിക്കുന്നു. മത്തായിയുടെ സുവിശേഷത്തിലെ ആരോഹണാത്മകമായ (ascending) വംശാവലിയിൽനിന്ന് (മത്താ. 1:1-17) വ്യത്യസ്തമാണ് ലൂക്കായുടെ സുവിശേഷത്തിലെ അവരോഹണാത്മകമായ (descending) വംശാവലി. അബ്രാഹത്തിൽനിന്ന് യേശുവിലേക്ക് ഉയരുന്ന വംശാവലിയാണ് മത്തായി രേഖപ്പെടുത്തിയത്. എന്നാൽ, യേശുവിൽനിന്ന് ആദത്തിലേക്ക് ഇറങ്ങിവരുന്ന വംശാവലിയാണ് ലൂക്കായുടേത് (ലൂക്കാ 3:23-38). മനുഷ്യവർഗത്തിന്റെ മുഴുവൻ പൂർവപിതാവായ ആദത്തിലേക്ക് ഇറങ്ങിവരുന്ന വംശാവലി രേഖപ്പെടുത്തുന്നതിലൂടെ മനുഷ്യകുലത്തിനു മുഴുവൻ രക്ഷ നൽകുന്ന ഏകരക്ഷകൻ യേശുവാണെന്ന് ലൂക്കാ സുവിശേഷകൻ പരോക്ഷമായി സൂചിപ്പിക്കുകയാണ്. ലൂക്കായുടെ സാർവലൗകിക വീക്ഷണവും യേശുവിന്റെ സാർവലൗകിക സ്നേഹവുമാണ് ഈ വംശാവലി ധ്വനിപ്പിക്കുന്നത്.

യേശു ജോസഫിന്റെ മകനായി കരുതപ്പെട്ടിരുന്നു (ലൂക്കാ 3:23). നിയമപരമായ തലത്തിൽ മാത്രമാണ് ജോസഫ് യേശുവിന്റെ പിതാവ്. അവിടുത്തെ യാഥാർഥ പിതാവ് ദൈവമാണ്; അവിടുന്ന് കന്യാജാതനാണ്. ജോസഫിന്റെ പിതാവ് 'ഹേലി'യാണെന്ന് വംശാവലി ചൂണ്ടിക്കാട്ടുന്നു. പല പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ ഹേലി യഥാർഥത്തിൽ ജോസഫിന്റെ ഭാര്യയായ മറിയത്തിന്റെ പിതാവാണ്. മറിയത്തിന് സഹോദരന്മാർ ഇല്ലായിരുന്നതിനാൽ ഹേലി ജോസഫിനെ തന്റെ കുടുംബത്തിലേക്ക് ദത്തെടുത്തു; മറിയത്തെ ജോസഫിന് വിവാഹം ചെയ്തുകൊടുത്തു. അതിനാൽ, ലൂക്കാ വിവരിക്കുന്ന വംശാവലി മറിയത്തിന്റെ വംശാവലിയാണ്. മറിയം ദാവീദിന്റെ ഗോത്രത്തിൽ പിറന്നവളായതിനാൽ യേശു രക്തബന്ധാനുസാരംതന്നെ ദാവീദിന്റെ പുത്രനാണ്. മത്തായി വിവരിക്കുന്ന വംശാവലിയിൽനിന്ന് ലൂക്കായുടെ വംശാവലി വ്യത്യസ്തമായിരിക്കുന്നതിനു കാരണം ഇപ്പോൾ സ്പഷ്ടമാണ്. മത്തായി ജോസഫിന്റെ വംശാവലി വിവരിക്കുമ്പോൾ ലൂക്കാ മറിയത്തിന്റെ വംശാവലി വിവരിക്കുന്നു. ലൂക്കായെ സംബന്ധിച്ചിടത്തോളം യേശു കന്യാജാതനാകയാൽ, മറിയത്തിൽനിന്നുള്ള വംശമുറയ്ക്കാണ് പ്രസക്തി.

മത്തായിയുടെ വിവരണമനുസരിച്ച്, ദാവീദിന്റെ പുത്രൻ സോളമനിലൂടെയാണ് വംശാവലി മുന്നേറുന്നത്. ലൂക്കായുടെ വിവരണം ഇതിനു കടകവിരുദ്ധമാണ്. ദാവീദിന്റെ മറ്റൊരു മകനായ നാഥാനിലൂടെ മറിയത്തിലെത്തുന്ന വംശാവലിയാണ് അദ്ദേഹം രേഖപ്പെടുത്തുന്നത്. രാജകീയ കുലജാതന്മാരെ മാത്രമല്ല, പാവപ്പെട്ടവരെയും സാധാരണക്കാരെയുംകൂടി രക്ഷിക്കാനാണ് യേശു വന്നത്. ഈ പാവപ്പെട്ടവർക്കാണ് യേശുവിന്റെ സുവിശേഷത്തിൽ മുൻഗണന. യേശുവിന്റെ ആദ്യത്തെ

പ്രസംഗം നസറത്തിലെ സിനഗോഗിലാണ് നടന്നത് (ലൂക്കാ 4:16-30). ദരിദ്രർക്കും ബന്ധിതർക്കും ദൈവം നൽകുന്ന വിമോചനത്തിന്റെ വാർത്തയാണ് ഏശയ്യയുടെ പ്രവചനം ഉദ്ധരിച്ച് (ഏശ. 61:1-2) യേശു പ്രസംഗിച്ചത്. യഹൂദർക്കു മാത്രമല്ല, വിജാതീയർക്കും ദൈവം രക്ഷ നൽകുന്നു. മിക്കപ്പോഴും യഹൂദരുടെ വിശ്വാസത്തെ ഉല്ലംഘിക്കുന്ന ഉദാത്ത വിശ്വാസമാണ് വിജാതീയരുടേത്. യഹൂദരും വിജാതീയരും അനുരഞ്ജനപ്പെട്ട് ഒറ്റ ജനതയാകണം. വിപ്ലവകരമായ ഈ സാർവലൗകിക സ്നേഹത്തിന്റെ സന്ദേശമറിയിച്ചതിനാൽ രോഷാകുലരായ നസറത്തുകാർ യേശുവിനെ കൊലപ്പെടുത്താൻ ഉദ്യമിച്ചു. എന്നാൽ, യേശു അവരുടെ ഇടയിലൂടെ കടന്നുപോയി. സങ്കുചിത കാഴ്ചപ്പാടുകളിൽനിന്ന് മക്കളെ സാർവലൗകിക സ്നേഹത്തിലേക്കു വളർത്തുന്ന കുടുംബമാണ് ക്രിസ്തുവിന്റെ ചൈതന്യമുള്ള ഉത്തമ കുടുംബം.

### 3. കണക്കുകൂട്ടലുകളെ അതിലംഘിക്കുന്ന കാരുണ്യം

ലൂക്കായുടെ സുവിശേഷം യേശുവിന്റെ കരുണയ്ക്ക് പരമപ്രാധാന്യം നൽകുന്നു. കഫർണാമിലെ പിശാചുബാധിതനെ സുഖപ്പെടുത്തിയപ്പോഴും (ലൂക്കാ 4:31-37) പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തിയപ്പോഴും (4:38-39) പത്രോസിന്റെ ഭവനത്തിൽവെച്ച് വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്നവരെ സുഖപ്പെടുത്തിയപ്പോഴും (4:40-41) അദ്ഭുതകരമായ മീൻപിടുത്തമെന്ന അടയാളത്തിലൂടെ ശിമയോൻ പത്രോസിനെയും സഹകാരികളെയും തന്റെ ശിഷ്യന്മാരാക്കിയപ്പോഴും (5:1-11) കുഷ്ഠരോഗി, തളർവാതരോഗി (5:12-16, 5:17-26) മുതലായവരെ സുഖപ്പെടുത്തിയപ്പോഴും സാബത്തുനിയമം ലംഘിച്ച് കൈശോഷിച്ചവനെ സുഖപ്പെടുത്തിയപ്പോഴും (6:6-11) സമതലത്തിൽവെച്ച് അനേകം രോഗികളെ സുഖപ്പെടുത്തിയപ്പോഴും (6:17-19) ശതാധിപന്റെ ഭൃത്യന് സൗഖ്യം നൽകിയപ്പോഴും (7:1-10) നായിനിലെ വിധവയുടെ മകനെ പുനർജീവിപ്പിച്ചപ്പോഴും (7:11-17) ഫരിസേയനായ ശിമയോന്റെ വീട്ടിൽ വിരുന്നിനിരിക്കുമ്പോൾ സുഗന്ധതൈലവുമായി വന്ന്, കണ്ണീരുകൊണ്ട് പാദം കഴുകി, തലമുടികൊണ്ട് തുടച്ച്, പാദങ്ങൾ ചുംബിച്ച പാപിനിയായ സ്ത്രീക്ക് പാപമോചനവും ഹൃദയസമാധാനവും നൽകിയപ്പോഴും (7:36-50) യേശുവിന്റെ അനന്തമായ കാരുണ്യമാണ് കുളിർത്തെന്നൽപ്പോലെ കേഴുന്നവരുടെ കണ്ണുനീർ തുടച്ചതും നിർമ്മലമായ നീരരുവിപോലെ മനുഷ്യന്റെ അന്തർദാഹം ശമിപ്പിച്ചതും. കാരുണ്യമെന്ന മൂല്യത്തിന്റെ പരിശീലനമാണ് നാം മനുഷ്യത്വത്തിൽ



വളരുന്നുവോ എന്നതിന്റെ അളവുകോൽ. ദൈവത്തിന്റെ കാരുണ്യംകൊണ്ട് നിറഞ്ഞ മാതാപിതാക്കൾക്ക് ഈ കാരുണ്യം മക്കളിലേക്കു പകരാനാകും.

### 4. പരമാവധി സ്നേഹം

മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന മലയിലെ പ്രസംഗത്തിനു (മത്താ. 5,6,7) തുല്യമായി ലൂക്കായുടെ സുവിശേഷത്തിലുള്ള യേശുവിന്റെ പ്രബോധനമാണ് 'സമതല പ്രസംഗം' (ലൂക്കാ 6:17-49). മത്തായിയുടെ എട്ടു സുവിശേഷഭാഗ്യങ്ങൾക്കു പകരം നാലു ഭാഗ്യങ്ങളാണ് സുവിശേഷത്തിൽ കാണുന്നത് (ലൂക്കാ 6:20-26). മത്തായി സുവിശേഷഭാഗ്യങ്ങളെ ആധ്യാത്മികവത്ക്കരിച്ച് അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. ദരിദ്രർ, ആത്മാവിൽ ദരിദ്രരും, വിശക്കുന്നവർ നീതിക്കുവേണ്ടി വിശക്കുന്നവരും, പീഡ സഹിക്കുന്നവർ നീതിക്കുവേണ്ടി പീഡനമേൽക്കുന്നവരുമായി മത്തായിയുടെ സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ, ലൂക്കായുടെ സുവിശേഷത്തിൽ അവർ ആത്മീയവിശേഷണങ്ങളൊന്നുമില്ലാതെ സാക്ഷാൽ ദരിദ്രരും കരയുന്നവരും വിശക്കുന്നവരും പീഡ സഹിക്കുന്നവരുമാണ്. ദാരിദ്ര്യം, വിലാപം, വിശപ്പ്, പീഡനം മുതലായ രാഷ്ട്രീയ-സാമൂഹിക പ്രശ്നങ്ങളാണ് ലൂക്കാ അഭിസംബോധന ചെയ്യുന്നത്. മറ്റു വാക്കിൽ സാമൂഹിക രംഗത്ത് ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിക്കുന്നവർക്കാണ് യേശു ഭാഗ്യം ആശംസിക്കുന്നത്. ഇവ നീക്കിക്കളഞ്ഞാലേ പാവപ്പെട്ട മനുഷ്യർക്ക് അനുഗ്രഹപ്രദമായ ജീവിതം നയിക്കാനാവൂ.

ഉള്ളിൽ പരമാവധി സ്നേഹവും സാമൂഹികനീതിയെപ്പറ്റി സുവ്യക്തമായ കാഴ്ചപ്പാടുമുള്ളവർക്കേ സമൂഹത്തിലെ പാവപ്പെട്ടവരുടെയും പീഡിതരുടെയും മോചനത്തിനായി പരിശ്രമിക്കാനാവൂ. സ്വാഭാവികസ്നേഹത്തെ അതിലംഘിക്കുന്ന പരമാവധി സ്നേഹമാണ് ക്രിസ്തുവിന്റെ ശിഷ്യരുടെ മുഖമുദ്ര. ശത്രുക്കളെ സ്നേഹിക്കാനും ദ്വേഷി

ക്കുന്നവർക്കു നന്മ ചെയ്യാനും ശപിക്കുന്നവരെ അനുഗ്രഹിക്കാനും അധിക്ഷേപിക്കുന്നവർക്കു വേണ്ടി പ്രാർഥിക്കാനും കഴിയുന്ന സ്നേഹമാണ് പരമാവധി സ്നേഹം (ലൂക്കാ 6:27-36). ഒരു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചുകൊടുക്കാനും മേലങ്കി എടുക്കുന്നവനെ കുപ്പായം കൂടി എടുക്കുന്നതിൽനിന്ന് തടയാതിരിക്കാനും ചോദിക്കുന്നവർക്കൊക്കെ കൊടുക്കാനും തിരിച്ചുകിട്ടുമെന്നു പ്രതീക്ഷിക്കാതെ വായ്പ നൽകാനും കഴിയണമെങ്കിൽ, ക്രിസ്തുവിന്റെ പരമാവധി സ്നേഹം നമ്മെ രൂപാന്തരപ്പെടുത്തിയാൽ മാത്രമേ സാധിക്കൂ. അന്യരെ വിധിക്കാതെ സ്നേഹിക്കാനും കുറ്റമാരോപിക്കാതെ ക്ഷമിക്കാനും ഔദാര്യത്തോടെ കൊടുക്കാനും കഴിയണമെങ്കിൽ ഈ പരമാവധി സ്നേഹത്തിൽ നാം പരിശീലനം നേടിയേ തീരൂ. ക്രിസ്തീയ കുടുംബങ്ങൾ ക്രിസ്തുവിന്റെ പരമാവധി സ്നേഹം പരിശീലിക്കുന്ന പാഠശാലകളാകണം. പരമാവധി സ്നേഹം പരിശീലിക്കുന്ന കുടുംബങ്ങൾ പാറയിൽ അടിസ്ഥാനമിട്ടു പണിയപ്പെട്ട വീടുപോലെ ഉറച്ചുനിൽക്കും.

## 5. പരിവർത്തനാത്മകമായ പ്രാർഥന

പ്രാർഥിക്കുന്ന യേശുവിന്റെ ചിത്രമാണ് സുവിശേഷത്തിലുടനീളം ലൂക്കാ അവതരിപ്പിക്കുന്നത്. ഈ പ്രാർഥന ജീവിതത്തെ സമൂലം പരിവർത്തനപ്പെടുത്തുന്നതാണ്.

സ്നാനമേറ്റപ്പോൾ യേശു പ്രാർഥിച്ചു. അപ്പോൾ സ്വർഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവിടുത്തെമേൽ ഇറങ്ങിവരുകയും ചെയ്തു (ലൂക്കാ 3:21-22). പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായ യേശു മരുഭൂമിയിൽ പോയി 40 ദിവസം ഉപവസിച്ചു പ്രാർഥിച്ചു. പ്രാർഥനയിലൂടെ സാത്താന്റെ പരീക്ഷകൾ ജയിച്ചു. മൂന്നു



പരീക്ഷകളിൽ മൂന്നാമത്തെ പരീക്ഷയാണ് ദേവാലയത്തിൽനിന്നു ചാടി അദ്ഭുതം പ്രവർത്തിക്കാനുള്ള പ്രലോഭനം (ലൂക്കാ 4:9-10).

മത്തായിയുടെ സുവിശേഷത്തിൽ ഇത് രണ്ടാമത്തെ പ്രലോഭനമാണ് (മത്താ. 4:5-7). ലൂക്കായുടെ വീക്ഷണത്തിൽ പരമമായ പ്രലോഭനം അഥവാ അന്തിമമായ പ്രലോഭനം ദേവാലയത്തെയും ദേവാലയശുശ്രൂഷയായ പ്രാർഥനയെയും അവഹേളിക്കുന്നതാണ്. യേശു പ്രഭാതത്തിൽ വിജനമായ സ്ഥലത്തുപോയി ദീർഘനേരം പ്രാർഥിക്കുന്നു (ലൂക്കാ 4:42-44). കുഷ്ഠരോഗിയെ സുഖപ്പെടുത്തി കഴിഞ്ഞപ്പോൾ യേശുവിന്റെ കീർത്തി പൂർവാധികം വർധിച്ചു. ആളുകൾ തിങ്ങിക്കൂടിയപ്പോൾ യേശു അവരെ വിട്ട് വിജനപ്രദേശത്തുപോയി പ്രാർഥിച്ചു (ലൂക്കാ 5:12-16). അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതിനുമുമ്പ് അവിടുന്ന് മലയിൽ കയറി രാത്രി മുഴുവൻ പ്രാർഥനയിൽ ലയിച്ചിരുന്നു (ലൂക്കാ 6:12-16).

പരിവർത്തനാത്മകമായ പ്രാർഥന കുടുംബാംഗങ്ങൾ അഭ്യസിക്കേണ്ട മൂല്യമാണ്. പ്രാർഥനയിലൂടെ ദൈവവുമായി സജീവബന്ധം പുലർത്തുന്നവർക്കു മാത്രമേ ധർമ്മനിഷ്ഠയോടെ ജീവിക്കുവാനും സാർവലൗകിക സ്നേഹം പരിശീലിക്കാനും കാരുണ്യം പ്രസരിപ്പിക്കാനും പരമാവധി സ്നേഹം അഭ്യസിക്കാനും സാധിക്കൂ. ഈ മൂല്യങ്ങളിലൂടെ യേശു ലോകത്തിന് പുതിയ കാഴ്ചപ്പാട് നൽകുന്നു. ഇതിൽ നിന്നുളവാകുന്ന നവജീവിതമാണ് അക്രമത്തിന്റെ സംസ്കാരത്തെ നീക്കിക്കളഞ്ഞ്, ജീവന്റെയും സ്നേഹത്തിന്റെയും സംസ്കാരം സ്ഥാപിക്കുന്നത്. 'പുതിയ തോൽക്കുടങ്ങളിൽ സംഭരിച്ചു വയ്ക്കുന്ന പുതിയ വീഞ്ഞാണ്'; യേശു ലോകത്തിനു നൽകിയ ഈ അഞ്ചു മൂല്യങ്ങൾ (ലൂക്കാ 5:37-39). എന്നാൽ, സുവിശേഷകൻ ഈ മുന്നറിയിപ്പു നൽകുന്നു: 'പഴയ വീഞ്ഞ് കുടിച്ച ഒരുവനും പുതിയത് ഇഷ്ടപ്പെടുകയില്ല. പഴയതാണു മെച്ചം എന്നല്ലേ പറയുന്നത്' (ലൂക്കാ 5:39).

അക്രമത്തിന്റെ സംസ്കാരത്തെ പോറ്റിവളർത്തുന്ന പഴയ മൂല്യങ്ങളിൽ തഴങ്ങിയവർക്ക് യേശു കൊണ്ടുവന്ന ജീവന്റെയും സ്നേഹത്തിന്റെയും പുതിയ സംസ്കാരത്തെ ഉൾക്കൊള്ളാനാവില്ല. പഴയതാണു മെച്ചം എന്നവർ പറഞ്ഞുകൊണ്ടിരിക്കും. 'സ്നേഹ'ത്തിന്റെ പുതുമ കൊണ്ടുവരാൻ യേശുവിന്റെ അനുയായികൾ, വിശിഷ്യാ കുടുംബാംഗങ്ങൾ, ഒരുമനസ്സോടെ പ്രവർത്തിക്കേണ്ട കാലഘട്ടമാണിത്.

○

EXIT

പുറം വാതിൽ



ജെ. മണക്കുന്നേൽ

# ദൈവവും, ദൈവദൂതരും!

“തനി തങ്കമാ അച്ചാ എന്റെ കുഞ്ഞ്. പത്തിൽ പഠിക്കുന്നെങ്കിലും ഒരു ചീത്ത സ്വഭാവവുമില്ല. മൂത്ത രണ്ടെണ്ണത്തിനെയും പോലല്ലാ... കൃപയുള്ള കൊച്ചാ... വചനമെടുത്ത് വായന തുടങ്ങിയാൽപ്പിന്നെ വലിയ വായിലേ വായിക്കൂ... വഴക്കുപറഞ്ഞ് നിർബന്ധിച്ചു മാത്രമേ നിർത്താനൊക്കൂ... കൈകൂപ്പി പ്രാർഥന തുടങ്ങിയാൽ സ്വർഗം താഴെയിറക്കിയേ പറ്റൂ എന്നാ വാശി.” പുത്രനെക്കുറിച്ച് ഇത്ര നല്ല കാര്യങ്ങൾ പറഞ്ഞ അമ്മയെ ഞാൻ അഭിനന്ദിച്ചു. “നല്ല അപ്പനമ്മമാരുടെ മക്കൾക്കേ ഇങ്ങനെയൊക്കെ ആകാനാകൂ!” എന്റെ അഭിനന്ദനത്തിൽ ആത്മഹർഷംകൊണ്ട അമ്മ ഇത്തിരി കഴിഞ്ഞപ്പോൾ കുനിഞ്ഞിരുന്നു കണ്ണീരൊഴുക്കുന്നു. ആനന്ദാശ്രു ആയിരിക്കുമെന്നാണ് ആദ്യമേ കരുതിയത്. കണ്ണും മൂക്കും തുടച്ചുകൊണ്ട് അവർ പറഞ്ഞു: “ഞാനെല്ലാം കർത്താവിനു കൊടുത്തിരിക്കുകയാ... എനിക്കറിയാവുന്ന ധ്യാനമന്ദിരങ്ങളിലും ബ്രദറന്മാരോടും പ്രാർഥനക്കാരോടുമൊക്കെ പറഞ്ഞുവച്ചിട്ടുണ്ട്. കർത്താവറിയാതെ ഒന്നും നടക്കില്ലല്ലോ... എല്ലാം മാറിക്കൊള്ളും; അച്ചനും പ്രാർഥിക്കണേ...”

കാര്യമറിയാതെ ഞാൻ കണ്ണുമിഴിച്ചു! അമ്മയാകട്ടെ രണ്ടു വാക്കിനിടയിൽ മൂന്ന് ‘ഹല്ലേലൂയാ’ വച്ചാണ് പറഞ്ഞുപോകുന്നത്. “കാര്യമറിയാതെ ഞാനെന്താണ് പ്രാർഥിക്കേണ്ടത്?” എന്റെ ചോദ്യത്തിനുത്തരം വന്നത് വായ് മൂടി ഏറെ ശബ്ദം താഴ്ത്തിയായിരുന്നു. “അച്ചാ, പതിനഞ്ചു വയസ്സായിട്ടും അവനിപ്പോൾ കിടന്നുമുള്ളും.” കുഞ്ഞുപ്രായത്തിലെ ശീലം ഇന്നും മാറാതെ തുടരുന്നുവത്രേ! മാത്രമല്ല, ഇപ്പോൾ രണ്ടുവർഷത്തോളമായി സ്കൂളിലൊന്നും നേരെ ചൊവ്വേ പോകുന്നില്ല; പള്ളിയിൽ പോക്കുമില്ല... പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോഴേ അറിയാതെ മൂത്രം പോകും, കൂട്ടത്തിൽ ചിലപ്പോൾ മലശോധനയും.

ആശുപത്രിയിലൊന്നും ഇതുവരെ കൊണ്ടുപോയില്ലേ എന്ന ചോദ്യത്തിന് “ഇല്ലാ... എന്തിന്? കർത്താവ് മാറ്റിക്കൊള്ളും” എന്നായിരുന്നു മറുപടി. വിദേശത്തുള്ള ഭർത്താവിനോടോ അടുത്തുള്ള ബന്ധുക്കളോടോ അയൽക്കാരോടുപോലുമോ അറിയിക്കാതെ, അകലെയുള്ള പ്രാർഥനക്കാരുടെ മാത്രം സഹായം തേടുന്ന ‘അതിതീവ്ര ആത്മീയത’യാണീ തള്ളയ്ക്ക്. നല്ല കുഴപ്പം ഇവർക്കുകൂടിയുണ്ടെന്ന് എനിക്കു മനസ്സിലായി. ഉടനടി ആശുപത്രിയിൽ കൊണ്ടുപോകുവാനും ഒരു മനഃശാസ്ത്രവിദഗ്ധന്റെ സഹായം തേടാനും ഈ സ്ത്രീയോടു പറഞ്ഞു സമ്മതിപ്പിക്കാൻ മണിക്കൂറൊന്നെടുത്തു! ഒടുവിൽ മനസ്സില്ലാമനസ്സോടെ അവർ സമ്മതിച്ചു. എന്റെ ഉന്തിന്റെ കൂടെ ഒരു തള്ളും കൂടെയാകട്ടെ എന്നു കരുതി ഞാൻ അവരുടെ വികാരിയച്ചനെയും വിവരമറിയിച്ചു. പയ്യനിപ്പോൾ ചികിത്സയിലാണ്; കൂടെ തള്ളയും...

“വൈദ്യന് അർഹമായ സ്ഥാനം നൽകുക; കർത്താവാണ് അവനെ നിയോഗിച്ചത്... വിജയം വൈദ്യന്റെ കൈകളിൽ സ്ഥിതിചെയ്യുന്ന ചില അവസരങ്ങളുണ്ട്” (പ്രഭാ. 38:12). ദൈവവിശ്വാസം വളരെ വലുതുതന്നെ. എന്നാൽ, അതിനൊപ്പം വിവേകവും വേണം. രണ്ടും പരിശുദ്ധാത്മദാനങ്ങളാണ്. ഭക്തിക്കും ദൈവസ്നേഹത്തിനുമൊപ്പം കേവലയുക്തിക്കും സ്ഥാനുമുണ്ട്. ‘പ്രാവിന്റെ നിഷ്കളങ്കതയ്ക്കൊപ്പം സർപ്പത്തിന്റെ വിവേകവും’കൂടി വേണം എന്ന് ഈശോ പറഞ്ഞുവല്ലോ. ചികിത്സയിലൂടെയും മരുന്നിലൂടെയും ദൈവംതന്നെയാണ് പ്രവർത്തിക്കുന്നത്. ശരീരത്തിന്റെ രോഗം പോലെതന്നെയാണ് മനസ്സിന്റെയും രോഗവും - രണ്ടിനും ചികിത്സ വേണം. ആത്മാവിന്റെ രോഗങ്ങൾക്കു കുമ്പസാരക്കൂട് എന്നപോലെ, ശാരീരിക-മാനസിക രോഗങ്ങൾക്ക് ദൈവം തരുന്ന കൂടാരമാണ് ആശുപത്രികൾ! വൈദ്യരാകട്ടെ ദൈവദൂതന്മാരും!

“നിന്നെയും, നിന്റെ മരുമകളെയും സുഖപ്പെടുത്തുവാൻ ദൈവം അയച്ച ദൂതനാണ് ഞാൻ. ഞാൻ റഫായേൽ! (ദൈവം സുഖപ്പെടുത്തും)” (തോബിത് 12:14).

○

Published by Fr. Jose Thekkepurathu • Owned by Family Apostolate, Pastoral Centre, Changanacherry • Phone: 0481 2424476 • Printed at St. Joseph Orphanage Press, Changanacherry
Chief Editor: Fr. Johnykutty Tharakunnel